# പരിശുദ്ധാത്മാവ്

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# പരിശുദ്ധാത്മാവ്

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : prof_yohannan@hotmail.com

Website : www.crfgospel.org

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

Cover Design

Swaminathan, Computer Park

●

Printing

Merin Graphics, Edappally, Kochi- 24

# അവതാരിക

ബഹു. യോഹന്നാൻ സാറ് രചിച്ച "പരിശുദ്ധാത്മാവ്" എന്ന ലളിതവും പ്രൗഢവുമായ മഹൽ ഗ്രന്ഥത്തിന് അവതാരിക എഴുതുവാൻ അവസരം ലഭിച്ചത് വലിയ ഒരു ദൈവാനുഗ്രഹവും ഭാഗ്യവും ആണ് എന്ന് ഞാൻ കരുതുന്നു. ഹൃദ്യമായ പന്ത്രണ്ടു പാഠങ്ങളിലൂടെ, പഴയ നിയമത്തിന്റെ ആരംഭം മുതൽ പുതിയ നിയമത്തിന്റെ അവസാനം വരെ പരിശുദ്ധാത്മാവിനെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ള ആശയങ്ങൾ, ആനുകാലിക ജീവിതത്തിൽ ഒരു വിശ്വാസി എങ്ങിനെ ഉൾക്കൊള്ളണം എന്ന് ഇതിൽ വിവരിച്ചിരിക്കുന്നു. സർവ്വശക്തനായ ദൈവവുമായി ആഴമേറിയ ആത്മബന്ധം പുലർത്തുന്നവർക്കേ ഇപ്രകാരമുള്ള ആശയങ്ങൾ വെളിപ്പെട്ടുവരുകയുള്ളൂ. സാറിന്റെ അപാരമായ ഭാഷാപാണ്ഡിത്യവും ലാളിത്യം തുളുമ്പുന്ന പദാവലികളും ഗ്രന്ഥത്തിലെ ആശയങ്ങളെ പരിപോഷിപ്പിച്ചിരിയ്ക്കുന്നു.

ബ. ജി. ജോൺ അച്ചൻ എഴുതിയ "പരിശുദ്ധ പിതാക്കന്മാരുടെ ത്രിത്വദർശന'ത്തിലും Paul Younggie Cho – യുടെ "Holy

Spirit, my senior Partner" എന്ന ഗ്രന്ഥത്തിലും Good Morning Holy Spirit എന്ന ഗ്രന്ഥമെഴുതിയ Benny Hinn – ന്റെ "Welcome, Holy Spirit" എന്ന ഗ്രന്ഥത്തിലും, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളും മനുഷ്യജീവിതത്തെ പരിശുദ്ധാത്മാവ് സ്വാധീനിക്കുന്ന വിധങ്ങളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ഗ്രന്ഥം വായിച്ച് ധ്യാനിക്കുമ്പോൾ, ആത്മപരിശോധനയിലൂടെ ആത്മാവിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുവാനുള്ള ആഹ്വാനമാണ് ലഭ്യമാകുന്നത്.

1987 ൽ വിടുതൽ പ്രസ്ഥാനത്തിൽ നിന്നും വിരമിച്ചതിനു ശേഷം യോഹന്നാൻ സാർ പ്രസിഡന്റായി ആരംഭിച്ച ഒരു നിർമ്മല സുവിശേഷ സംഘടനയാണ് Christian Revival Fellowship. കേരളത്തിലും ഇന്ത്യയിലും മാത്രമല്ല ലോകത്തിന്റെ നാനാഭാഗങ്ങളിലും എണ്ണമറ്റ ആത്മീയ ജീവിതാനുഭവമുള്ള സാക്ഷികളുടെ ഒരു സമൂഹമായി ഇന്ന് സിആർ എഫ് വളർന്നു കഴിഞ്ഞു. ദൃശ്യ, ശ്രാവ്യ, പ്രസിദ്ധീകരണ മാദ്ധ്യമങ്ങളിലൂടെ യേശുക്രിസ്തുവിന്റെ ജീവനുള്ള സുവിശേഷം ജാതിമതസമുദായ ഭേദമെന്യേ മാനവഹൃദയങ്ങൾ ഇന്ന് ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്.

മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരംഗമായ യോഹന്നാൻ സാറിനെപോലെ, സ്വന്തം സഭയിലും ഇടവകയിലും ഉറച്ചു നിന്നുകൊണ്ട്, സഭയുടെ മൂല്യങ്ങളും ആചാരാനുഷ്ഠാനങ്ങളും ആത്മാർത്ഥമായി പാലിച്ചുകൊണ്ട്, ഏറ്റവും എരിവോടെ ലോകവ്യാപകമായി സുവിശേഷവേല ചെയ്യുന്ന മറ്റാരെങ്കിലും ഉള്ളതായി അറിവില്ല. കോലഞ്ചേരിയിൽ വർഷം തോറും നടത്തുന്ന സെൻട്രൽ കൺവെൻഷനും സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നടത്തിക്കൊണ്ടിരിയ്ക്കുന്ന സുവിശേഷ യോഗങ്ങൾ, ബൈബിൾ ക്ലാസ്സുകൾ എന്നിവയിലും അമേരിക്കയിലും, ഗൾഫ് രാജ്യങ്ങളിലും സാറിന്റെ

സുവിശേഷ പരിപാടികൾക്ക്, ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും, പരപ്രേരണ കൂടാതെ ഒത്തുചേരുന്ന ജനമഹാസമുദ്രം തന്നെയാണ് ഇതിന്റെ തെളിവ്.

ആധുനിക ലോകത്തിന്റെ യാന്ത്രികവളർച്ചയിൽ ലക്ഷ്യമില്ലാതെ കുതിച്ചുകൊണ്ടിരിയ്ക്കുന്ന സാധാരണക്കാർ നേരിടുന്ന നൂറു നൂറു നീറുന്ന പ്രശ്നങ്ങൾക്ക്, സാധാരണക്കാരിൽ സാധാരണക്കാരനായ ബ. യോഹന്നാൻ സാറും, ഫെല്ലോഷിപ്പിലെ സഹോദരങ്ങളും പോംവഴിയും പരിഹാരങ്ങളും നിർദ്ദേശിയ്ക്കുന്നു. തങ്ങൾ അനുഷ്ഠിച്ചു പോരുന്ന സഭാജീവിതത്തിന്റെ ആഴത്തിലേക്കിറങ്ങി, ദൈവകൃപയെ രുചിച്ചറിയുവാനുള്ള ആഹ്വാനമല്ലാതെ, അതിൽ നിന്നു വ്യതിചലിച്ച് പുതിയ സഭയോ, സമുദായമോ സ്ഥാപിക്കുവാനുള്ള യാതൊരു പ്രേരണയും ഇതിലില്ല എന്നത് എനിക്ക് നല്ല ബോദ്ധ്യമുള്ള ഒരു വസ്തുതയാണ്. അതിനാൽ യാതൊരു സഭാവിഭാഗത്തിനും ഈ പ്രവാഹത്തെ തടഞ്ഞു നിർത്താനാവില്ല, അതിന്റെ ആവശ്യവും ഇല്ല.

മഹാപണ്ഡിതനായ ഡോ. പൗലൊസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ജീവിതം സമർപ്പിച്ചിരിക്കുന്ന ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, ആത്മീയ ജീവിതത്തിന് അടുക്കം ചിട്ടയും പഠിപ്പിച്ച മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ, മധുരപ്രഭാഷണം കൊണ്ടും, ശ്രുതിമധുരമായ ആരാധനകൊണ്ടും ഹൃദയങ്ങളെ കോരിത്തരിപ്പിക്കുന്ന ബ. ടി.ജെ. ജോഷ്വാ അച്ചൻ എന്നിവർ എന്റെ വന്ദ്യ ഗുരുഭൂതരാണ്. അതിലുപരി എന്റെ വന്ദ്യമാതാവിൽ നിന്ന് സഭാജീവിതത്തെക്കുറിച്ചും വിശ്വാസപാഠങ്ങളുടെ മഹിമയെക്കുറിച്ചും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

പന്ത്രണ്ടുവർഷങ്ങളിലധികമായി ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ സുവിശേഷ പദ്ധതികളിൽ കുടുംബസമേതം സംബന്ധിക്കുന്ന എനിക്ക് എന്റെ വന്ദ്യ ഗുരുഭൂതന്മാരിൽ നിന്നും ഞാൻ പഠിച്ചിട്ടുള്ളതിനു വിരുദ്ധമായി ഒരു വാക്കുപോലും യോഹന്നാൻ സാറിന്റെ പ്രഭാഷണങ്ങളിലോ ജീവിതശൈലിയിലോ കാണാനും കേൾക്കാനും കഴിഞ്ഞിട്ടില്ല. എന്റെ എളിയ ഇടവക ശുശ്രൂഷയെയും കുടുംബജീവിതത്തെയും സാറിന്റെ പ്രസംഗങ്ങളും പ്രവർത്തനങ്ങളും വളരെയേറെ സ്വാധീനിച്ചിട്ടുണ്ട് എന്നതും അഭിമാനപൂർവ്വം പറയുവാൻ കഴിയും.

എന്റെ ഇടവകകളിൽ സിആർഎഫിന്റെ സുവിശേഷ പരിപാടികൾക്ക് ക്രമമായി സംബന്ധിക്കുന്ന അംഗങ്ങൾ ഉണ്ട്. പള്ളിയിലെ ആരാധനയ്ക്കും. ആത്മീയ പ്രവർത്തനങ്ങൾക്കും, ദിവ്യബോധന പഠന ക്ലാസ്സുകൾക്കും മറ്റും അവരുടെ പങ്കാളിത്തം ശ്രദ്ധേയമാണ്. ഞായറാഴ്ചകളിലെ യോഗങ്ങൾക്ക് അവർ പോകുന്നതു തന്നെ വിശുദ്ധ കുർബ്ബാനയ്ക്കു ശേഷമാണ്.

മനസ്സു തുറന്നുള്ള കുമ്പസാരവും വി. കുർബ്ബാനയുടെ പ്രധാന്യവും, ഇടവക തലത്തിലുള്ള ആത്മീയ പ്രവർത്തനങ്ങൾക്ക് നൽകേണ്ട കൈത്താങ്ങലും, അർത്ഥമറിഞ്ഞ് ആരാധന അനുഭവമാക്കുന്നതിനുള്ള ശിക്ഷണവുമാണ് കൂട്ടായ്മയിൽ നിന്നും ലഭിക്കുന്നത് എന്നതാണ് സത്യം. അതുകൊണ്ടു തന്നെ, നാമമാത്ര ക്രിസ്ത്യാനികളായി പള്ളി കാര്യങ്ങളിൽ സഹകരിക്കുകയും, മദ്യപാനത്തിലും, മറ്റു ദുർമാർഗ്ഗത്തിലും ജീവിതം നയിക്കുകയും ചെയ്തുപോന്ന പലരും, ഇന്ന് യഥാർത്ഥ ഭക്തി ജീവിതത്തിന്റെ ഉടമകളും സമാധാന ജീവിതം നയിക്കുന്നവരുമായി മാറുവാൻ സാറിന്റെ പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്.

വിശ്വ പ്രസിദ്ധ സാഹിത്യകാരനായ Loyd C. Douglass എഴുതിയ, "The Robe" എന്ന ഹൃദയസ്പർശിയായ നോവലിലെ പ്രധാനകഥാപാത്രങ്ങളാണ് റോമൻ പട്ടാളക്കാരനായ മാൾസലസ് ലൂക്കൻ ഗാലിയോയും അദ്ദേഹത്തിന്റെ കാമുകിയായ ഡയാനയും. യേശുക്രിസ്തുവിനെ ക്രൂശിൽ തറയ്ക്കുവാനുള്ള വിധി മാൾസലസിന്റെ മേൽ വന്നു വീണു. കർത്താവിന്റെ മേലങ്കി ക്രൂശീകരണത്തിനുശേഷം അയാൾ അവഹേളനാപരമായി ശരീരത്തിൽ അണിഞ്ഞു. അതോടെ മനസ്സിന്റെ സമനിലതെറ്റി. പിന്നീട് അനുതപിച്ച് അതേ മേലങ്കിയിൽ നിന്നു തന്നെ ആത്മസൗഖ്യവും, ആന്തരീകശാന്തിയും നേടി. തുടർന്നൊരു സുവിശേഷകനായി, സാക്ഷിമരണം, പ്രാപിച്ചു. ക്രിസ്തുവിനെ കുറിച്ചുള്ള അന്വേഷണ വേളയിൽ 'കാനാ' എന്ന ഒരു കൊച്ചുഗ്രാമത്തിലെ ജനങ്ങളുടെ ഹൃദയങ്ങളിൽ ക്രിസ്തു വരുത്തിയ മാറ്റം മനസ്സിലാക്കുവാനിടയായി. വലിയൊരു രൂപാന്തരത്തിന്റെ അനുഭവം! പരിശുദ്ധനായ പത്രോസ് ശ്ലീഹായും, ആദിമസഭയിലെ നിഷ്കളങ്കരായ ഒട്ടുവളരെ വിശ്വാസികളും, രക്തസാക്ഷികളുടെ കടിഞ്ഞൂലായ സ്തേഫാനോസും മറ്റും ഈ നോവലിലെ മികവുറ്റ കഥാപാത്രങ്ങളാണ്. Christian Revival Fellowship നെ അടുത്തറിയുമ്പോൾ, കാനായിലെ പരിവർത്തന വിധേയരായ ജനതയെയാണ് ഞാൻ കാണുന്നത്. അതിന്റെ കാരണം ഈ ഫെല്ലോഷിപ്പിന്റെ യഥാർത്ഥ നായകൻ ജീവിക്കുന്നവനായ യേശുക്രിസ്തുവാണ് എന്നതാണ് സാറിന്റെ ഓരോ പ്രസംഗവും ജീവിക്കുന്ന ക്രിസ്തുവിനെ ഉയർത്തുന്നതാണ്.

എപ്പിസ്കോപ്പൽ സഭകളിൽ വർഷംതോറും കൊണ്ടാടുന്ന പെന്തിക്കൊസ്തി പെരുന്നാൾ, ദീർഘമായ ശുശ്രൂഷയും ആവർത്തന വിരസതയും കൊണ്ട്, പലർക്കും ആസ്വാദ്യകരമാകാറില്ല. സ്വർഗ്ഗാരോഹണ പെരുന്നാൾ മുതൽ പെന്തി

ക്കോസ്തി വരെയുള്ള ദിവസങ്ങൾ കാത്തിരിപ്പിന്റെ നാളുകളാണ്.

"പരിശുദ്ധാത്മാവ്" എന്ന ഈ ഗ്രന്ഥം പ്രസ്തുതനാളുകളിൽ ഒരു ഗൃഹപാഠം പോലെ വായിച്ച്, ധ്യാനിച്ച്, ആത്മപരിശോധന നടത്തുന്നത് പ്രയോജനകരമാണ്. ആത്മാവിൽ പുതുക്കം നൽകുന്ന പെന്തിക്കൊസ്തി പെരുനാൾ അർത്ഥവും അനുഭവവും ഉള്ളതാക്കുന്നതിന്, സഭാപിതാക്കന്മാരും വൈദികരും വിശ്വാസികളെ ഉദ്ബോധിപ്പിക്കണമെ എന്ന അപേക്ഷയോടെ, ഈ സത്ഗ്രന്ഥം പരിശുദ്ധാത്മാവിന്റെ പ്രചോദനം അഭിലഷിക്കുന്നവർക്കായി സമർപ്പിക്കുന്നു.

ഇതുപോലെയുള്ള അനേകം കൃതികൾ ബ. യോഹന്നാൻ സാറിൽ നിന്ന് ഇനിയും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

കെ. റ്റി. ഫിലിപ്പച്ചൻ

സെന്റ്. തോമസ് ഡേ. 2003

മുളന്തുരുത്തി

# ആമുഖം

വടക്കൻ വിയറ്റ്നാമിലെ യുദ്ധത്തിൽ തടവുകാരനായ ഒരു അമേരിക്കൻ പടയാളിയായിരുന്നു യെറമിയ ഡെന്റൺ. ഏഴു വർഷം അദ്ദേഹം ജയിലറയിൽ കിടന്നു. മിക്കവാറും ഏകാകിയായിത്തന്നെ. അമേരിക്കയുടെ വളരെ ഉയർന്ന റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനായിരുന്നതുകൊണ്ട് അദ്ദേഹത്തിന് കൊടിയ പീഡനകളും മർദ്ദനങ്ങളും ഏൽക്കേണ്ടി വന്നു. പക്ഷേ അവയിലൊന്നും അദ്ദേഹം തളർന്നില്ല. ധൈര്യവും മനസ്ഥൈര്യവും കൈവിട്ടുമില്ല. അദ്ദേഹം അമേരിക്കയിൽ തിരിച്ചെത്തി, താമസിയാതെ യുണൈറ്റഡ് സ്റ്റേറ്റ്സ് സെനറ്റിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

തെല്ലും തളരാതെ നല്ല ഉയിരോടും കരുത്തോടും കൂടെ നിൽക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞതെങ്ങനെയെന്ന് പിൽക്കാലത്ത് അദ്ദേഹം പറയുകയുണ്ടായി.

“One of my basic survival skills was quoting passages, I had memorized from the Bible. Internalized scriptures

were my sword to defend myself against the cruelest weapons, the enemy could use. I used them to build a wall of protection around myself. Memorized scriptures literally became my prayers.”

“എന്റെ നിലനിൽപ്പിന്റെ മികവിനുള്ള അടിസ്ഥാനം ഞാൻ വേദപുസ്തകത്തിലെ തിരുവചനങ്ങൾ കാണാതെ പഠിച്ചിരുന്നു എന്നതാണ്. ശത്രുവായ പൈശാചികന് ഉപയോഗിക്കാൻ കഴിയുന്ന ഏറ്റവും ക്രൂരമായ ആയുധങ്ങൾക്കെതിരായി പ്രതിരോധിക്കുവാൻ പോന്ന വാളായിരുന്നു ഞാൻ ഹൃദിസ്ഥമാക്കിയിരുന്ന ദൈവവചനം. എനിക്കു ചുറ്റും സംരക്ഷണത്തിന്റെ ഒരു മതിൽ എന്ന വണ്ണം ഞാൻ അതിനെ ഉപയോഗിച്ചു. ഓർമ്മയിൽ നിന്ന് ഉരുവിടുന്ന വേദവാക്യങ്ങൾ അക്ഷരികമായും എന്റെ പ്രാർത്ഥനകളായിരുന്നു.”

പലവട്ടം വായിച്ച് ഹൃദയത്തിൽ കാണാതെ പഠിച്ചതുപോലെ ഓർമ്മയിൽ വെച്ചിരുന്ന വചനം ജീവിത വിജയത്തിനുള്ള പാത തുറന്നു എന്നാണ് ആ മഹദ് വ്യക്തിയുടെ അനുഭവസാക്ഷ്യം. ദൈവവചനത്തിന്റെ ഈ അപരിമേയശക്തിയുടെ ധന്യത. അനുഭവിക്കുന്നതുകൊണ്ടാണ് ഞാനും ഇന്ന് ഏറെ സമാധാനത്തോടെ ജീവിക്കുന്നത്.

അത്ഭുതാവഹമായ തിരുവചനശക്തി മനുഷ്യ ജീവിതത്തിന് പ്രയോജനപ്പെടുമെന്ന് മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്തപ്പോളാണ് വചനാധിഷ്ഠിതമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ടായത്. അനേകമനേകം ആളുകളുടെ ജീവിതത്തിൽ പ്രയോജനകരമായ പരിവർത്തനവും മനശ്ശാന്തിയും ലഭിക്കുന്നതിന് ഉതകണമെന്ന ലക്ഷ്യത്തോടെയാണ് ഞാൻ ഗ്രന്ഥ രചന നിർവ്വഹിച്ചിട്ടുള്ളത്.

ഇതിനകം ഇരുപത്തൊന്നു പുസ്തകങ്ങൾ പ്രസിദ്ധീക രിച്ചു പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഒരു ധ്യാനാത്മക, പ്രായോഗിക പഠനമാണ് ഈ ഗ്രന്ഥത്തിലുള്ളത്. പാണ്ഡിത്യ ത്തിനും പഠനത്തിനുമെന്നതിനെക്കാൾ പ്രായോഗിക ജീവിത തലത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സാധിതമാകു ന്നതിനുള്ള ഉത്തേജനം ലഭിക്കുക എന്ന ലക്ഷ്യമാണ് ഇതിന്റെ രചനയുടെ പിന്നിലുള്ളത്.

വളരെ വിജ്ഞേയവും അനുഭവസാരസ്യം തുളുമ്പുന്നതു മായ ഒരു നല്ല അവതാരിക എഴുതിത്തന്ന ബ. കെ. റ്റി. ഫിലിപ്പച്ചനോടുള്ള എന്റെ കടപ്പാട് നിസ്സീമമാണ്. ബ. ഫിലി പ്പച്ചൻ പാലാരിവട്ടം പള്ളിയിലും തേവരപ്പള്ളിയിലും ആമ്പ ല്ലൂർ പള്ളിയിലും വികാരിയായി സേവനമനുഷ്ഠിച്ചപ്പോൾ വചന ശുശ്രൂഷയ്ക്ക് എന്നെ ക്ഷണിക്കുകയും അവസരമൊ രുക്കുകയും ചെയ്തതെല്ലാം ഞാൻ നന്ദിപൂർവ്വം അനുസ്മ രിക്കുന്നു. നിഷ്കളങ്കത്വത്തിന്റെയും നിർഭയത്വത്തിന്റെയും പ്രതീകമായി ശോഭിക്കുന്ന ബ. അച്ചൻ എന്റെ ആത്മീയ പ്രവർത്തനങ്ങൾക്ക് നൽകുന്ന സഹായസഹകരണങ്ങളെ കൃത ജ്ഞതാ നിർഭരമായ ഹൃദയത്തോടെയാണ് ഞാനോർക്കുന്ന ത്.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫ് റീഡിംഗ്, പ്രിന്റിംഗ്, കവർ ഡിസൈനിംഗ് മുതലായ വിവിധ രംഗങ്ങളിൽ നിസ്വാർത്ഥ മായി സേവനമനുഷ്ഠിച്ച എന്റെ ബഹുമാന്യ സഹോദര ങ്ങൾ പലരുമുണ്ട്. അവരിൽ ശ്രീ. എ.ജെ. അബി (മുൻ ജന റൽ മാനേജർ റ്റി.സി.എം, കളമശ്ശേരി), ശ്രീ. മാത്യൂസ് (അ ക്കൗണ്ട്സ് ഓഫീസർ, ടെലികോം, എറണാകുളം) എന്നിവരെ ക്കുറിച്ച് ഒന്ന് പരാമർശിക്കാതെ എനിക്ക് ഈ ആമുഖക്കു റിപ്പുകൾ അവസാനിപ്പിക്കാൻ സാധിക്കുന്നില്ല. ഈ സുമന സ്സുകൾക്ക് എന്റെ സന്തോഷത്തിന്റെയും വാത്സല്യത്തിന്റെയും

കുളിർമ പകരുന്ന കൃതജ്ഞതാഞ്ജലി.

മറ്റെല്ലാ ഗ്രന്ഥങ്ങളും പോലെ ഇതും അനേകരുടെ ജീവിതത്തിൽ ചിരസ്ഥായിയായ സദ്ഫലങ്ങൾ വിളയിക്കട്ടെ എന്നാശംസിച്ചുകൊണ്ട് ഞാനിവിടെ നിറുത്തട്ടെ.

നിങ്ങളെല്ലാവരുടെയും
എളിയ സഹോദരൻ
എം. വൈ. യോഹന്നാൻ

# ഒന്ന്

ദൈവം ത്രീയേക ദൈവമാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും അടങ്ങിയിരിക്കുന്ന നിത്യപരിശുദ്ധനാണ് ദൈവം.

സൂര്യന് വെളിച്ചമുണ്ട്. സൂര്യന് രശ്മികളുണ്ട്. സൂര്യന് ചൂടുണ്ട്. സൂര്യൻ വെളിച്ചമാണ്, സൂര്യൻ കിരണമാണ്, സൂര്യൻ താപവുമാണ്. ഇവ പരസ്പരം അകന്നിരിക്കുന്നവയല്ല. വെളിച്ചത്തിൽ രശ്മിയും ചൂടുമുണ്ട്. രശ്മിയിൽ വെളിച്ചവും ചൂടുമുണ്ട്. സൂര്യതാപത്തിൽ രശ്മിയും വെളിച്ചവുമുണ്ട്.

ഇത് കേവലം ഒരു ഉദാഹരണം മാത്രം. സൂര്യനിലെ വെളിച്ചം, രശ്മി, താപം എന്നിവ സൂര്യൻ തന്നെ ആയിരിക്കുന്നതുപോലെ നിത്യനായ ദൈവം ത്രിത്വത്തിൽ ഏകത്വമാണ്, ഏകത്വത്തിൽ ത്രിത്വമാണ്.

ദൈവത്തിന്റെ ശത്രുവായ സാത്താനുമുണ്ട് ത്രിത്വം. സാത്താൻ, അന്തിക്രിസ്തു (എതിർ ക്രിസ്തു – Antichrist)

കള്ളപ്രവാചകൻ എന്നിങ്ങനെയാണ് സാത്താന്യ ത്രിത്വം. ദൈവത്തിന്റെ ആത്മാവ് പരിശുദ്ധാത്മാവ്, സാത്താന്റെ ആത്മാവ് ദുരാത്മാവ്.

ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിനെ അനേകം പ്രതിരൂപങ്ങളായി (Symbols) തിരുവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു.

> "ഒന്നാമത്, പരിശുദ്ധ്മാവ് തൈലമാണ്. നീ നീതിയെ ഇഷ്ടപ്പെട്ട് ദുഷ്ടതയെ ദ്വേഷിക്കുന്നു, അതുകൊണ്ട് ദൈവം, നിന്റെ ദൈവം തന്നെ, നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദ തൈലം കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു."
>
> സങ്കീ. 45 : 7, എബ്രാ. 1 : 9

രണ്ടാമത്, പരിശുദ്ധാത്മാവിന്റെ പ്രതീകം വെള്ളമാണ്.

> "ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട്, ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു. അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്."
>
> യോഹ 7 : 37 – 39

പരിശുദ്ധാത്മാവിന്റെ മൂന്നാമത്തെ പ്രതീകം കാറ്റാണ്.

> "കാറ്റ് ഇഷ്ടമുള്ളേടത്ത് ഊതുന്നു, അതിന്റെ ശബ്ദം നീ കേൾക്കുന്നു, എങ്കിലും അത് എവിടെ നിന്ന് വരുന്നു എന്നും എവിടേക്കു പോകുന്നു

എന്നും അറിയുന്നില്ല. അത്മാവിനാൽ ജനിച്ചവ നെല്ലാം അതുപോലെ ആകുന്നു." യോഹ 3 : 8

"പെന്തക്കൊസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്ന് ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നി രുന്ന വീട് മുഴുവനും നിറച്ചു."

അപ്പോ. പ്രവൃ 2 : 1 – 2

നാലാമതായി, പരിശുദ്ധാത്മാവിന്റെ പ്രതീകം അഗ്നിയാണ്

"അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവു കൾ അവർക്കു പ്രത്യക്ഷമായി, അവരിൽ ഓരോ രുത്തന്റെ മേൽ പതിഞ്ഞു."

അപ്പോ. പ്രവൃ. 2 : 3

അഞ്ചാമതായി, പ്രാവ് പരിശുദ്ധാത്മാവിന്റെ പ്രതീകമായി തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു.

"അപ്പോൾ സ്വർഗ്ഗം തുറന്ന് ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നത് അവൻ കണ്ടു." മത്തായി 3 : 16

"യോഹന്നാൻ പിന്നെയും സാക്ഷ്യം പറഞ്ഞ ത്. ആത്മാവ് ഒരു പ്രാവ് പോലെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരുന്നത് ഞാൻ കണ്ടു, അത് അവന്റെ മേൽ വസിച്ചു. ഞാനോ അവനെ അറി ഞ്ഞില്ല. ആരുടെ മേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശു ദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകു ന്നു." യോഹ 1 : 32 – 33

ആറാമതായി, പരിശുദ്ധാത്മാവിന്റെ പ്രതീകമാണ് മുദ്ര.

> "നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവ നിൽ വിശ്വസിക്കുകയും ചെയ്തിട്ട്, തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വ ത്തിന്റെ പുകഴ്ച്ചക്കായിട്ട് നമ്മുടെ അവകാശ ത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശു ദ്ധ്മാവിനാൽ മുദ്രയിട്ടിരിക്കുന്നു."
>
> എഫെസ്യ. 1 : 13 – 14

> "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പി ക്കരുത്. അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പു നാളിന്നായി മുദ്രയിട്ടിരിക്കുന്നത്." എഫെ. 4 : 30

ഏഴാമതായി, ആത്മാവിന്റെ പ്രതീകം അച്ചാരമാണ് (Ear- nest)

> "അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്ത ത്തിൻ പരിശുദ്ധാത്മാവ്." എഫെ 1 : 14

> "അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കു ന്നു." 2 കോരി 1 : 22

ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു പോയതിനുശേഷം പരിശുദ്ധാത്മാവിനെ അയയ്ക്കും എന്നത് കർത്താവിന്റെ വാഗ്ദത്തമായിരുന്നു.

ക്രൂശിലേക്കു പോകുന്നതിനു മുമ്പുള്ള തന്റെ ഒടുവി ലത്തെ പ്രസംഗത്തിൽ കർത്താവ് തന്റെ ശിഷ്യന്മാർ പതി നൊന്നു പേരോടുമായി പറഞ്ഞു.

“ഞാൻ നിങ്ങളോട് സത്യം പറയുന്നു. ഞാൻ പോകുന്നത് നിങ്ങൾക്കു പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല, ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും.”
യോഹ 16 : 7 – 8

“നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും, അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്കു തരും.” യോഹ. 14 : 1 5 – 16

“പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധ്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് ഫറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും.” യോഹ 14 : 26

“ഞാൻ പിതാവിന്റെ അടുക്കൽ നിന്നു നിങ്ങൾക്കു അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും.” യോഹ 15 : 26

“സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ

കേൾക്കുന്നതു സംസാരിക്കുകയും വരുവാനു ള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചു തരുന്നതു കൊണ്ട് എന്നെ മഹത്വപ്പെടുത്തും." യോഹ 16 : 13 – 14

"നിങ്ങൾ യെരുശലേമിൽ നിന്നു വാങ്ങിപ്പോ കാതെ എന്നോടുകേട്ട പിതാവിന്റെ വാഗ്ദത്തത്തി നായി കാത്തിരിക്കേണം.... നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയും മുമ്പെ പരിശുദ്ധാത്മാവു കൊണ്ട് സ്നാനം ലഭിക്കും."

അപ്പോ. പ്രവൃ. 1 : 4 – 5

"പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂ ദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും."

അപ്പോ. പ്രവൃ. 1 : 8

ഈ തിരുവെഴുത്തുകളിൽ നിന്നു നമുക്കു മനസ്സിലാകുന്ന തെന്തെല്ലാമാണ്?

പരിശുദ്ധാത്മാവ് കാര്യസ്ഥനാണ്. കാര്യസ്ഥൻ എന്നു മല യാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്ന പദം ഇംഗ്ലീഷിൽ Comforter എന്നാണ്. ഗ്രീക്കു ഭാഷയിൽ Paraceletos എന്നാ ണ്. ഈ പദം പുതിയ നിയമത്തിൽ യോഹന്നാന്റെ സുവി ശേഷത്തിൽ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. ആശ്വാസ പ്രദൻ എന്നാണതിന്റെ അർത്ഥം.

കർത്താവായ യേശുക്രിസ്തു നമുക്ക് സ്വർഗ്ഗത്തിൽ ആശ്വാസ പ്രദനായി ജീവിക്കുന്നു. (Paraceletos) പരിശുദ്ധാ

ത്മാവ് ഭൂമിയിൽ നമുക്ക് ആശ്വാസപ്രദനായി നമ്മോടു കൂടെ ഇരിക്കുന്നു.

യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ പരിശുദ്ധാത്മാവിനെ കാര്യസ്ഥൻ എന്നു പറഞ്ഞിട്ടുണ്ട്. പക്ഷേ അവിടെ ഇംഗ്ലീഷിൽ Advocate എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്കിൽ അവിടെയും Paraceletos എന്നാണ് പ്രയോഗിച്ചിരിക്കുന്നത്.

> "ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്."
>
> 1 യോഹ 2 : 1

പരിശുദ്ധാത്മാവ് ആശ്വാസദായകനാണ്. നീറുന്ന ഹൃദയങ്ങൾക്ക് ആശ്വാസമരുളുന്നവനാണ്. മനം നൊന്ത്, അകം നീറി, ഉള്ളുരുകി നാം വലയുമ്പോൾ ആശ്വാസത്തിന്റെ മധുരവചനമായി നമ്മെ സന്ദർശിക്കുന്നവനാണ് പരിശുദ്ധാത്മാവ്.

പ്രിയ സഹോദരാ, മാന്യസഹോദരീ, നീ മനംപതറി, ഭാരത്തോടിരിക്കയാണോ? മുന്നോട്ടുള്ള വഴിയെല്ലാം അടഞ്ഞ് ഗതിമുട്ടി നീ വലയുകയാണോ? ഒരു ചുവടു വയ്ക്കുവാൻ പോലും പഴുതു കാണാതെ, മുള്ളു നിറഞ്ഞ പാതയിലൂടെ ക്ലേശിച്ച് നീ പോവുകയാണോ.

പ്രിയ പൈതലേ, നിന്നെ കാണുന്ന ദൈവം, ആശ്വാസപ്രദനായി നിന്നോടു ചേർന്ന് നടക്കുന്നു എന്ന് നീ വിശ്വസിക്കൂ.

തിരുവചനം എന്തു പറയുന്നു?

> "കർത്താവ് നിങ്ങൾക്ക് കഷ്ടത്തിന്റെ അപ്പവും

ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവ് മറഞ്ഞിരിക്കയില്ല. നിന്റെ കണ്ണ് നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ വഴി ഇതാകുന്നു ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പിറകിൽ നിന്നു കേൾക്കും."
യെശ. 30 : 20 – 21

സങ്കീർത്തനത്തിൽ നാം വായിക്കുന്നു.

"ഞാൻ നിന്നെ ഉപദേശിച്ച് നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും, ഞാൻ നിന്റെ മേൽ ദൃഷ്ടിവെച്ച് നിനക്ക് ആലോചന പറഞ്ഞു തരും."
സങ്കീ. 32 : 8

"നിന്റെ ആലോചനയാൽ നീ എന്നെ നടത്തും, പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും."
സങ്കീ. 73 : 24

സങ്കീർത്തനക്കാരനായ ദാവീദ് ഒരിക്കൽ പ്രാർത്ഥിച്ചു.

"യഹോവേ, എന്റെ ശത്രുക്കളുടെ കൈയിൽ നിന്ന് എന്നെ വിടുവിക്കേണമേ, നിന്റെ അടുക്കൽ ഞാൻ മറവിന്നായി വരുന്നു. നിന്റെ ഇഷ്ടം ചെയ്യാൻ എന്നെ പഠിപ്പിക്കേണമേ. നീ എന്റെ ദൈവമാകുന്നുവല്ലോ, നിന്റെ നല്ല ആത്മാവ് നേർന്നിലത്തിൽ എന്നെ നടത്തുമാറാകട്ടെ."
സങ്കീ. 143 : 9 – 10

ഒന്നാമതായി, പരിശുദ്ധാത്മാവ് ആശ്വാസപ്രദനാണ്, ആശ്വാസദാതാവാണ്. Comfoter.

രണ്ടാമതായി, പരിശുദ്ധാത്മാവ് നമ്മെ ശരിയായ പാത യിൽ നടത്തുന്നവനാണ്, ദിവ്യ നടത്തിപ്പുകാരനാണ്. Guide.

മൂന്നാമതായി, പരിശുദ്ധാത്മാവ് നമ്മുടെ കാര്യം അന്വേ ഷിക്കുന്നവനാണ്. ആണ്. Advocate നമുക്കുവേണ്ടി എല്ലാം നിർവ്വഹിക്കുന്നവനാണ്.

> "അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ച പേക്ഷിക്കുന്നു, എനിക്കുവേണ്ടി സകലവും നിർവ്വ ഹിക്കുന്ന ദൈവത്തെ തന്നേ." സങ്കീ. 57 : 2

പ്രിയസ്നേഹിതാ, പരിശുദ്ധാത്മാവ് നിനക്കുവേണ്ടി ശത്രു വിനോട് വാദിക്കുന്നു എന്ന് നീ അറിയുന്നുവോ? നിന്റെ കാര്യം നോക്കാൻ, നിനക്കുവേണ്ടി വ്യവഹാരം നടത്താൻ, പരിശുദ്ധാത്മാവ് വാത്സല്യവായ്പോടെ നിന്റെ അരികത്ത് നിൽക്കുന്നു എന്ന് നീ വിശ്വസിക്കുന്നുവോ?

നാലാമതായി, പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതയിൽ തുണനിൽക്കുന്നു (Helper)

> "അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീ നതയ്ക്ക് തുണ നിൽക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ല ല്ലോ. ആത്മാവ് തന്നേ ഉച്ചരിച്ചുകൂടാത്ത ഞരക്ക ങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യു ന്നു." റോമർ 8 : 26

അഞ്ചാമതായി, പരിശുദ്ധാത്മാവ് ശക്തി നൽകും.

അപ്പോ. പ്രവൃ 1 : 8

ബലഹീനതകൾ മാറ്റുവാനും ക്ഷീണങ്ങൾ അകറ്റുവാനുംപരി ശുദ്ധാത്മാവ് പ്രവർത്തിക്കും. പോരായ്മകൾ നികത്തിത്ത

രും.

ആറാമതായി, പരിശുദ്ധാത്മാവ് നമ്മെ ജീവിക്കുന്ന സാക്ഷികൾ ആക്കും. അപ്പോസ്തല പ്രവൃത്തി 1 : 8 ൽ നാം കാണുന്നു.

പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തിലഭിച്ചിട്ട് യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും.

സത്യസാക്ഷ്യത്തിനുള്ള കൃപ തരുന്നത് പരിശുദ്ധാത്മാവാണ്.

ഏഴാമതായി, പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തുന്നു. സകല സത്യത്തിലും വഴി നടത്തുന്നു. ആശ്വാസപ്രദനായി കൂടെയിരുന്ന് വഴി നടത്തുന്നു.

ഒരു ദൈവദാസൻ ഒരിക്കൽ ഒരു സ്വപ്നം കണ്ടു, കർത്താവിനോടു കൂടി ഒരു സമുദ്രതീരത്തുകൂടി നടക്കുന്നതായിട്ടാണ് സ്വപ്നത്തിൽ കണ്ടത്. അവന്റെ ജീവിതത്തിലെ ചില രംഗങ്ങൾ ആകാശത്ത് പ്രതിബിംബിക്കുന്നു.

രണ്ട് സെറ്റ് പാദങ്ങൾ മണൽപ്പരപ്പിൽ പതിഞ്ഞു കാണുന്നു. രണ്ടുപാദം അവന്റെ തന്നെ. രണ്ടുപാദം ക്രിസ്തുവിന്റേതാണ്.

ജീവിതത്തിന്റെ അന്തിമരംഗം കണ്ടതോടെ മണൽപ്പരപ്പിൽ പതിഞ്ഞിട്ടുള്ള പാദങ്ങളിലേക്ക് തിരിഞ്ഞുനോക്കി. ചില ഇടങ്ങളിൽ രണ്ടുപാദം മാത്രമേ കാണുന്നുള്ളൂ. അത് കഷ്ടതയുടെയും ദുരിതത്തിന്റെയും കാലങ്ങളായിരുന്നു.

ഉടൻ അയാൾ ക്രിസ്തുവിനോടു ചോദിച്ചു. കർത്താവേ

നീ എന്നും എന്നോടു കൂടെ നടക്കാമെന്നല്ലേ പറഞ്ഞിരുന്നത്? എന്റെ യാതനയുടെ കാലങ്ങളിൽ നീ എന്നെ വിട്ടുപോയതെന്താണ്?

കർത്താവ് പറഞ്ഞു. ഞാൻ നിന്നെ വിട്ടുപോയി എന്ന് നീ പറയാൻ കാരണമെന്താണ്?

അവിടെയെല്ലാം രണ്ടുപാദം മാത്രമല്ലേ കാണുന്നുള്ളൂ?

എന്റെ പ്രിയമകനേ, ആ കാണുന്ന പാദം രണ്ടും എന്റെയാണ്.

അപ്പോൾ ഞാനോ?

നിനക്കു മനസ്സിലായില്ലേ? നിന്റെ പ്രയാസത്തിന്റെ കാലങ്ങളിൽ ഞാൻ നിന്നെ എടുത്തിരിക്കയായിരുന്നു.

പ്രിയസ്നേഹിതരേ, പരിശുദ്ധാത്മാവ് ആശ്വാസപ്രദനാണ്, നമ്മെ താങ്ങുന്നവനാണ്, നമ്മെ വഹിക്കുന്നവനാണ്, നമ്മെ കാക്കുന്നവനാണ്, നമ്മെ സഹിക്കുന്നവനാണ്, നമ്മെ പോറ്റുന്നവനാണ്. പരിശുദ്ധാത്മാവിനെ തിരിച്ചറിഞ്ഞ്, ആദരിച്ച്, അനുസരിച്ച് ഒരു പുതിയ ജീവിതം നമുക്ക് നയിക്കാം.

## രണ്ട്

ആംഗ്ലേയസാഹിത്യത്തിലെ പ്രതിഭാശാലിയായ ഒരു സാഹിത്യകാരനാണ് നഥാനിയേൽ ഹാത്തോൺ. (Nathaniel Hawthorn)

അദ്ദേഹം ഒരു കമ്പനിയിൽ ജോലിചെയ്തു കൊണ്ടിരുന്നു. വളരെ തുച്ഛമായ ശമ്പളം കൊണ്ട് അദ്ദേഹം വളരെ ക്ലേശിച്ച് ജീവിച്ചു വരികയായിരുന്നു. ഒരു വലിയ ദുരിതം അദ്ദേഹം നേരിട്ടു. കമ്പനിയിലെ ജോലിയിൽ നിന്ന് അദ്ദേഹത്തെ പിരിച്ചുവിട്ടു.

മറ്റൊരു വരുമാനമില്ലാതെ അദ്ദേഹം വളരെ നിരാശനായി ആകുലപ്പെട്ട് ദിനരാത്രങ്ങൾ കഴിച്ചു. ഭാര്യയോടുപോലും മിണ്ടാട്ടമില്ലാതെ ദുഃഖവിവശനും നിരാശഭരിതനും ആയി അദ്ദേഹം അനേകം ദിവസങ്ങൾ ഇരുന്നു.

ഒരു ദിവസം അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു : “മുമ്പെല്ലാം അങ്ങ് ധാരാളം എഴുതിയിരുന്നല്ലോ. നല്ലതുപോലെ എഴുതാൻ അങ്ങേയ്ക്ക് സാധിക്കും എന്ന് പലരും പറഞ്ഞ്

ഞാൻ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ തളർന്നിരിക്കാതെ എഴു താൻ തുടങ്ങൂ."

നഥാനിയേൽ ഹാത്തോൺ എഴുതാനാരംഭിച്ചു. സാഹിത്യ രചനയ്ക്കുള്ള സിദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു. മയങ്ങി ക്കിടന്ന ആ താലന്ത് അദ്ദേഹം വളർത്തി. വിശ്രമമില്ലാതെ, ഉത്സാഹഭരിതനായി അദ്ദേഹം എഴുതി. അങ്ങനെയാണ് Scarlet Letter എന്ന ഗ്രന്ഥം സഹൃദയ ലോകത്തിന് ലഭിച്ചത്.

ആ നോവൽ അദ്ദഹത്തെ പ്രശസ്തനാക്കി. സുപ്തവാസ നകൾ ഉണർന്നു. കവനസിദ്ധി വികസ്വരമായി. ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രശസ്തനായ ഒരു സാഹിത്യകാരനായി നഥാനിയേൽ ഹാത്തോൺ വളർന്നു.

മനുഷ്യന് സിദ്ധിയും താലന്തും നൽകുന്നത് പരിശുദ്ധാ ത്മാവിന്റെ കൃപയാണ്; നിത്യനായ ദൈവത്തിന്റെ അളവറ്റ സ്നേഹമാണ്. അടഞ്ഞുപോയ വാതിലുകൾ തുറന്നുതരുന്നവ നാണ് പരിശുദ്ധാത്മാവ്. നാമ്പറ്റുപോയ ജീവിതത്തിന് ഇളം തളിരുകൾ കിളുർപ്പിച്ചു തരുന്നവനാണ് പരുശുദ്ധാത്മാവ്. തളർന്നുപോയ ജീവിതത്തിന് നവോന്മേഷം പകരുന്നവ നാണ് പരിശുദ്ധാത്മാവ്.

പരിശുദ്ധാത്മാവിന് അനേക പ്രതിരൂപങ്ങൾ അഥവാ സാദൃ ശ്യങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട്. തൈലം, (എണ്ണ), വെള്ളം, കാറ്റ്, അഗ്നി, പ്രാവ്, മുദ്ര, അച്ചാരം എന്നിങ്ങനെ ഏഴു സാദൃശ്യങ്ങൾ പരിശുദ്ധാത്മാവിന് ഉപയോഗിച്ചിരിക്കു ന്നു.

ഒന്നാമതായി, പരിശുദ്ധാത്മ പ്രതീകമായ എണ്ണ അഥവാ തൈലം സ്നേഹത്തെ കുറിക്കുന്നു – Love ദൈവം സ്നേഹ മാകുന്നു. എണ്ണ ഒരിടത്ത് ഒഴിച്ചാൽ അവിടെ മുഴുവൻ

വ്യപിക്കുന്നതുപോലെ സ്നേഹം വ്യപിക്കുന്ന (പരക്കുന്ന) ഒന്നാണ്.

എണ്ണ മൃദുസ്നിഗ്ധമാണ്. വളരെ മാർദ്ദവമുള്ളതാണ്. മുറുകിയിറുകിയിരിക്കുന്നിടത്ത് എണ്ണ ഒഴിക്കുമ്പോൾ അവിടെ അയവുണ്ടാകും. വളരെ കർക്കശപ്രകൃതിയുള്ളവർ മൃദുല മനസ്കരായിത്തീരുന്നത് പരിശുദ്ധാത്മാവാകുന്ന എണ്ണയുടെ പ്രവർത്തനം മൂലമാണ്.

പ്രിയസ്നേഹിതരേ, നിങ്ങളുടെ കുടുംബത്തിൽ കലഹവും പിണക്കവുമുണ്ടോ? ഭാര്യയും ഭർത്താവും തമ്മിൽ കൂറിണക്കമില്ലാതെ അഭിപ്രായ വൈരുദ്ധ്യത്തിലും നീരസത്തിലുമാണോ? മക്കൾ മാതാപിതാക്കളെ അനുസരിക്കുകയും ആദരിക്കുകയും ചെയ്യുന്നുണ്ടോ? മാതാപിതാക്കൾ മക്കളെ പക്ഷാഭേദം കൂടാതെ സ്നേഹിക്കുന്നുണ്ടോ? സഹോദരങ്ങൾ പരസ്പരം ഐക്യത്തിലും ഒരുമനപ്പെട്ടും ആണോ ജീവിക്കുന്നത്?

അല്ല എങ്കിൽ, എത്ര പ്രാർത്ഥനയുണ്ടെങ്കിലും പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുകയില്ല. എത്ര നമസ്ക്കാരങ്ങൾ ഉണ്ടെങ്കിലും, എത്ര പുണ്യകർമ്മങ്ങൾ ചെയ്താലും, എത്ര തീർത്ഥാടനം നടത്തിയാലും, എത്രമാത്രം വേദപുസ്തകം പഠിച്ചാലും, വേദപുസ്തക സത്യങ്ങൾ പഠിപ്പിച്ചാലും പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുകയില്ല. ചടങ്ങുകളും ആചാരങ്ങളും ഉണ്ടായിരിക്കും; പക്ഷേ പരിശുദ്ധാത്മാവ് ജീവിത്തിൽ ഉണ്ടായിരിക്കില്ല.

ജീവിതത്തിൽ ഉരസലുകളുണ്ടെങ്കിൽ അവിടെ സ്നേഹം എന്ന എണ്ണ ഒഴിച്ചുകൊടുക്കുക. അലോസരങ്ങളും ഇഷ്ടക്കേടുകളും അപ്പോൾ മാറും. മനസ്സിന്റെ പിരിമുറുക്കങ്ങൾ

അയഞ്ഞു വരും. ഉള്ളിലെ നീരസത്തിന്റെ പുകച്ചിലുകൾ ശാന്തമാകും.

അതിന് ഒരേ ഒരു കാര്യം മാത്രം മതി. കുരിശിലെ സ്നേഹത്തിലേക്ക് നോക്കുക, കുരിശിലെ ത്യാഗത്തിലേക്ക് നോക്കുക. കുരിശിലെ ദീർഘക്ഷമയിലേക്ക് നോക്കുക.

> "നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചുമടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യനിച്ചുകൊൾവിൻ" എന്നാണ് അപ്പോസ്തോലനായ പൗലോസ് ഉദ്ബോധിപ്പിക്കുന്നത്."
>
> എബ്രായ 12 : 3

ക്രൂശിലെ ത്യാഗോജ്ജ്വല സ്നേഹം! ക്രൂശിലെ സ്വയത്യാഗത്തിന്റെ സ്നേഹം! നന്മപുലരുവാൻ വേണ്ടി തിന്മ സഹിക്കാൻ സ്വയം അർപ്പണം ചെയ്ത സ്നേഹം! ആകാശത്തിനും ഭൂമിക്കും മദ്ധ്യത്തിൽ, കാലത്തിന്റെ മദ്ധ്യത്തിൽ, B.C. യ്ക്കും A.D. യ്ക്കും മദ്ധ്യത്തിൽ, രണ്ടുകൊലായാളികളുടെ മദ്ധ്യത്തിൽ, ഭൂമിയുടെ ഒത്ത മദ്ധ്യത്തിൽ, പാപിയായ മനുഷ്യനും പരിശുദ്ധനായ ദൈവത്തിനും മദ്ധ്യത്തിൽ, ഒരു പാപവും ചെയ്യാത്ത ദൈവപുത്രൻ ഒരു പാപിയെ പോലെ മരിച്ച സ്വർഗ്ഗീയ സ്നേഹം! അനേകർ ആക്ഷേപിച്ച്, പള്ളിപ്രമാണിമാർ പരിഹസിച്ച്, ശിഷ്യന്മാർ ഉപേക്ഷിച്ച്, റോമൻ പടയാളികൾ കൈകളിലും കാലുകളിലും ആണിയടിച്ചു തകർത്ത്, ചങ്കിൽ കുന്തമേറ്റുപിടയുന്ന ക്രിസ്തുവിന്റെ കാൽവറയിലെ സ്നേഹം!

ആ സ്നേഹത്തിന്റെ എണ്ണ, പ്രിയനേ, നിന്റെ ഹൃദയത്തിലേക്ക് നീ സ്വീകരിക്കുമെങ്കിൽ നിന്റെ ജീവിതം ധന്യമാകും.

നിന്റെ ഭാവി ശോഭനമാകും. നിന്റെ ആയുസ്സ് സൗഭാഗ്യ പൂർണ്ണമാകും. നിന്റെ ആളത്വം അനുഗ്രഹീതമാകും. നിന്നെ കാണുകയും നിന്നോടടുക്കുകയും ചെയ്യുന്നവർ സമാധാനമ നുഭവിക്കും.

രണ്ടാമതായി, പരിശുദ്ധാത്മാവാകുന്ന എണ്ണ മുറിവുകളെ പൊറുപ്പിക്കുന്നു. (Healing)

നല്ല ശമര്യക്കാരന്റെ ഉപമയിൽ ഒരാൾ അർദ്ധപ്രാണനായി കിടക്കുന്നത് കാണാം. അവൻ യെരുശലേമിൽ നിന്ന് യെറീ ഹോവിലേക്ക പോവുകയായിരുന്നു. അവൻ ഉയർന്ന പ്രത ലത്തുനിന്ന് താഴ്ചയുള്ള യെറീഹോവിലേക്ക് പോവുകയാ യിരുന്നു.

വഴിമദ്ധ്യത്തിൽ കൊള്ളക്കാരുടെ കൈയിലകപ്പെട്ടു. അവർ അവനെ അടിച്ചു. മുറിവേൽപ്പിച്ചു. അവനുള്ളതൊക്കെയും കവർന്നെടുത്തു. അവനെ അർദ്ധപ്രാണനായി വിട്ടേച്ചുപോയി. ആ വഴിയായി ഒരു പുരോഹിതനും പിന്നീടൊരു ലേവ്യനും വന്നു. അവർ അവനെ കണ്ടിട്ട് മാറി കടന്നുപോയി.

ഒരു ശമര്യക്കാരനോ, അവനെ കണ്ടിട്ട് മനസ്സലിഞ്ഞു അരികെ ചെന്നു എണ്ണയും വീഞ്ഞും പകർന്നു അവന്റെ മുറിവുകളെ കെട്ടി അവനെ തന്റെ വാഹനത്തിൽ കയറ്റി വഴിയമ്പലത്തിൽ കൊണ്ടുപോയി രക്ഷചെയ്തു.

ശമര്യക്കാരൻ അവന്റെ മുറിവുകളിൽ എണ്ണ പകർന്നു. അത് പരിശുദ്ധാത്മാവിനെ കുറിക്കുന്നു. പൈശാചികന്റെ ആക്രമണമേറ്റ് തകർന്ന്, തളർന്ന്, അവശനായി കിടക്കുന്ന പാപിയായ മനുഷ്യനെ രക്ഷിക്കുവാൻ ക്രിസ്തു ചെയ്തത് തന്റെ ആത്മാവിനെ പകരുക എന്നതായിരുന്നു.

അതിനെക്കുറിച്ചാണ് യിരമ്യാവ് പറയുന്നത്:

"എന്റെ ജനത്തിൻ പുത്രിയുടെ മുറിവു നിമിത്തം ഞാനും മുറിപ്പെട്ട് ദുഃഖിച്ചു നടക്കുന്നു. സ്തംഭനം എന്നെ പിടിച്ചിരിക്കുന്നു. ഗിലയാദിൽ സുഗന്ധതൈലം ഇല്ലയോ? അവിടെ വൈദ്യൻ ഇല്ലയോ? എന്റെ ജനത്തിൽ പുത്രിക്ക് രോഗശമനം വരാതിരിക്കുന്നത് എന്ത്?"

യിരമ്യാവ്. 8 : 22

"മിസ്രയീം പുത്രിയായ കന്യകേ! ഗിലയാദിൽ ചെന്ന് തൈലം വാങ്ങുക; നീ വളരെ ഔഷധം പ്രയോഗിക്കുന്നത് വെറുതെ; നിനക്ക് രോഗശാന്തി ഉണ്ടാകയില്ല." യിരമ്യാവ്. 46 : 11

പാപം വിട്ടുതിരിയാതെ തൈലം ലഭിക്കുകയില്ല. തൈലം കിട്ടിയാലേ ആത്മാവിലേയും ശരീരത്തിലേയും രോഗങ്ങൾ മാറുകയുള്ളൂ. മറ്റ് എന്ത് ഔഷധം പ്രയോഗിച്ചാലും രോഗം മാറുകയില്ല.

പുണ്യവാന്മാരായ വിശുദ്ധപിതാക്കന്മാർ പാടി:

"നോക്കണമെൻ ദുരിതം, നാഥാ
പലതരദോഷം ഞാൻ ചെയ്തു കോപിപ്പിച്ചു,
ശരണമെനിക്കില്ല.
വൈദ്യന്മാർ പക്കൽ ഞാൻ പോയ്
അവരൗഷധമെല്ലാം ചെയ്തിട്ടില്ലൊരു ഗുണവും
എൻ വ്രണമോ കഠിനം
നൽവൈദ്യാ, നിന്നെയും നിൻ
ഔഷധഗുണവും ഞാൻ കേട്ടു,
നിങ്കൽ വരുന്നോൻ സുഖമേല്ക്കും നൂനം."

ഈ തൈലം പരിശുദ്ധാത്മാവാണ്. പ്രിയ ദൈവ പൈതലേ,

ആത്മാവാകുന്ന ഈ സുഗന്ധതൈലം നീ വാങ്ങിയോ? നീ പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ? വിശുദ്ധിയുടെ ആത്മാവ് നിന്റെ മേൽ ഇറങ്ങത്തക്കവണ്ണം നീ നിന്റെ പാപങ്ങളെ ഓർത്ത് അനുതപിക്കുകയും പാപങ്ങൾ ഏറ്റുപറഞ്ഞ് പാപ ക്ഷമ പ്രാപിക്കുകയും ചെയ്തുവോ? മേലിൽ പാപം ചെയ്യു കയില്ലെന്ന് വളരെ വ്യക്തമായി ഒരു തീരുമാനം നീ എടു ത്തുവോ? ഒരു വിശുദ്ധ ജീവിതം നീ ആരംഭിച്ചുവോ?

മൂന്നാമതായി, എണ്ണ അഭിഷേകത്തെ സൂചിപ്പിക്കുന്നു. (Anointment)

തൈലം, (എണ്ണ) അഭിഷേകത്തിന് ഉപയോഗിച്ചിരുന്നു. പ്രവാചകന്മാരെ അഭിഷേകം ചെയ്യാൻ എണ്ണ ഉപയോഗിച്ചി രുന്നു. 1 രാജാ. 19 : 16

രാജാക്കന്മാരെ അഭിഷേകം ചെയ്യാൻ എണ്ണ ഉപയോഗിച്ചി രുന്നു. 1 രാജാ 19 : 16

> "ശമുവേൽ തൈലപാത്രം എടുത്ത് അവന്റെ തലയിൽ ഒഴിച്ച് അവനെ ചുംബിച്ചു പറഞ്ഞത് : യഹോവ തന്റെ അവകാശത്തിന്നു പ്രഭുവായി നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു."
>
> 1 ശമുവേൽ. 10 : 1

ശൗലിനെ രാജാവായി അഭിഷേകം ചെയ്ത കാര്യമാണി വിടെ പറയുന്നത്. ദാവീദിനെ രാജാവായി അഭിഷേകം ചെയ്തപ്പോഴും തൈലം ഒഴിച്ചു എന്ന് കാണുന്നു.

> "ശമുവേൽ തൈലക്കൊമ്പ് എടുത്ത് അവന്റെ സഹോദരന്മാരുടെ നടുവിൽ വെച്ച് അവനെ അഭി ഷേകം ചെയ്തു. യഹോവയുടെ ആത്മാവ് അന്നു

മുതൽ ദാവീദിന്മേൽ വന്നു.”

1 ശമുവേൽ. 16 : 13

പുരോഹിതന്മാരെ അഭിഷേകം ചെയ്യുന്നതിനും എണ്ണ ഉപയോഗിച്ചിരുന്നു.

“അഭിഷേകതൈലം എടുത്ത് തിരുനിവാസവും അതിലുള്ള സകലവും അഭിഷേകം ചെയ്ത് അതും അതിന്റെ ഉപകരണങ്ങളൊക്കെയും ശുദ്ധീകരിക്കേണം; അത് വിശുദ്ധമായിരിക്കേണം ഹോമയാഗപീഠവും അതിന്റെ ഉപകരണങ്ങൾ ഒക്കെയും അഭിഷേകം ചെയ്ത് യാഗപീഠം ശുദ്ധീകരിക്കേണം. യാഗപീഠം അതിവിശുദ്ധമായിരിക്കേണം. തൊട്ടിയും അതിന്റെ കാലും അഭ്ഷേകം ചെയ്ത് ശുദ്ധീകരിക്കേണം. അഹരോനെയും പുത്രന്മാരെയും സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ കൊണ്ടു വന്ന് അവരെ വെള്ളം കൊണ്ട് കഴുകേണം. അഹരോനെ വിശുദ്ധ വസ്ത്രം ധരിപ്പിച്ച്, എനിക്ക് പുരോഹിതശുശ്രൂഷ ചെയ്യേണ്ടതിന്ന് അവനെ അഭിഷേകം ചെയ്ത് ശുദ്ധീകരിക്കേണം.”

പുറപ്പാട്. 40 : 9 – 13

പരിശുദ്ധാത്മാവാകുന്ന എണ്ണയാലാണ് വിശ്വസികളെ അഭിഷേകം ചെയ്യുന്നത്.

നാലാമതായി, ഭോജനയാഗത്തിന് എണ്ണ ആവശ്യമാണ്. (Sacrifice) ഭോജന യാഗത്തിനുള്ള നേരിയ മാവ് എണ്ണയിൽ കുഴയ്ക്കണമായിരുന്നു.

“ആരെങ്കിലും യഹോവയ്ക്ക് ഭോജനയാഗമായ വഴിപാട് കഴിക്കുമ്പോൾ അവന്റെ വഴിപാട് നേരി

> യമാവ് ആയിരിക്കേണം; അവൻ അതിന്മേൽ എണ്ണ ഒഴിച്ച് കുന്തിരക്കവും ഇടേണം. അവൻ മാവും എണ്ണയും ഒരു കൈ നിറച്ചും കുന്തിരിക്കവും മുഴുവനും എടുക്കേണം." ലേവ്യ. 2 : 1 – 2

പരിശുദ്ധാത്മ കൃപയാലാണ് സാക്ഷാലുള്ള സമർപ്പണം നടക്കുന്നത് എന്ന് ഇതു സൂചിപ്പിക്കുന്നു.

> "നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ."
> റോമർ. 12 : 1

ക്രിസ്തു തന്നത്താൻ യാഗമായി സമർപ്പിച്ചതുപോലെ നാമും നമ്മെത്തന്നെ യാഗമായി സമർപ്പിക്കണം. അത് ദൈവത്തിന് പ്രസാദകരമായ യാഗമായിത്തീരണമെങ്കിൽ, പരിശുദ്ധാത്മാവാകുന്ന എണ്ണയിൽ യാഗത്തിനുള്ള മാവ് കുഴച്ചിരിക്കണം. ബാഹ്യമായ സമർപ്പണം ആയിരിക്കരുത്. സമർപ്പണം ഹൃദയത്തിൽ നിന്നായിരിക്കണം. സമർപ്പണം ആഴമായ ദൈവസ്നേഹത്തിൽ നിന്നായിരിക്കണം. ഏതെങ്കിലും സ്ഥാപിത താല്പര്യം വെച്ചുകൊണ്ടുള്ളതായിരിക്കരുത് സമർപ്പണം. വ്യവസ്ഥകൂടാതെ, ഉപാധിയില്ലാതെ, തന്നെത്തന്നെ ക്രിസ്തുവിന്റെ പാവനപാദത്തിൽ സമർപ്പിക്കണം.

സ്നേഹിതാ, സാക്ഷാത്തായ ഒരു സമർപ്പണം നീ എടുത്തിട്ടുണ്ടോ? നീ നിന്റെ ഭാവിയും, നിന്റെ ജീവനും, നിന്റെ ആയുസ്സും, നിന്റെ ഭവനവും, നിന്റെ പ്രിയപ്പെട്ടവരും, എല്ലാം ക്രിസ്തുവിന്റെ പാദത്തിൽ അർപ്പണം ചെയ്തിട്ടുണ്ടോ?

ജീവനുള്ള ദൈവം അരുളിച്ചെയ്യുന്നു

"യാഗം കഴിച്ച് എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ."

സങ്കീ. 50 : 5

വ്യവസ്ഥ കൂടതെ, ക്രിസ്തുവിന്റെ പാദത്തിൽ സമർപ്പണം ചെയ്യാൻ സാധിക്കുന്നത് ഒരു മഹാഭാഗ്യമാണ്. പ്രിയ സ്നേഹിതാ, ആ സൗഭാഗ്യം നിനക്ക് ലഭിച്ചിട്ടുണ്ടോ? നിന്നെത്തന്നെ യാഗമായി നീ സമർപ്പിച്ചിട്ടുണ്ടോ?

അഞ്ചാമതായി, വിളക്ക് നിരന്തരം കത്തിക്കൊണ്ടിരിക്കുന്നതിന് പരിശുദ്ധാത്മാവാകുന്ന എണ്ണ ആവശ്യമാണ്. (Kindling)

"വിളക്ക് നിരന്തരം കത്തിക്കൊണ്ടിരിക്കേണ്ടതിന് യിസ്രായേൽമക്കൾ വിളക്കിന്നു ഇടിച്ചെടുത്ത തെളിവുള്ള ഒലിവെണ്ണ നിന്റെ അടുക്കൽ കൊണ്ടുവരുവാൻ അവരോട് കൽപിക്ക. സമാഗമനകൂടാരത്തിൽ സാക്ഷ്യത്തിന്നു മുമ്പിലുള്ളതിരശ്ശീലക്കു പുറത്ത് അഹരോനും അവന്റെ പുത്രൻമാരും അതിനെ വൈകുന്നേരം മുതൽ പ്രഭാതം വരെ യഹോവയുടെ മുമ്പാകെ കത്തുവാൻ തക്കവണ്ണം വെക്കേണം. ഇത് യിസ്രയേൽമക്കൾക്ക് തലമുറതലമുറയായിഎന്നേക്കുമുള്ള ചട്ടമായിരിക്കേണം. "പുറ. 27 : 20 – 21

"നിങ്ങളുടെ അര കെട്ടിയും വിളക്ക് കത്തിയും കൊണ്ടിരിക്കട്ടെ" എന്ന് നമ്മുടെ കർത്താവ് അരുളിചെയ്തിട്ടുണ്ടല്ലോ. വിളക്കിൽ എണ്ണ കുറയുമ്പോൾ അപ്പഴപ്പോൾ പകർന്നു കൊടുക്കുവാൻ പാത്രത്തിൽ കൂടി എണ്ണ കരുതി വെച്ചിരുന്നവരാണ് ബുദ്ധിയുള്ള അഞ്ച് കന്യകമാർ. അവരാണ് മണവറയ്ക്കകത്ത് പ്രവേശിച്ചവർ. (മത്തായി 25 : 1 – 10)

പരിശുദ്ധാത്മാവാകുന്ന എണ്ണയില്ലാതെ ആത്മാവ് കത്തി നിൽക്കുകയില്ല. വിളക്ക് തെളിഞ്ഞു നിന്നില്ലെങ്കിൽ അരുമ മണവാളനായ ക്രിസ്തു വരുമ്പോൾ അകത്ത് പ്രവേശനം കിട്ടാതെ പുറത്തു നിന്ന് നിരാശയോടെ വിലപിക്കേണ്ടിവരും.

ആറാമതായി, പരിശുദ്ധാത്മാവാകുന്ന എണ്ണയാലാണ് ശുദ്ധീകരണം നടക്കുന്നത്. (Sanctification)

തിരുനിവാസത്തിലെ എല്ലാ ഉപകരണങ്ങളും അഭിഷേകതൈലത്താൽ ശുദ്ധീകരിക്കണമായിരുന്നു. പുറപ്പാട് 30 : 22 – 30 വരെ വായിക്കുമ്പോൾ എണ്ണ ശുദ്ധീകരണത്തിന് ഉപയോഗിച്ചിരുന്നു എന്നു കാണാം.

ഏഴാമതായി, കുഷ്ഠരോഗിയുടെ രോഗസൗഖ്യമാകുന്ന വീണ്ടെടുപ്പിനും (redemption) തുടർന്നുള്ള വിശുദ്ധീകരണത്തിനും എണ്ണ ആവശ്യമായിരുന്നു. ലേവ്യ. 14 : 10 – 12

കുഷ്ഠരോഗം പാപത്തിന്റെ പ്രതീകമായിരുന്നു. പാപിയുടെ വീണ്ടെടുപ്പിനും ശുദ്ധീകരണത്തിനും പരിശുദ്ധാത്മവ്യാപാരമാണാവശ്യം. പരിശുദ്ധാത്മാവിന്റെ അത്ഭുത പ്രവൃത്തിയാണ് പാപകുഷ്ഠം ബാധിച്ച ആളെ വിശുദ്ധനാക്കുന്നത്.

സ്നേഹിതാ, പരിശുദ്ധാത്മാവാകുന്ന എണ്ണ നീ സമ്പാദിച്ചുവോ? പരിശുദ്ധാത്മാവിനെ നിന്റെ ഉള്ളത്തിൽ നിനക്ക് ലഭിച്ചുവോ? നിന്റെ ആളത്വത്തിൽ പരിശുദ്ധാൽമാവ് വ്യാപരിക്കുന്നു എന്ന ഉറപ്പ് നിനക്കുണ്ടോ?

ഇല്ലെങ്കിൽ, ഇനിയും വൈകണമോ? ഇനിയും താമസിക്കണമോ? നിന്റെ അരികത്ത് നിൽക്കുന്ന പരുശുദ്ധാത്മാവിനെ നിന്റെ ഹൃദയത്തിലേക്ക് നീ ക്ഷണിക്കൂ; പരിശുദ്ധാത്മാവിനെ നീ എതിരേൽക്കൂ; പരിശുദ്ധാത്മാവിനെ നീ ആദരിക്കൂ; പരിശുദ്ധാത്മാവിനെ നീ കൈക്കൊള്ളൂ.

## മൂന്ന്

"ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട്: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു. അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞത്."

യോഹ 7 : 37 – 39

പരിശുദ്ധാത്മാവിനോടു സാദൃശ്യപ്പെടുത്തി തിരുവെഴുത്തിൽ പറയുന്ന രണ്ടാമത്തെ കാര്യമാണ് വെള്ളം.

ഉൽപ്പത്തിപുസ്തകത്തിൽ പറയുന്നു:

"തോട്ടം നനപ്പാൻ ഒരു നദി ഏദെനിൽ നിന്നും പുറപ്പെട്ടു." ഉൽപ. 2 : 10

ഏദെൻ ദൈവത്തിന്റെ തോട്ടമാണ്. തോട്ടം നനയ്ക്കുന്നതാണ്

ഏദെനിലെ നദി. അത് നാലു ശാഖകളായി ഒഴുകുന്നു. തോട്ടത്തിൽ ഫലസമൃദ്ധി ഉളവാക്കാൻ നീരരുവി ആവശ്യമാണ്. തോട്ടം നനയ്ക്കുന്ന നദിയെപ്പോലെ മനുഷ്യനെതണുപ്പിക്കുകയും കുളുർപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നതാണ് പരിശുദ്ധാത്മാവ്.

യിസഹാക്ക് ഗെരാർ താഴ്‌വരയിൽ കിണറ് കുഴിച്ചതിനെക്കുറിച്ച് തിരുവചനം പറയുന്നുണ്ട്.?

> "തന്റെ പിതാവായ അബ്രഹാമിന്റെ കാലത്തു കുഴിച്ചതും അബ്രഹാം മരിച്ചശേഷം ഫെലിസ്ത്യർ നികത്തികളഞ്ഞതുമായ കിണറുകൾ യിസ്ഹാക്ക് പിന്നെയും കുഴിച്ചു. തന്റെ പിതാവ് അവയ്ക്ക് ഇട്ടിരുന്ന പേർ തന്നേ ഇട്ടു." ഉൽപത്തി. 26 : 18

"യിസഹാക്കിന്റെ ദാസന്മാർ ആ താഴ്‌വരയിൽ കുഴിച്ചു നീരുറവുള്ള ഒരു കിണറ് കണ്ടു." ഉൽപത്തി. 26: 19. എന്ന് നാം തുടർന്നു വായിക്കുന്നു. ഈ നീരുറവ് പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്."

പിതാക്കന്മാരുടെ കാലത്ത് കുഴിച്ച കിണറുകൾ മൂടിപ്പോയിരിക്കുകയാണ്. ശത്രുക്കളായ ഫെലിസ്ത്യരാണ് കിണറുകൾ നികത്തിക്കളഞ്ഞത്. പിതാക്കന്മാർ അനുഭവിച്ചതും ആരാധിച്ചതും ഊട്ടിവളർത്തിയതുമായ വിശ്വസം ഇന്ന് നഷ്ടപ്പെട്ടു പോയിരിക്കുകയാണ്. അനേകരുടെ "വിശ്വാസക്കപ്പൽ" തകർന്നു പോയിരിക്കുകയാണ്. പിതാക്കന്മാർ വളർത്തിയെടുത്ത ആത്മീയജീവിത നിലവാരം ഇന്ന് ഭൗതികഭോഗലാലസയാലും മാനുഷിക പ്രതാപമഹിമയാലും കവർച്ച ചെയ്തു പോയിരിക്കയാണ്.

അതുകൊണ്ട് ഇന്നത്തെ അടിയന്തിരമായ ആവശ്യം മാനസാ

ന്തരപ്പെട്ടവരുടെ മാനസാന്തരമാണ്. ഒരിക്കൽ മാനസാന്തരവും വീണ്ടും ജനനാനുഭവവും ലഭിച്ച അനേകം ദൈവമക്കൾ ഇന്ന് ശത്രുവായ പൈശാചികന്റെ ഭീകരാക്രമണത്തിൽ സകലവും തകർന്ന് ദൈവത്തിന്റെ ആത്മാവിന്റെ ഒരു സ്പർശം പോലുമില്ലാതെ കഴിയുന്നു. അതുകൊണ്ടാണ് തിരുവെഴുത്ത് പറയുന്നത്:

> "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തികൊടുക്കും." 2 ദിന. 7 : 14

ദൈവത്തിന്റെ നാമം വിളിക്കപ്പെട്ടരിക്കുന്ന ദൈവജനം ചെയ്യേണ്ടതെന്തെല്ലാമാണ്?

ഒന്ന്. തങ്ങളെത്തന്നെ താഴ്ത്തണം. തന്നത്താൻ വിനയപ്പെടണം. സ്വന്തവിവേകത്തിലൂന്നരുത്. തന്നിൽതന്നെ ആശ്രയിക്കരുത്.

രണ്ട്. പ്രാർത്ഥിക്കണം. മാനസാന്തരപ്പെട്ട അനേകം ദൈവമക്കൾ പ്രർത്ഥനാജീവിതത്തിൽ പരാജയപ്പെട്ടു കിടക്കുകയാണ്. ആദ്യകാലതീക്ഷ്ണതയുടെ സമയങ്ങളിൽ നല്ല എരിവേറിയ പ്രാർത്ഥനയുണ്ടായിരുന്നു. ഇന്നോ, പ്രാർത്ഥനയുടെ കാര്യത്തിൽ അലസതയാണ്. പ്രാർത്ഥനയ്ക്ക് താല്പര്യം ഉത്സാഹവും കുറഞ്ഞു പോയിരിക്കുന്നു.

മൂന്ന്. ദൈവതിരുമുഖം അന്വേഷിക്കണം. ഒരു കാലത്ത് ക്രിസ്തുവിനെ ഏകാഗ്രതയോടെ അന്വേഷിച്ചിരുന്ന ദൈവമക്കൾ ഇന്ന് ലോകത്തേയും ലോകമോഹങ്ങളെയും ലോകഇമ്പങ്ങളെയും ജഡികോല്ലാസങ്ങളെയും അന്വേഷിക്കുന്ന ദയനീയ

ദൃശ്യമാണ് കാണുന്നത്. മുമ്പെ അവന്റെ രാജ്യവും അവന്റെ നീതിയുമാണ് നാം അന്വേഷിക്കേണ്ടത്. അതോടുകൂടെ നമുക്കാവശ്യമുള്ളതെല്ലാം ദൈവം നമുക്ക് നൽകും.

നാല്. തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയണം. ദൈവജനം ദുർമ്മാർഗ്ഗങ്ങളിലേക്ക് വഴുതിപോയിരിക്കുകയാണ്. ജീവന്റെ പാതയിലൂടെ പോയിരുന്ന ആത്മീയരാണ് മരണത്തിന്റെ വിശാലമായ വഴിയിലൂടെ ഇന്ന് യാത്ര ചെയ്യുന്നത്. അത് എത്രയും ശോചനീയമല്ലേ? പഴയ സൽപാതകളിലേക്ക് അതിവേഗം തിരിയണമെന്നാണ് തിരുവെഴുത്ത് പറയുന്നത്. അപ്പോൾ ദൈവം ചെയ്യുന്നതെന്തെല്ലാമാണ്?

ഒന്ന്. ദൈവം സ്വർഗ്ഗത്തിൽ നിന്നും കേൾക്കും. അനുതാപത്തിന്റെ നിലവിളി ദൈവം കേൾക്കും. പശ്ചാത്താപത്തിന്റെ അയ്യംവിളി ദൈവം ശ്രദ്ധിക്കും. പിതാക്കന്മാരുടെ വാക്കുകളിൽ പറഞ്ഞാൽ, “ആഹ്വാനം ചെയ്യുന്ന പാപികളിൽ കൃപയെ വിലക്കാത്തവനാണ്.” ദൈവം.

രണ്ട്, ദൈവം പാപം ക്ഷമിക്കും. അതിക്രമങ്ങളും, അകൃത്യങ്ങളും, കടങ്ങളും, പാപങ്ങളും, ലംഘനങ്ങളും ദൈവം ക്ഷമിച്ചുതരും. മീഖാപ്രവാചകൻ പറയുന്നു:

> “അകൃത്യം ക്ഷമിക്കുകയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കുകയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളു? അവൻ എന്നേക്കും കോപംവെച്ചുകൊള്ളുന്നില്ലല്ലോ. ദയയിലല്ലോ. അവന്നു പ്രസാദമുള്ളതു അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും; നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും; അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും.” മീഖാ. 7 : 18 – 19

എത്രയും ഹീനമായ പാപം ചെയ്ത് ദൈവത്തെ അതിയായി ദുഃഖിപ്പിച്ചവനാണ് ദൈവത്തിന്റെ പ്രിയപുരുഷനായിരുന്ന ദാവീദ്. എന്നൽ ദാവീദ് പാപത്തെ ഓർത്ത് അനുതപിച്ചപ്പോൾ ദൈവം ദാവീദിന്റെ പാപം ക്ഷമിച്ചു. പാപമോചനം ലഭിച്ച അത്യാഹ്ളാദത്താൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ ദാവീദ് പാടിയ സങ്കീർത്തനമാണ് 32-ാംസങ്കീർത്തനം. അതിൽ ദാവീദ് പറയുന്നു:

> "ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." സങ്കീ. 32 : 1

> "There was a time when I would't admit what a sinner I was. But my dishonesty made me miserable and filled my days with frustration. All day and all night your hand was heavy on me. My strength evaporated like water on a sunny day until I finally admitted all my sins to you and stopped trying to hide them." Ps. 32 : 3 - 5

"ഞാൻ എത്ര പാപിയാണെന്ന് ഞാൻ അംഗീകരിക്കാത്ത ഒരു കാലം എനിക്കുണ്ടായിരുന്നു എന്നാൽ സത്യസന്ധമായി പാപം തുറന്നുപറഞ്ഞുപേക്ഷിക്കാനുള്ള എന്റെ മനസ്സില്ലായ്മ എന്നെ വളരെ അരിഷ്ടാവസ്ഥയിലാക്കി. വലിയ നിരാശ എന്നെ ബാധിച്ചു. രാവും പകലും നിന്റെ കരങ്ങൾ അത്യന്തം ഭാരമായിട്ട് എനിക്കനുഭവപ്പെട്ടു. ഒടുവിൽ ഞാൻ എന്റ പാപങ്ങൾ സമ്മതിക്കുകയും പാപങ്ങളെ മറച്ചുവെയ്ക്കാൻ ശ്രമിച്ചിരുന്നത് നിറുത്തുകയും ചെയ്യുന്നതുവരെ, നല്ല സൂര്യപ്രകാശമുള്ള ദിവസം വെള്ളം നീരാവിയായിത്തീരുന്നതുപോലെ എന്റെ ശക്തിക്ഷയിച്ചുകൊണ്ടിരുന്നു."

ദാവീദിന് ദൈവം പാപക്ഷമ നൽകി. ദൈവം പാപം ക്ഷമി

ക്കുന്നവനാണ്. ദൈവം അകൃത്യങ്ങൾ ഓർമ്മ വെക്കുന്നവനല്ല.

“യഹോവേ, നീ അകൃത്യങ്ങളെ ഓർമ്മവെച്ചാൽ കർത്താവേ, ആർ നിലനിൽക്കും? എങ്കിലും നിന്നെ ഭയപ്പെടുവാൻ തക്കവണ്ണം നിന്റെ പക്കൽ വിമോചനം ഉണ്ട്.” എന്നത്രേ ദാവീദ് പാടിയിരിക്കുന്നത്. (നൂറ്റിനുപ്പതാം സങ്കീർത്തനം)

മൂന്നാമത്, ദൈവം ചെയ്യുന്നത് ദേശത്തിന് സൗഖ്യം വരുത്തുകൊടുക്കും. അനുതപിച്ച്, പാപം വിട്ടു തിരിയുന്ന ഒരാളിൽ നിന്നുകൊണ്ട് കർത്താവ് ദേശത്തെ അനുഗ്രഹിക്കും. ദേശത്തിന്റെ ശാപം മാറ്റും. ദേശത്തിന്റെ കഷ്ടം മാറ്റും. ദേശത്തിന്റെ അനർത്ഥം മാറ്റും. ദേശത്തിന്റെ പാപം മാറ്റും. ദേശത്തിന്റെ ബാധ മാറ്റും. ദേശത്തിനു സൗഖ്യ വരുത്തികൊടുക്കും.

അബ്രഹാം ഓരാൾ മൂലം ദേശത്തെ അനുഗ്രഹിച്ചു. നീയും നിന്റെ സന്തതിയും മൂലം ദേശം അനുഗ്രഹിക്കപ്പെടും എന്ന് ദൈവം വാഗ്ദത്തം നൽകി.

> “ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും.നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.” ഉൽപത്തി. 12 : 2 – 3

എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ. അബ്രാഹാമിന്റെ കാലത്ത് കുഴിച്ച കിണറുകൾ ഫെലിസ്ത്യർ മൂടിക്കളഞ്ഞു. ജീവ ഉറവയുടെ കിണറുകൾ ഇന്ന് നിഷ്പ്രയോജനമായി. ശത്രുവന്ന് എല്ലാം മൂടിക്കളഞ്ഞു.

ദൈവപൈതലേ, ഇന്ന് നിന്റെ കിണറുകൾ വറ്റിപോയിരിക്കുകയാണോ? ശത്രുക്കൾ വന്ന് നിന്റെ കിണറുകളെ മൂടിക്കളഞ്ഞി

രിക്കുകയാണോ? എങ്കിൽ ഇസഹാക്കിന്റെ ദൈവം ജീവിക്കുന്നു. ഇസഹാക്ക് ആ കിണറുകൾ പിന്നെയും താഴ്ത്തി. ശത്രുകൊണ്ടുവന്നിട്ടിരുന്ന കല്ലും, മണ്ണും, പച്ചും, ചവറും അഴുക്കും എല്ലാം ഇസഹാക്ക് പൊക്കിയെടുത്ത് മാറ്റി ദൂരെക്കളഞ്ഞു.

എന്ത് അദ്ധ്വാനമായിരിക്കണം യിസ്ഹാക്ക് വഹിച്ചത്. എത്ര ക്ലേശിച്ചും കഷ്ടപ്പെട്ടുമായിരിക്കും യിസ്ഹാക്ക് പഴയ കിണറുകൾ വീണ്ടും കുഴിച്ച് വെള്ളം കണ്ടത്? പിതാക്കന്മാർ ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്ത ആഴങ്ങളിലെ വെള്ളം ഇന്ന് നഷ്ടപ്പെട്ട സ്ഥിതിയിലല്ലേ? വേഗം കുഴിച്ചുകൊള്ളുക. നവീകരണം വേണ്ട; പൂർവ്വീകരണം മതി. പഴയ വഴികൾ കണ്ടെത്തി തെരഞ്ഞെടുത്താൽ മതി.

യിസ്ഹാക്ക് ആ കിണറുകൾ പിന്നെയും താഴ്ത്തി അവയ്ക്ക് പിതാവ് ഇട്ടിരുന്ന പേർ തന്നെ ഇട്ടു. അതിനു പുറമെ യിസ്ഹാക്ക് പുതിയ കിണറുകൾ കുഴിച്ചു. ഏശെക്, സിതിനാ, രെഹോബോത്ത്, ബേർശേബാ മുതലായ പുതിയ പേരിൽ കിണറുകൾ കുഴിക്കാൻ യിസ്ഹാക്ക് അദ്ധ്വാനിച്ചു. പക്ഷെ അവയിൽ ആദ്യത്തെ രണ്ടെണ്ണത്തിന് ഗെരാർ ദേശത്തിലെ ഇടയന്മാർ അവകാശം പറഞ്ഞ് മത്സരിച്ചു, ശണ്ഠയിട്ടു.

ഏശെക്കും സിത്നയും യിസ്ഹാക്കിന്റെ സ്വന്തം അദ്ധ്വാനത്തിന്റെ ഫലങ്ങളാണ്. എന്നാൽ പിൽക്കാലത്ത് യിസ്ഹാക്ക് അപ്പനായ അബ്രാഹിമിന്റെ കാലത്തുണ്ടായിരുന്നകിണറുകളുടെ സമീപത്ത് വസിച്ചു.

ജീവന്റെ ഉറവയുടെ സമീപത്തായിരിക്കണം നാം വസിക്കേണ്ടത്. മാന്യ ദൈവ പൈതലേ, നീ ഇന്ന് ജീവന്റെ ഉറവയുടെ സമീപത്താണോ അധിവസിക്കുന്നത്? പിതാക്കന്മാരുടെ

കാലത്തെ ഉറവകൾ മൂടി അടഞ്ഞുപോയത് നീ കാണുന്നുവോ? അവ വീണ്ടും താഴ്ത്താൻ നിനക്ക് വാഞ്ഛയുണ്ടോ? പഴയ കാല പിതാക്കന്മാർ അനുഭവിച്ച ആത്മീയ സമാധാനസമൃദ്ധി നീ വീണ്ടും നേടിയെടുക്കാൻ ഉത്സാഹിക്കുന്നുവോ?

യിരമ്യാവ് യിസ്രായൽ ജനത്തെക്കുറിച്ച് പറയുന്നത് ശ്രദ്ധിക്കുക:

> "അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു. വെള്ളമില്ലാത്ത കിണറുകളെ, പൊട്ടകിണറുകളെ തന്നേ കുഴിച്ചിരിക്കുന്നു." യിരമ്യാവ്. 2 : 13

അനേകർ ഇന്നും പൊട്ടകിണറുകളെ തേടുകയാണ്. ജീവന്റെ ഉറവുകളെ ഉപക്ഷിക്കുകയാണ്. സത്യത്തിന്റെ ആത്മാവിനെ ഉപേക്ഷച്ച് വ്യർത്ഥമായ ആരാധനകളിലും സമ്പ്രദായങ്ങളിലും ചില ചടങ്ങുകളിലും ചില കർമ്മാനുഷ്ഠാനങ്ങളിലും ആശ്രയിക്കുകയാണ്. ഭോഷ്കിന്റെ ആത്മാവിൽ ആശ്രയിക്കുകയാണ്. ചില ആചാരങ്ങളിൽ കുടുങ്ങികിടക്കുകയാണ്. സത്യദൈവാരാധനയുടെ പാതയിലേക്ക് തിരിയാൻ മനസ്സില്ലാതെ, ചില കർമ്മാനുഷ്ഠാനങ്ങളിൽ മാത്രം തൃപ്തിപ്പെട്ട് കാലം കഴിക്കുകയാണ്.

പരിശുദ്ധാത്മാവിന്റെ പ്രതീകമായ വെള്ളത്തെക്കുറിച്ച് പുറപ്പാട് പുസ്തകം 17–ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്

> "ഞാൻ ഹോരേബിൽ നിന്റെ മുമ്പാകെ പാറയുടെ മേൽ നിൽക്കും; നീ പാറയെ അടിക്കേണം; ഉടനെ ജനത്തിനു കുടിപ്പാൻ വെള്ളം അതിൽ നിന്നും പുറപ്പെടും." 17 : 6

പാറയിൽ നിന്നും വെള്ളം പുറപ്പെട്ടത് മരുഭൂമിയിൽ കൂടി യാത്രചെയ്തു പോകുന്ന ജനത്തിന് ജീവൻ നിലനിറുത്താൻ

ആവശ്യമായിരുന്നു. ഉണങ്ങിവരണ്ട മരുപ്പറമ്പിൽ ദൈവം അവർക്ക് ദാഹം ശമിപ്പിക്കാൻ വെള്ളം കൊടുത്തു. ഇന്നും മടുപ്പിക്കുന്ന സാഹചര്യങ്ങളിൽ, ഊഷരവും ഊഷ്മളവുമായ ചുറ്റുപാടുകളിൽ, നിരാശയിൽ ജീവിതം മടുത്തും വിരസതയിൽ കുമിഞ്ഞും പോകുന്ന ദൈനംദിന ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ഉറവ തന്ന് ദൈവം നമ്മെ പോഷിപ്പിക്കുകയാണ്; ആശ്വസിപ്പിക്കുകയാണ്.

> "സഹോദന്മാരെ, നമ്മുടെ പിതാക്കന്മാർ എല്ലാവരും. ഒരേ ആത്മീകാഹാരം തിന്നു, എല്ലാവരും ഒരേ ആത്മീയ പാനീയം കുടിച്ചു. അവരെ അനുഗമിച്ച ആത്മീക പാറയിൽ നിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തു ആയിരുന്നു." 1 കോരി. 10 : 1 – 4

ക്രിസ്തുവിന്റെ ചങ്കുതുറന്ന് ഒഴുകിയ ചോരയും നീരുമാണ് വിശ്വാസിയുടെ ആശ്വാസം. അതാണ് വിശ്വാസിയുടെ കുളിർമ. അതത്രേ വിശ്വാസിയുടെ രോഗസൗഖ്യം. അതത്രേ കൃപയുടെ ആത്മാവ്. അതത്രേ ആരാധനയുടെ ആത്മാവ്.

യിസ്രായേൽ ജനം മരുഭൂമിയിൽ കൂടി യാത്രചെയ്തുപോരുമ്പോൾ വീണ്ടും വഴി മദ്ധ്യത്തിൽ അവർക്ക് മണലാരണ്യത്തിൽ ദൈവം വെള്ളം കൊടുത്തു.

> "യഹോവ മോശയോടു : ജനത്തെ ഒന്നിച്ചുകൂട്ടുക; ഞാൻ അവർക്ക് വെള്ളം കൊടുക്കുമെന്നു കൽപിച്ച കിണർ അതു തന്നേ. ആ സമയത്ത് യിസ്രയേൽ : "കിണറേ, പൊങ്ങി വാ; അതിനു പാടുവിൻ. പ്രഭുക്കന്മാർ കുഴിച്ച കിണർ; ജന ശ്രേഷ്ഠന്മാർ ചെങ്കോൽ കൊണ്ടും തങ്ങളുടെ ദണ്ഡുകൾ കൊണ്ടും കുത്തിയ കിണർ." സംഖ്യാ. 21 : 16 – 18

യഹോവയുടെ വ്രതസ്ഥനും വീരനുമായ ശിംശോൻ ഒരു വലിയകൂട്ടം ശത്രുസമൂഹത്തെ നിഗ്രഹിച്ചുകഴിഞ്ഞപ്പോൾ ക്ഷീണിച്ചുപോയതായി ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണുന്നുണ്ട്. ആയിരക്കണക്കിനു ഫെലിസ്ത്യരെ സംഹരിച്ചുകഴിഞ്ഞുവന്ന ശിംശോൻ ദാഹിച്ചു നിലവിളിച്ചു.

> "പിന്നെ അവൻ വളരെ ദാഹിച്ചിട്ടു യഹോവയോടു നിലവിളിച്ചു: അടിയന്റെ കൈയാൽ ഈ മഹാജയം നി നൽകിയല്ലോ; ഇപ്പോൾ ഞാൻ ദാഹം കൊണ്ടു മരിച്ചു അഗ്രചർമ്മികളുടെ കൈയ്യിൽ വീഴണമോ എന്നു പറഞ്ഞു  അപ്പോൾ ദൈവം ലേഹിയിൽ ഒരു കുഴി പിളരുമാറാക്കി, അതിൽ നിന്നും വെള്ളം പുറപ്പെട്ടു; അവൻ കുടിച്ചു ചൈതന്യം പ്രാപിച്ചു, വീണ്ടും ജീവിച്ചു."
>
> ന്യായാ. 15 : 18 – 19

ക്ഷീണിച്ച് അവശനായിപ്പോയ ദൈവ പൈതലിന് ചൈതന്യം നൽകുവാൻ ഉളവാക്കിയ വെള്ളം പരിശുദ്ധാത്മാവ്. നമ്മുടെ ക്ഷീണാവസ്ഥയിൽ ചൈതന്യം നൽകുന്നതിനെ ദൃഷ്ടാന്തവൽക്കരിക്കുന്നു.

പ്രിയസ്നേഹിതാ, മാന്യസഹോദരീ, നീ ഇന്ന് ക്ഷീണാവസ്ഥയിലാണോ? തളർന്ന് അവശതയിലിരിക്കുകയാണോ? ചൈതന്യം നഷ്ടപ്പെട്ട സ്ഥിയാണോ ഇന്ന് നിനക്കുള്ളത്?

എങ്കിൽ നിനക്കു ചൈതന്യം നൽകാൻ ജീവനുള്ള ദൈവത്തിന്റെ ജീവിപ്പിക്കുന്ന ആത്മാവ് നിന്റെ സമീപത്ത് വന്നിട്ടുണ്ട്. ഒരു നിമിഷം നീ നിന്റെ പുറംകണ്ണുകളെ അടച്ച്, ഹൃദയം ഏകാഗ്രമാക്കികൊണ്ട് ഒരു വാക്ക് ഒന്നു പറയാമോ? എന്നെ ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവേ, എനിക്കു ചൈതന്യം തരുവാൻ എന്റെ

അടുത്തെത്തിയ പരിശുദ്ധാത്മാവേ, അവിടത്തെ ഞാൻ ആദരിക്കാത്തതും വിശ്വസിക്കാത്തതും അംഗീകരിക്കാത്തതുമായ എന്റെ പാപങ്ങൾ എന്നോട് ക്ഷമിക്കേണമേ. എന്റെ തളർച്ച മാറ്റി എന്നെ പുതുബലം ധരിപ്പിക്കേണമേ. മേലിൽ അവിടത്തെ ആശ്രയിച്ചും ആരാധിച്ചും പ്രസാദിച്ചും ഒരു പുതിയ ജിവിതം നയിക്കുമെന്ന് ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു.എന്നോടു മനസ്സലിയണമേ.

## നാല്

പരിശുദ്ധാത്മാവിന്റെ പ്രതീകമാണ് വെള്ളം. ക്രിസ്തു പറഞ്ഞു

> "ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരു നാളും ദാഹിക്കുകയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽനിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരും."
>
> യോഹ 4 : 13 – 14

ക്രിസ്തു ശമര്യസ്ത്രീയോട് സംസാരിക്കയാണ്. നട്ടുച്ചനേരത്ത് വഴി നടന്ന് ക്ഷീണിച്ച് ക്രിസ്തു സുഖാർ കിണററിരികിൽ വന്ന് ഇരിക്കുകയാണ്. അപ്പോൾ വെള്ളം കോരുവാൻ വന്ന സ്ത്രീയോടു ക്രിസ്തു ചോദിക്കുന്നു:

"എനിക്കു കുടിപ്പാൻ തരുമോ?"

ആ സ്ത്രീ, ശമര്യരും യഹൂദരും തമ്മിൽ സമ്പർക്കമില്ലല്ലോ എന്ന് ഓർത്ത് ആശ്ചര്യപൂർവ്വം ക്രിസ്തുവിനോട് ചോദിച്ചു:

"നീ യഹൂദൻ ആയിരിക്കെ ശമര്യക്കാരത്തിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ?"

യോഹ. 4 : 9

അപ്പോൾ കർത്താവ് അവളോട് അരുളി ചെയ്തു;

"നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു."

യോഹ. 4 : 10

ദൈവത്തിന്റെ ദാനമാണ് പരിശുദ്ധാത്മാവ്. ദൈവത്തിന്റെ അത്ഭുത കൃപയാണ് പരിശുദ്ധാത്മാവ്. ജീവനുള്ള വെള്ളമാണ് പരിശുദ്ധാത്മാവ്. ജീവജലം ജീവന്റെ പാനീയം, ആന്തരീകദാഹം മാറ്റുന്ന പരിശുദ്ധാത്മാവ്.

"യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്നവന്നു ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നുവന്നു തുറക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്നാൽ നിങ്ങളിൽ ഒരു അപ്പനോടു മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുമോ? അല്ല, മീൻ ചോദിച്ചാൽ മീനിന്നു പകരം പാമ്പിനെ കൊടുക്കുമോ? മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും."

ലൂക്കോസ് 11 : 9 – 13

പരുശുദ്ധാത്മാവാകുന്ന ജീവജലം നമുക്ക് ലഭിക്കുന്നത് ദൈവത്തിന്റെ ദാനമായിട്ടാണ്. അപ്പോസ്തോലപ്രവൃത്തികൾ വാസ്തവത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളാണ്. അതിൽ അനേകം ഭാഗങ്ങളിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചു, പരിശുദ്ധാത്മാവ് വന്നു എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ കാണാം.

"അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ അത്മാവിനെ പകരും."
അപ്പോ.പ്രവത്തി 2 : 17, യോവേൽ 2 : 28

"അവർ അവുടെമേൽ കൈ വെച്ചപ്പോൾ അവർക്ക് പരിശുദ്ധാത്മാവു ലഭിച്ചു." 8 : 17

"വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവു വന്നു." 10 : 44

"പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും പകർന്നതുകണ്ട് വിസ്മയിച്ചു." 10 : 46

"നിങ്ങൾ വ്ശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" 19 : 2

പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നത് ഒരു മഹാഭാഗ്യമാണ്. ദാഹിക്കുന്നവർക്കാണ് പരിശുദ്ധാത്മാവിനെ ലഭിക്കുന്നത്.

പരിശുദ്ധാത്മാവിന്റെ പ്രതീകമായി ജലം തിരുവചനത്തിൽ അനേകം സ്ഥലങ്ങളിൽ കാണുന്നുണ്ട്.

സങ്കീർത്തനം 23 ൽ "സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്ക് എന്നെ നടത്തുന്നു" എന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം നൽകുന്ന കുളിർമയും ആശ്വസവും മുൻ നിറുത്തിയാണ്.

ഉത്തമഗീതത്തിൽ പറയുന്നു.

"നീ തോട്ടങ്ങൾക്ക് ഒരു നീരുറവും, വറ്റിപ്പോകാത്ത കിണറും ലേബാനോനിൽ നിന്നു ഒഴുകുന്ന ഒഴുക്കുകളും തന്നേ." 4 : 15

യെശയ്യാവ് പറയുന്നു:

"മരുഭൂമിയിൽ വെള്ളവും നിർജ്ജന പ്രദേശത്തു തോടുകളും പൊട്ടിപ്പുറപ്പെടും. മരീചിക ഒരു പൊയ്കയായും വരണ്ട നിലം നീരുറവകളായും തീരും." 35 : 6 – 7

പരിശുദ്ധാത്മാവ് മറഞ്ഞിരിക്കുന്ന തെറ്റുകളെ വെളിപ്പെടുത്തുകയും പാപബോധം നൽകുകയും ചെയ്യുന്നതിനെ പ്രതീകാത്മകമായി യെശയ്യാവ് ചിത്രീകരിക്കുന്നു.

"ഞാൻ ന്യായത്തെ അളവു ചരടും നീതിയെ തൂക്കുകട്ടയും ആക്കിവെക്കും. കന്മഴ വ്യാജശരണത്തെ നീക്കികളയും; വെള്ളം ഒളിപ്പിടത്തെ ഒഴുക്കി കൊണ്ടു പോകും." 28 : 17

"ഞാൻ പാഴ്മലകളിൽ നദികളെയും താഴ്വരയുടെ നടുവിൽ ഉറവകളെയും തുറക്കും; മരുഭൂമിയെ ഞാൻ നീർപൊയ്കയും വരണ്ട നിലത്തെ നീരുറവകളും ആക്കും." 41 : 18

"അതേ, ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജനപ്രദേശത്തു നദികളും ഉണ്ടാക്കും. ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ജനത്തിനു കുടിപ്പാൻ കൊടുക്കേണ്ടതിന്നു ഞാൻ മരുഭൂമിയിൽ വെള്ളവും നിർജ്ജന പ്രദേശത്തു നദികളും നൽകിയിരിക്കുന്നു." 43 : 20

"അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്ത വരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ: വന്നു വാങ്ങിതിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ." 55 : 1

യിരമ്യ പ്രവാചകനും പരിശുദ്ധാത്മാവിന്റെ പ്രതീകമായി വെള്ളത്തെ വിവരിക്കുന്നുണ്ട്.

"യിസ്രായേലിന്റെ പ്രത്യാശയായ യഹോവേ, നിന്നെ ഉപേക്ഷിക്കുന്ന ഏവരും ലജ്ജിച്ചുപോകും, എന്നെ വിട്ടുപോകുന്നവരെ മണ്ണിൽ എഴുതിവെക്കും; അവർ ജീവനുള്ള വെള്ളത്തിന്റെ ഉറവയായ യഹോവയെ ഉപേക്ഷിച്ചു കളഞ്ഞുവല്ലോ."

യിരമ്യവ് 17 : 13

യെഹെസ്കേൽ പരിശുദ്ധാത്മാവിന്റെ പ്രവാഹം ആത്മാവിൽ കണ്ട പ്രവാചകനാണ്. നാല്പത്തേഴാം അദ്ധ്യായം ഒന്നു മുതൽ പന്ത്രണ്ടു വരെ വാക്യങ്ങളിൽ പരിശുദ്ധാത്മ നൽവരത്തെ വിശദമായി വരച്ചുകാണിക്കുന്നു.

ആലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴെനിന്നു ഒഴുകുന്ന വെള്ളത്തെക്കുറിച്ചു നാൽപത്തിയേഴാമദ്ധ്യായം ഒന്നാം വാക്യത്തിൽ കാണുന്നത് പരിശുദ്ധാത്മാവിന്റെ പ്രതിരൂപമായിട്ടാണ്.

ആ വെള്ളം നരിയാണിയോളം ആയി, മുട്ടോളമായി, അരയോളമായി, പിന്നീട് കടപ്പാൻ വഹിയാത്ത നദിയായി, അങ്ങനെ വെള്ളം പൊങ്ങിയെന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധത്മാവിന്റെ നിറവിന്റെ വ്യത്യസ്തപടികളാണ്.

"ഒഴുകിച്ചെന്നു വെള്ളം കടലിൽ വീണിട്ടു

അതിലെ വെള്ളം പത്ഥ്യമായിത്തീരും. എന്നാൽ ഈ നദി ചെന്നു ചേരുന്നെടത്തൊക്കെയും ചലിക്കുന്ന സകല പ്രാണികളും ജീവിച്ചിരിക്കും.” 47 : 8 – 9

“നദീ തീരത്തു ഇക്കരെയും അക്കരെയും തിന്മാൻ തക്കഫലമുള്ള സകലവിധ വൃക്ഷങ്ങളും വളരും; അവയുടെ ഇലവാടുകയില്ല, ഫലം ഇല്ലാതെ പോകയുമില്ല; അതിലെ വെള്ളം വിശുദ്ധമന്ദിരത്തിൽ നിന്നു ഒഴുകിവരുന്നതുകൊണ്ടു അവ മാസം തോറും പുതിയ ഫലം കായ്ക്കും. അവയുടെ ഫലം തിന്മാനും അവയുടെ ഇല ചികിത്സയ്ക്കും ഉതകും.” 47 : 12

ഈ നദിയെക്കുറിച്ച് കോരഹ് പുത്രന്മാർ സങ്കീർത്തനത്തിൽ പറയുന്നത് വളരെ അനുഭവപരമാണ്.

“ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ടു ഭൂമി മാറിപ്പോയാലും, പർവ്വതങ്ങൾ കുലുങ്ങി സമുദ്ര മദ്ധ്യേ വീണാലും, അതിലെ വെള്ളം ഇരച്ചുകലങ്ങിയാലും അതിന്റെ കോപം കൊണ്ട് പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല. ഒരു നദി ഉണ്ട്; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെതന്നേ, സന്തോഷിപ്പിക്കുന്നു. ദൈവം അതിന്റെ മദ്ധ്യേ ഉണ്ട്; അതു കുലുങ്ങിപോകയില്ല; ദൈവം അതികാലത്തു തന്നേ അതിനെ സഹായിക്കും.” സങ്കീ. 46 : 1 – 5

എതിർപ്പുകളും പോരാട്ടങ്ങളും കഷ്ടങ്ങളും നഷ്ടങ്ങളും

വേദനകളും യാതനകളും പെരുകി വരുമ്പോൾ പരിശുദ്ധത്മാവാകുന്ന ജിവ ജലമാണ് നമുക്ക് ആശ്വാസവും കുളിർമയും നൽകുന്നത്. അതാണ് ദൈവമക്കൾക്കുള്ള പദവി. പ്രിയ സ്നേഹിതാ, ഈ ആശ്വാസം നീ പ്രാപിക്കുന്നുണ്ടോ? അലങ്കോലങ്ങളും അലോസരങ്ങളുമുള്ള ഇഹലോകജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സമാധാനവും ശാന്തിയും നീ അനുഭവിക്കുന്നുണ്ടോ?

വാൾട്ടർ ഹാലി ലോകത്തിലെ ഏറ്റവും പ്രശസ്തനായ ഇൻഷൂറൻസ് ഉദ്യോഗസ്ഥനായിരുന്നു. എത്ര പരിശ്രമിച്ചിട്ടും അദ്ദേഹത്തിന് ജോലിയിൽ വിജയിക്കാൻ കഴിഞ്ഞില്ല. ക്വോട്ട തികയ്ക്കാൻ സാധിക്കുന്നില്ല. മുന്നോട്ടുള്ള വാതിലുകൾ അടഞ്ഞു വരുന്നു; ആരും ഒരു പ്രോത്സാഹനവും തരുന്നില്ല. അദ്ദേഹം മടുത്തു, നിരാശയിലാണ്ടു. “എന്നെക്കൊണ്ട് ഈ ജോലിയിൽ തുടരാനാകുമോ?” അദ്ദേഹം പലവട്ടം ചിന്തിച്ചു. നിരാശകൂടിക്കൂടിവന്നു.

ഒരു ദിവസം അദ്ദേഹം തന്റെ മേലുദ്യോഗസ്ഥന്റെ അടുത്തു ചെന്ന് പറഞ്ഞു:

“എനിക്കു വയ്യ. ഞാൻ വിട്ടുപോവുകയാണ്.” “നിങ്ങളെക്കൊണ്ട് അത് സാദ്ധ്യമല്ല” എന്നായിരുന്നു മേലുദ്യോഗസ്ഥന്റെ മറുപടി. വാൾട്ടർ പറഞ്ഞു: “എനിക്കതു സാധിക്കും.” അപ്പോൾ ആ ബോസ് പിന്നെയും പറഞ്ഞു; “ഇല്ല; നിങ്ങൾക്കിത് സാധിക്കുകയില്ല.”

ഇപ്പോൾ വാൾട്ടറിന് കഠിനമായ ദേഷ്യം വന്നു. നല്ല കോപത്തോടെ, വാശിയോടെ പറഞ്ഞു: “ശരി, ഞാനിതാ ഇറങ്ങുകയാണ്.”

അപ്പോൾ ആ ഉയർന്ന ഉദ്യോഗസ്ഥൻ വളരെ ശാന്തനായി,

മൃദുസ്വരത്തിൽ പറഞ്ഞു: “മകനേ, നിനക്ക് ഇൻഷൂറൻസ് ബിസിനസ്സിൽ നിന്ന് ഇറങ്ങിപ്പോകാൻ സാദ്ധ്യമല്ല; കാരണം, നീ ഒരിക്കലും വാസ്തവമായി ഈ ബിസിനസ്സിൽ പ്രവേശിച്ചിട്ടില്ല.”

ഈ വാക്കുകൾ വാൾട്ടർ ഹാലിയെ ചിന്തിപ്പിച്ചു. കാര്യത്തിൽ പ്രവേശിക്കുകയോ വിഷയം ഗൗരവമായി പഠിക്കുകയോ ചെയ്യാതെ പോയതാണ് തന്റെ പരാജയകാരണം എന്ന് അദ്ദേഹം പഠിച്ചു. അദ്ദേഹം കൂടുതൽ ഉത്സാഹത്തോടെ ജോലിചെയ്യാൻ ആരംഭിച്ചു. തളർച്ചകളും വാട്ടങ്ങളും മാറി. ബിസിനസ് കുതിച്ചുയർന്നു. ലോകത്തിലേക്കും ഏറ്റവും സമർത്ഥമായ ഇൻഷൂറൻസ് ബിസിനസ്സുകാരാനായി അദ്ദേഹം വളർന്നു.

ഇതാണ് പരിശുദ്ധാത്മാവ് തരുന്ന കുളിർമയും ആശ്വാസവും, തന്മൂലം ലഭിക്കുന്ന മുന്നേറ്റവും കുതിപ്പും. നിരാശപാടേ മാറ്റും. ക്ഷീണങ്ങളും മ്ലാനതകളും അകറ്റും. പ്രത്യാശയും നവോന്മേഷവും പകരും.

അതാണ് യെഹെസ്കേൽ 36 ൽ പറയുന്നത്:

> “ഞാൻ നിങ്ങളുടെ മേൽ നിർമ്മലജലം തളിക്കും;
> നിങ്ങൾ നിർമ്മലരായി തീരുംന്ഞാൻ നിങ്ങളുടെ
> സകല മലിനതയെയും സകല വിഗ്രഹങ്ങളെയും
> നീക്കി നിങ്ങളെ നിർമ്മലീകരിക്കും.” 36 : 25

പരിശുദ്ധാത്മാവിന്റെ ശുദ്ധീകരണ പ്രക്രിയയെക്കുറിച്ചാണ് ഇവിടെ പറയുന്നത്. വെള്ളം കൊണ്ട് കഴുകി വെടിപ്പാക്കുന്നതുപോലെ പരിശുദ്ധാത്മാവ് നമ്മെ കഴുകി നിർമ്മിലീകരിക്കും.

പരിശുദ്ധാത്മാവിന്റെ നൽവരത്തെ വെള്ളത്തോടു സാദൃശ്യവൽക്കരിച്ച് ജീവന്റെ ഉറവ എന്നു പറഞ്ഞിരിക്കുന്നു; വെളിപാടുപുസ്തകം ഏഴാം അദ്ധ്യയത്തിൽ നാം കാണുന്നു:

"സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാടു അവരെ മേയ്ച്ച് ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുകയും ദൈവം താൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയുകയും ചെയ്യും." 7 : 17

ജീവജലത്തിന്റെ ഉറവുകൾ. അതിന്നരികെ വസിക്കാനുള്ള സൗഭാഗ്യമാണ് ദൈവം നമുക്ക് ദാനമായി നൽകുന്നത്.

ഉൽപത്തിപ്പുസ്തകത്തിൽ നാം കണ്ടു: തോട്ടം നനപ്പാൻ ഒരു നദി പുറപ്പെട്ടു എന്ന്. വെളിപാടു പുസ്തകത്തിൽ പരിശുദ്ധാത്മാവിന്റെ പ്രതീകമായി ആ ജീവജലനദിയെ നാം കാണുകയാണ്.

"ദാഹിക്കുന്നവന് ഞാൻ ജീവനീരുറവിൽ നിന്ന് സൗജന്യമായി കൊടുക്കും." 21 : 6

"വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടു; അതു പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കുതകുന്നു. യാതൊരു ശാപവും ഇനി ഉണ്ടാകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും."

വെളി. 22 : 1 – 3

സ്വർഗ്ഗീയ യെരുശലേമിന്റെ വർണ്ണനയാണിത്. "പുത്തനാമെറുശലേമിൽ എത്തും കാലമോർക്കുമ്പോൾ" എന്നും "നവയെറുശലേം പാർപ്പിടം തന്നിലെ വാസമോർക്കുമ്പോൾ" എന്നും

പാട്ടുകാർ പാടിയിട്ടുള്ളത് ഈ സ്വർഗ്ഗീയ മഹത്വത്തിന്റെ അത്ഭുതകരമായ അനുഭൂതിയെപറ്റിയാണ്. നിത്യം പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയിലും സഖിത്വത്തിലും കുഞ്ഞാടായ കർത്താവായ യേശുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായി പിതാവായ ദൈവത്തിന്റെ തേജോമയമായ സിംഹാസനത്തിന്റെ തിരുമുമ്പാകെ നിന്ന് വിശുദ്ധന്മാരോടു ചേർന്ന് ഹാല്ലെലൂയ്യാ പാടുന്ന സ്വർഗ്ഗീയാനുഭവം!

ആത്മാവിന്റെ സ്നാനം എന്ന ആത്മനിറവ് പ്രാപിക്കുന്നതിനെപ്പറ്റി തിരുവചനത്തിൽ പല ഭാഗങ്ങളിലും നാം കാണുന്നു.

> "യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു."
>
> 1 കോരി 12 : 13

പല വസ്ത്രങ്ങൾ ചായത്തിൽ മുക്കി ഒരുപോലെ ആക്കുന്നതുപോലെ പരിശുദ്ധാത്മാവാകുന്ന വെള്ളത്തിൽ എല്ലാ വിശ്വാസികളെയും സംയോജിപ്പിച്ച് ക്രിസ്തുവിന്റെ ശരീരമായ സഭയോടു ചേർക്കുന്നു. ആത്മാവിന്റെ നിറവിൽ നിന്നു മറ്റുള്ളവരിലേക്ക് ജീവജലം പകരുവാൻ നമുക്ക് സാധിക്കുന്നതുകൊണ്ട് അനേകരുടെ ദാഹം തീർക്കാൻ നമ്മിൽ നിന്നുകൊണ്ട് പരിശുദ്ധത്മാവിന് സാധിക്കുന്നു. ഈ ജീവജല നദി ഒരിക്കലും വറ്റാത്തതാണ്, എത്ര കോരോരിയെടുത്താലും അത് വറ്റുകയില്ല. അത് മറ്റുള്ളവർക്ക് കൊടുക്കുന്തോറും കൂടുതൽ കൂടുതൽ മെത്തിവരും.

സ്നേഹിതാ, ഈ ജീവജലനദിയിൽ നിന്നു നീ കുടിച്ചിട്ടുണ്ടോ? നിന്നിൽ നിന്ന് ജീവജല ഉറവ മറ്റുള്ളവർക്ക് ദാഹം തീർക്കാൻ ഉതകിയിട്ടുണ്ടോ? നീറിപ്പുകഞ്ഞിരിക്കുന്നവർക്ക് ആശ്വാസം

നൽകാൻ നിനക്ക് സാധിച്ചിട്ടുണ്ടോ?

ഇല്ലെങ്കിൽ ഇപ്പോൾത്തന്നേ പരിശുദ്ധാത്മാവാകുന്ന ജീവജലത്തിനുവേണ്ടി നീ ദാഹിക്കുക. ആത്മാവിനു വേണ്ടി നിന്നെത്തന്നെ ഒരുക്കുക. ആത്മനിറവിന്റെ വിശുദ്ധാരാധനയുടെ സൗഭാഗ്യം അനുഭവിക്കുക.

## അഞ്ച്

പരിശുദ്ധാത്മാവിന്റെ പ്രതീകമാണ് കാറ്റ്

> “പെന്തെകോസ്ത്നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടന്നു കൊടിയ കാറ്റടിക്കുന്നതു പോലെ ആകാശത്തു നിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടുമുഴുവനും നിറെച്ചു.” അപ്പാ. പ്രവൃ 2 : 1 – 2

പരുശുദ്ധാത്മാവ് അദൃശ്യമാണ്. എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ ദൃശ്യമാണ്. കാറ്റ് നമുക്ക് അദൃശ്യമാണ്. എന്നാൽ കാറ്റ് ഊതുന്നതുമൂലമുണ്ടാകുന്ന ചലനങ്ങൾ ദൃശ്യമാണ്.

> “കാറ്റു ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അത് എവിടെ നിന്നു വരുന്നു എന്നും എവിടേക്ക് പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു.” യോഹ. 3 : 8

വായുവാണ് ജീവൻ നൽകുന്നത്. മൂക്കിൽ ജീവശ്വാസമൂതി യാണ് ദൈവം മനുഷ്യനെ ജീവനുള്ള ദേഹിയാക്കിത്തീർത്തത്.

> "മനുഷ്യരിൽ ആത്മാവുണ്ടല്ലോ; സർവ്വശക്തന്റെ ശ്വാസം അവർക്ക് വിവേകം നൽകുന്നു" എന്ന് ഇയ്യോബിന്റെ പുസ്തകത്തിൽ കാണുന്നത് ദൈവം ജീവശ്വാസമൂതി മനുഷ്യനെ ജീവനുള്ളവനാക്കുന്നു എന്ന വസ്തുതയാണ് സൂചിപ്പിക്കുന്നത്."
>
> ഇയ്യോബ്. 32 : 8

"യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി" എന്നു സങ്കീർത്തനങ്ങൾ മുപ്പത്തിമൂന്നിന്റെ ആറിൽ കാണുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന ശ്വാസം ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ യാണ് കാണിക്കുന്നത്.

കാറ്റിന്റെ ശക്തി അപാരമാണ്. വൻ വൃക്ഷങ്ങളെ കടപുഴ ക്കുന്നതും വലിയ കെട്ടിടങ്ങൾ നിലംപൊത്തുമാറാക്കുന്നതും കാറ്റിന്റെ അസാധാരണ ശക്തികൊണ്ടാണ്. പരിശുദ്ധാത്മാവിന്റെ ശക്തി അനിതരസാധാരണമാണ്. വൻ നഗരങ്ങളെ താറുമാറാ ക്കുവാനും ഉത്തുംഗസൗധങ്ങളെ നിലംപരിചാക്കാനും കാറ്റിന് കഴിയുന്നതുപോലെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ എന്തെന്തു ചലനങ്ങളും മഹാത്ഭുതങ്ങളുമാണ് നടക്കുന്നത്! ജോൺവെസ്ലി മുഖാന്തരം ഉണ്ടായ ആത്മീയ ഉണർവ്വുമൂലം എന്ത് മാറ്റമാണ് മനുഷ്യനിൽ ഉണ്ടായത്! വെയിൽസിലെ ആത്മീയ ഉണർവ്വ് ഉണർവ്വിന്റെ ചരിത്രത്തിലെ അത്ഭുതപ്രതിഭാ സമത്രേ. പരിശുദ്ധാത്മാവിന്റെ കാറ്റ് ഊതിയതുമൂലം എത്ര യെത്ര ജീവിതങ്ങൾ രൂപാന്തരപ്പെട്ടു! കൊലപാതകികളും സാമൂ ഹ്യദ്രോഹികളും മാനാസാന്തരപ്പെട്ടു! നിഷ്ഠൂരന്മാരും ക്രൂരന്മാ രുമായ എത്രയോ ആളുകളുടെ സ്വഭാവം നന്നായി.!

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ കാറ്റിനോട് സാദൃശ്യ വൽക്കരിച്ചുള്ള വിവരണങ്ങൾ തിരുവെഴുത്തിലുണ്ട്. കാറ്റ് ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ച് തിരുവചനം പറയുന്ന ഭാഗങ്ങൾ ഓരോന്നായി ചിന്തിക്കാം.

ഒന്നാമതായി, കാറ്റ് ജീവൻ നൽകുന്നു. "യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു." ഉൽപത്തി 2 : 7

ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപം എന്താണ്? ദൈവത്തിന്റെ തേജസ്സ്; ദൈവത്തിന്റെ പരിശുദ്ധി; ദൈവത്തിന്റെ ആളത്വം; ദൈവ ത്തിന്റെ അതേ പ്രതിമ (image)

ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും മനുഷ്യൻ പാപം മൂലം നഷ്ടപ്പെടുത്തി. പാപം കൊണ്ടുവന്ന സാത്താന്റെ ആലോ ചനയ്ക്ക് മനുഷ്യൻ ഇടം കൊടുത്തതുമൂലം ദൈവത്തിന്റെ സ്വരൂ പവും സാദൃശ്യവും നഷ്ടപ്പെടുത്തുക മാത്രമല്ല, പൈശാചിക പ്രതിമ പ്രാപിക്കുകയും ചെയ്തു. പൈശാചികഛായ എന്നു പറയുന്നത് ആത്മാവിലുള്ള ഛായയാണ് (Image of satan in spirtit)

അങ്ങനെ ഒന്നാം ആദാം പാപം ചെയ്തതുമൂലം മനുഷ്യരെ ല്ലാവരും ദൈവീക സ്വരൂപവും സാദൃശ്യവും നഷ്ടപ്പെടുത്തി. അപ്പോസ്തോലനായ പൗലോസ് പറയുന്നതുപോലെ,

> "ഏകമനുഷ്യനാൽ പാപവും പാപത്താൽ മര ണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു." റോമർ 5 : 12

"പാപം ചെയ്യുന്ന ദേഹിമരിക്കും" എന്നും "പാപം ചെയ്യുന്ന നാളിൽ മരിക്കും" എന്നും പറഞ്ഞിരിക്കുന്ന വചനം "പാപത്തിന്റെ ശമ്പളം മരണമത്രേ" എന്ന വചനത്തോട് ബന്ധപ്പെടുത്തി നാം ചിന്തിക്കുമ്പോൾ മനസ്സിലാകും ശരീരമല്ല മരിക്കുന്നത്, പാപത്തിന്റെ ഫലമായി ആത്മാവാണ് മരിക്കുന്നത് എന്ന്. അതായത് ദൈവിക സ്വരൂപവും സാദൃശ്യവുമായ പരിശുദ്ധാത്മാവ് പാപിയെ വിട്ടുമാറുന്നു.

നഷ്ടപ്പെട്ടുപോയ സ്വരൂപവും സാദൃശ്യവും മനുഷ്യന് തിരികെ നൽകാനാണ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ കർത്താവായ യേശുക്രിസ്തു ഭൂമിയിൽ തിരു അവതാരം ചെയ്തതും പാപമില്ലാത്ത ദൈവപുത്രൻ ഒരു പാപിയെപ്പോലെ ക്രൂശിൽ മരിച്ചതും.

അതാണ് പൗലോസ് പറയുന്നത്:

> "ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധിലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും. അങ്ങനെ ഏകലംഘനത്താൽ സകല മനുഷ്യർക്കും ശിക്ഷാവിധിവന്നതുപോലെ ഏകനീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു. ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും." റോമർ. 5 : 17 – 19

> "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്നു എഴുതിയിരിക്കുന്നുവല്ലോ, ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി,

ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്നു മണ്ണുകൊണ്ടുള്ളവൻ, രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ളവൻ. മണ്ണുകൊണ്ടുള്ളവനെപ്പോലെ മണ്ണുകൊണ്ടുള്ളവരും സ്വർഗ്ഗീയനെപ്പോലെ സ്വർഗ്ഗീയന്മാരും ആകുന്നു. നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും."

1 കോരി. 15 : 45 – 49

ഒന്നാം മനുഷ്യനായ ആദാമിന്റെ പാപംമൂലം എല്ലാവരും പൈശാചിക പ്രതിമ ധരിച്ചതിനാൽ, മനുഷ്യൻ ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും തിരികെ തരാൻ ആണ് ക്രിസ്തു ക്രൂശിൽ മരിച്ചത്. ക്രിസ്തുവിന്റെ ക്രൂശിലെ തിരുബലിയെ വിശ്വസിച്ച്, അംഗീകരിച്ച്, സാത്താനെയും പാപത്തെയും ഉപേക്ഷിച്ച് മിശിഹാതമ്പുരാനെ സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവാകുന്ന കാറ്റ് ഊതി മനുഷ്യന് വീണ്ടും ജനനം നൽകുന്നു.

അങ്ങനെ, രണ്ടാമതായി, കാറ്റ് "വീണ്ടും ജനനം" നൽകുന്നു.

"കാറ്റ് ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അതു എവിടെ നിന്നു വരുന്നു എന്നും എവിടേക്ക് പോകുന്നു എന്നും അറിയുന്നില്ല." യോഹ 3 : 8

എന്ന് കർത്താവ് നിക്കോദേമെസിനോട് പറയുന്നത് പരിശുദ്ധാത്മാവ് നൽകുന്ന വീണ്ടും ജനനത്തെ വിശദീകരിച്ചുകൊണ്ടാണ്.

പത്രോസ് പറയുന്നു:

"കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവ വചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു."

1 പത്രോസ് 1 : 23

മരിച്ചുപോയ ആത്മാവിനെ ജീവിപ്പിക്കുകയാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്. ആത്മാവാൽ മരിച്ചുപോയിരിക്കുന്ന അവസ്ഥയിലും ശരീരം ചലിക്കും. ശരീരം പ്രസംഗിക്കും. ശരീരം പാട്ടുപാടും, ശരീരം സ്തുതിക്കും, ശരീരം ആരാധിക്കും. എല്ലാം ജീവനില്ലാത്ത ചടങ്ങുകളായിരിക്കും.

ക്രിസ്തുവിന്റെ വചനം കേൾക്കുകയും വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതു മൂലമാണ് വീണ്ടും ജനനം സംഭവിക്കുന്നത്. ക്രിസ്തു പറഞ്ഞു:

> "മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു."
>
> യോഹ 5 : 25

"നീ എവിടെ" എന്ന് ഒന്നാം മനുഷ്യനായ ആദാമിനെ വിളിച്ചുകൊണ്ട് ഏദെൻ തോട്ടത്തിലൂടെ നടന്ന ദൈവത്തിന്റെ ശബ്ദം, "ലാസറേ പുറത്തുവരിക" എന്ന്, ചീഞ്ഞ് , ദുർഗന്ധം വമിച്ച്, കിടന്ന ലാസറിന്റെ മൃതദേഹത്തിലേക്കു നോക്കി വിളിച്ച ജീവന്റെ ശബ്ദം, മകനേ, നിന്റെ ഹൃദയത്തിൽ മുഴങ്ങുമ്പോഴാണ് നിനക്ക് വീണ്ടും ജനനാനുഭവം ലഭിക്കുന്നത്.

പ്രിയ ദൈവപൈതലേ, നീ വീണ്ടും ജനിച്ചുവോ? നിന്റെ ആത്മാവ് ഇന്ന് മരിച്ചിരിക്കുന്നോ? അതോ, ജീവിച്ചിരിക്കുന്നുവോ? നിനക്ക് ക്രിസ്തുവിന്റെ സ്വരൂപവും സാദൃശ്യവും ഉണ്ടോ? ക്രിസ്തു ക്രൂശിൽ കാണിച്ചുതന്ന സ്നേഹം നിന്റെ ഉള്ളത്തിൽ തുടിക്കുന്നുണ്ടോ? ക്രിസ്തുവിന്റെ മനസ്സുള്ളവനായി നീ തീർന്നുവോ? നീ ക്രിസ്തുവിന്റെ ഛായ പ്രാപിച്ചുവോ? നിന്നെ വീണ്ടും ജനനാനുഭവത്തിലേക്കു നയിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപക്കായി നീ യാചിച്ചുവോ? ഒരു born again experi-

ence വേണമെന്ന് നീ വാസ്തവമായി ആഗ്രഹിക്കുന്നുവോ? എങ്കിൽ പ്രിയസ്നേഹിതാ, പ്രിയസഹോദരീ, നിന്റെ ജീവിതം ക്രിസ്തുവിന്റെ മുറിവേറ്റ പാദത്തിൽ നീ സമർപ്പിക്കൂ. ഇതുവരെ വന്നുപോയ സകല പാപങ്ങളും നീ ഏറ്റുപറഞ്ഞുപേക്ഷിക്കൂ. ഇപ്പോൾ മുതൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കിമെന്ന് തീരുമാനിക്കൂ. ആ തീരുമാനം തന്ന ദൈവത്തെ സ്തുതിക്കൂ. ആ തീരുമാനത്തിലേക്ക് നിന്നെ നടത്തുന്ന പരിശുദ്ധാത്മാവിന്റെ ഛായ പ്രാപിച്ച് നിന്റെ വീണ്ടുപ്പുകാരനെ സാക്ഷിക്കൂ.

ഈ അനുഭവം ലഭിക്കുന്നതിനെക്കുറിച്ച് ആത്മാവിന്റെ നിറവോടെ പൗലോസ് പറയുന്നത് ശ്രദ്ധിക്കൂ:

> "കർത്താവിങ്കലേക്കു തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകും. കർത്താവ് ആത്മാവ് ആകുന്നു; കർത്താവിന്റെ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു."
>
> കോരി. 3 : 16 – 18

ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളിൽ ഷിക്കാഗോയിലെ എഡ്ജ് വാട്ടർ ഹോട്ടലിൽ (Edge Water Hotel) ലോകത്തിലെ ഏറ്റവും വലിയ ധനാഢ്യരായ ഉന്നതന്മാർ സമ്മേളിച്ചു. അമേരിക്കയിലെ ഏറ്റവും വലിയ സ്റ്റീൽ കമ്പനിയുടെ പ്രസിഡണ്ട്, യൂട്ടിലിറ്റി കമ്പനിയുടെയും ഗ്യാസ് കമ്പനിയുടെയും പ്രസിണ്ടുമാർ, ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിന്റെയും ബാങ്ക് ഓഫ് ഇന്റർനാഷണൽ സെറ്റിൽമെന്റിന്റെയും പ്രസിഡണ്ടുമാർ എന്നിവരായിരുന്നു അവർ. വളർച്ചയുടെയും വിജയത്തിന്റെയും

ഔന്നത്യത്തിന്റെയും പ്രതീകങ്ങളായിരുന്നു അവർ.

എന്നാൽ 25 വർഷങ്ങൾക്കുശേഷം ആ കഥയാകെ മാറി. സാമുവൽ ഇൻസൽ, അമേരിക്കയുടെ ഏറ്റവും വലിയ യൂട്ടിലിറ്റി കമ്പനിയുടെ പ്രസിഡണ്ട് ഒരു പൈസയുമില്ലാത്ത ഒരഭയാർത്ഥിയായി ഒരു വിദേശ രാജ്യത്ത് മരിച്ചു. ഏറ്റവും വലിയ ഉരുക്കു കമ്പനിയുടമയായ ചാൾസ് സ്ഖ്വാബ് കടക്കെണിയിൽ കുടുങ്ങി നിരാശനായി മരിച്ചു. ഏറ്റവും വലിയ ഗ്യാസ് കമ്പനിയുടമയായ ഹോവാർഡ് ഹോപ്സൺ മുഴുഭ്രാന്തനായിത്തീർന്നു. ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ പ്രസിഡണ്ടായ റിച്ചാർഡ് വിറ്റ്നി അൽക്കസ്റ്റാസ് ജയിലിൽ ഏറെക്കാലം തടവുപുള്ളിയായി കിടന്നതിനുശേഷം മോചനം പ്രാപിച്ചു. താമസിയാതെ നിരാശനായി മരിച്ചു. ബാങ്ക് ഓഫ് ഇന്റർനാഷണൽ സെറ്റിൽമെന്റിന്റെ പ്രസിഡണ്ടായിരുന്ന ലിയോൺ ഫ്രേസർ ആത്മഹത്യ ചെയ്തു.

ഇവരെല്ലാം എങ്ങനെ സമ്പാദിക്കാമെന്ന് മനസ്സിലാക്കി. പക്ഷെ എങ്ങനെ ജീവിക്കണമെന്ന പഠിച്ചില്ല. പരിശുദ്ധാത്മാവിനെ പ്രാപിച്ച് ഒരു പുതിയ സൃഷ്ടിയായി ജീവിക്കുന്നവനാണ് ഏറ്റവും ഭാഗ്യവാൻ. ദൈവത്തോടു കൂടെ, ദൈവഹിത പ്രകാരം, ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യനായി ജീവിക്കുന്നതാണ് ജീവിതത്തിലെ ശ്രേഷ്ഠമായ അനുഭവം എന്ന് തിരിച്ചറിയുമ്പോഴാണ് ഇതുവരെയുള്ള ജീവിതം പാഴായിപ്പോയല്ലോ എന്ന് നാം മനസ്സിലാക്കുന്നതും ഒരു പുതിയ ജീവിതം തുടങ്ങുന്നതും.

മൂന്നമതായി, പാറ്റുന്ന കാറ്റ്. കാറ്റ് നെല്ലും പതിരും വേർതിരിക്കുന്നു, യോഹന്നാൻ സ്നാപകൻ യേശുവിനെക്കുറിച്ച് സാക്ഷിച്ചു.

"അവൻ നിങ്ങളെ പരിശുദ്ധാത്മാവ് കൊണ്ടും തീ

കൊണ്ടും സ്നാനം കഴിപ്പിക്കും. അവന്നുവീശുമുറം കൈയിൽ ഉണ്ട്. അവൻ കളത്തെ മുറ്റും വെടിപ്പാക്കി ഗോതമ്പ് കളപ്പുരയിൽ കൂട്ടി വെക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും ചെയ്യും." ലൂക്കോസ് 3 : 17

പരിശുദ്ധാത്മാവാകുന്ന കാറ്റ് നമ്മിൽ മൂല്യമില്ലാത്തവയെ നമ്മിൽ നിന്ന് വീശിയകറ്റുന്നു. വിലകെട്ടവയായി പലതും നമ്മുടെ ജീവിതത്തിലുണ്ട്. അതെല്ലാം നമ്മുടെ ജീവിതത്തിൽ പ്രാർത്ഥനയോടും ആത്മീയശുശ്രൂഷയോടും എല്ലാം ഇടകലർന്ന് കിടക്കുകയാണ്. മുള്ളിന്നിടയിൽ വീണ വിത്ത് മുളച്ചുവളരുന്നുണ്ടെങ്കിലും മുള്ള് അവയെ ഞെരുക്കിക്കളയുന്നത് കൊണ്ട് നല്ല ഫലം പുറപ്പെടുവിക്കാൻ സാധിക്കാതെ പോകയാണ്.

അതുപോലെ ജീവിതത്തിലെ വില കെട്ടതും ദോഷകരവുമായതെല്ലാം പാറ്റി അകറ്റുന്നത് പരിശുദ്ധാത്മാവാകുന്ന കാറ്റിന്റെ പ്രവൃത്തിയാണ്. കളപ്പുരയിൽ കൂട്ടിവെക്കേണ്ട ഗോതമ്പിന്റെ കൂടെ ഇന്ന് പതിര് ഏറെ കലർന്ന് കിടപ്പുണ്ട്. അവയെ മാറ്റുന്ന ശുദ്ധീകരണ പ്രക്രിയയ്ക്ക് നാം വിധേയരാകേണ്ടതാണ്.

ഈ ഭൂമിയിൽ ആയുസ്സോടെ ഇരിക്കുമ്പോൾ പതിരുമാറ്റികളയുവാൻ നാം തയ്യാറായില്ലെങ്കിൽ അന്ത്യനാളിൽ വീശുമുറം കൊണ്ടുവീശി, കളത്തെ മുറ്റും വെടിപ്പാക്കി, ഗോതമ്പ് കളപ്പുരയിൽ കൂട്ടിവെയ്ക്കുകയും പതിർ കെടാത്ത തീയിൽ ഇട്ട് ചുട്ടുകളയുകയും ചെയ്യും. ദൈവത്തിന്റെ ഇഷ്ടമോ നമ്മുടെ ശുദ്ധീകരണം തന്നെയാണ്. ഇവിടെ വെച്ച് ശുദ്ധീകരണം പ്രാപിച്ചില്ലെങ്കിൽ, പാപക്ഷമയും പാപമോചനവും അനുഭവിച്ചില്ലെങ്കിൽ മരണശേഷം നിത്യന്യായവിധിയിൽ നിത്യദണ്ഡനത്തിലേക്ക് തള്ളപ്പെടുന്നവരുടെ കൂടെയായിപ്പോകും.

അതുകൊണ്ടാണ് കർത്താവിന്റെ രണ്ടാമത്തെ വരവിൽ സംഭ വിക്കുന്നതിനെക്കുറിച്ച് ക്രിസ്തു മുൻകൂട്ടി പറഞ്ഞത്:

"അന്ന് രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒരു തിരിക്കല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരു ത്തിയെ കൈക്കൊള്ളും, മറ്റവളെ ഉപേക്ഷിക്കും. നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്ക കൊണ്ടു ഉണർന്നിരി പ്പിൻ."

മത്തായി 24 : 40 – 42

"ആ രാത്രിയിൽ രണ്ടുപേർ ഒരു കിടക്കമേൽ ആയിരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒന്നിച്ചുപൊടിച്ചുകൊണ്ടി രിക്കും; ഒരുത്തിയെ കൈക്കൊള്ളും; മറ്റവളെ ഉപേ ക്ഷിക്കും. രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു."

ലൂക്കോസ് 17 : 34 – 36

ആ അന്തിമദിവസത്തെക്കുറിച്ച് യോവേൽ പ്രവാചകൻ യേശു ക്രിസ്തു ജനിക്കുന്നതിന് എണ്ണൂറിലേറെ വർഷം മുമ്പ് പ്രവചി ച്ചിട്ടുണ്ട്:

"ആ ദിവസം അയ്യോ കഷ്ടം! യഹോവയുടെ ദിവസം അടുത്തിരിക്കുന്നു. അതു സർവ്വശക്തന്റെ പക്കൽ നിന്നു സംഹാരം പോലെ വരുന്നു."

യോവേൽ 1 : 15

"യഹോവയുടെ ദിവസം വലുതും അതിഭയങ്കര വുമാകുന്നു; അതു സഹിക്കാവുന്നവൻ ആർ?

> എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയ ത്തോടും ഉപവാസത്തോട്ടും കരച്ചിലോടും വിലാപ ത്തോടും കൂടെ എങ്കലേക്കു തിരിവിൻ എന്ന് യഹോ വയുടെ അരുളപ്പാട്; വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ."
>
> യോവേൽ 2 : 11 – 13

പ്രിയസ്നേഹിതരേ, പാറ്റുന്ന കാറ്റിൽ ഇന്നുതന്നെ നിങ്ങ ളിലുള്ള പതിരുകളെ ദൂരീകരിപ്പിൻ. കറതീർന്ന ജീവിതം നയി പ്പിൻ. ഒരു വിശുദ്ധജീവിതം തുടങ്ങുന്നതിനായി വന്നുപോയ പാപങ്ങളെ തകർന്ന ഹൃദയത്തോടെ ഏറ്റുപറയുവിൻ. പുതിയ ജീവിതം ആരംഭിപ്പിൻ. മേലിൽ ദൈവം വ്യസനിക്കുന്നയാ തൊന്നും എന്നിൽ വരികയില്ലെന്നു ഉറയ്ക്കുവിൻ. പരിശുദ്ധാ ത്മാവിന്റെ കാറ്റ് നിങ്ങളിൽ വീശിക്കൊണ്ടിരിക്കട്ടെ.

# ആറ്

"പരിശുദ്ധാത്മാവാകുന്ന കാറ്റ് ജീവൻ നൽകുന്നു; വീണ്ടും ജനനം നൽകുന്നു; പതിരും ഗോതമ്പും വേർതിരിക്കുന്നു.

നാലാമതായി, കാറ്റ് വിഘ്നങ്ങൾ അകറ്റുന്നു.

> "യഹോവ അന്നു രാത്രി മുഴുവനും മഹാശക്തി യുള്ള ഒരു കിഴക്കൻ കാറ്റുകൊണ്ടു കടലിനെ പിൻവാങ്ങിച്ചു ഉണങ്ങിയ നിലം ആക്കി; അങ്ങനെ വെള്ളം തമ്മിൽ വേർ പിരിഞ്ഞു."
>
> പുറപ്പാട് 14 : 21

മിസ്രയീമിലെ ഫറവോന്റെ അടിമത്തത്തിൽ നിന്ന് വിമോചനം പ്രാപിച്ച് യിസ്രായേൽ ജനം മുന്നോട്ടുപോവുകയാണ്. വിഭവ സമൃദ്ധവും ഫലഭൂയിഷ്ഠവുമായ കനാനെലാക്കാക്കിയാണ് അവർ പോകുന്നത്. "പോലും തേനും ഒഴുകുന്ന ദേശം" എന്നു മോശ പറഞ്ഞ മധുരക്കിനാക്കൾ അയവിറക്കിക്കൊണ്ടാണ് അവർ പോകുന്നത്.

അപ്പോഴാണ് മുന്നിൽ ചെങ്കടൽ കാണുന്നത്. വിശാലമായി,

വിസ്തൃതമായി, കരകാണാനാവാത്ത പെരിയ പാരാവാരം. യിസ്രായേൽ ജനം അമ്പരപ്പോടെ നിന്നു. എങ്ങനെ മുന്നോട്ടു പോകും?

അപ്പോൾ കേൾക്കാം, ആരവാരവും കുതിരക്കുളമ്പടി ശബ്ദവും. ഫറവോനും സൈന്യവും തേരും കുതിരയുമായി പിന്തുടരുകയാണ്. പ്രാചീന ഈജിപ്ഷ്യൻ സംസ്ക്കാരത്തിന്റെ കാവൽ പടയാളികളായ മിസ്രയീം സൈന്യം യിസ്രായേൽക്കാരെ പടവാളിന്നൂണാക്കും.

അവർ വഴിമുട്ടി നിന്നു, മുന്നിൽ ചെങ്കടൽ. പിന്നിൽ വമ്പട ഒരു ചുവട് മുന്നോട്ടു വെയ്ക്കാനാവുകയില്ല. പിന്നോട്ടും സാദ്ധ്യമല്ല. മുന്നോട്ട് നീങ്ങയാൽ ചെങ്കടലിലെ പെരുവെള്ളത്തിൽ ചാകും. പിന്നോട്ടോടിയാൽ മിസ്രയീം രഥചക്രങ്ങളിൽ ചതഞ്ഞരയും.

ജനം പരഭ്രാന്തരായി. അവർ മോശയ്ക്കു നേരെ പിറുപിറുത്തു. മത്സരമനോഭാവത്തോടെ അവർ മോശയോട് ചോദിച്ചു.

> "മിസ്രയീമിൽ ശവക്കുഴിയില്ലാഞ്ഞിട്ടോ നീ ഞങ്ങളെ മരുഭൂമിയിൽ മരിപ്പാൻ കൂട്ടികൊണ്ടുവന്നത്.? മരുഭൂമിയിൽ മരിക്കുന്നതിനേക്കാൾ മിസ്രയീമ്യർക്ക് വേലചെയ്യുന്നതായിരുന്നു ഞങ്ങൾക്കു നല്ലത്?" പുറ. 14 : 11 – 12

മോശ പതറിയില്ല. മോശ ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവപുരുഷന് മറ്റെന്തു ചെയ്യാൻ കഴിയും? വ്യക്തമായ ബോധ്യത്തോടെ, ദൃഢവിശ്വാസത്തോടെ, മോശ ജനത്തോടു പറഞ്ഞു:

> "ഭയപ്പെടേണ്ട; ഉറച്ചുനിൽക്കുവിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടു

> കൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരു നാളും കാണുകയില്ല. യഹോവ നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും: നിങ്ങൾ മിണ്ടാതിരിപ്പിൻ." പുറ. 14 : 13 – 14

ദൈവത്തിന്റെ ആലോചനയും നടത്തിപ്പും ലഭിക്കാൻ ദൈവപുരുഷൻ ധ്യാനനിഗമഗ്നനായി നിന്നു. മോശയ്ക്ക് ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചു:

> "നീ എന്നോടു നില വിളിക്കുന്നതു എന്ത്? മുമ്പോട്ട് പോകുവാൻ യിസ്രയേൽമക്കളോടു പറയുക. വടി എടുത്തു നിന്റെ കൈ കടലിന്മേൽ നീട്ടി അതിനെ വിഭാഗിക്ക; യിസ്രായേൽ മക്കൾ കടലിന്റെ നടുവെ ഉണങ്ങിയ നിലത്തുകൂടി കടന്നുപോകും."
> പുറ. 14 : 15 – 16

ഫറവോന്റെ സൈന്യം യിസ്രായേൽ മക്കളോട് അടുക്കാത വണ്ണം ദൈവം നിറുത്തിയ മേഘസ്തംഭം രണ്ടുകൂട്ടർക്കും ഇടയിൽ നിന്നു. തന്മൂലം മിസ്രയീമ്യർക്ക് അന്ധകാരവും മേഘവുമായിരുന്നു. യിസ്രയേൽക്കാർക്ക് മുമ്പിൽ അഗ്നിസ്തംഭം നിന്നു. തന്മൂലം രാത്രിയിലും അവർക്കു പ്രകാശമായിരുന്നു.

> "മോശ കടലിന്മേൽ കൈനീട്ടി, യഹോവ അന്നു രാത്രി മുഴുവനും മഹാശക്തിയുള്ള ഒരു കിഴക്കൻ കാറ്റു കൊണ്ടു കടലിനെ പിൻവാങ്ങിച്ചു ഉണങ്ങിയ നിലം ആക്കി. അങ്ങിനെ വെള്ളം തമ്മിൽ വേർപിരിഞ്ഞു." പുറ. 14 : 21

അപ്പോൾ നടന്ന മഹാത്ഭുതം ചരിത്രത്തിലെ ഒരതിശയ വിഷയമാണ്.

> "യിസ്രായേൽ മക്കൾ കടലിന്റെ നടുവിൽ ഉണ

ങ്ങിയ നിലത്തുകൂടി നടന്നുപോയി; അവരുടെ ഇടത്തും വലത്തും വെള്ളം മതിലായി നിന്നു."
പുറ. 14 : 22

മോശയും ജനവും ചെങ്കടൽ കടന്ന് അപ്പുറം ചെന്നപ്പോൾ ജീവനുള്ള ദൈവത്തിന് മഹത്വം കൊടുത്തുകൊണ്ടു പാടി:

"നിന്റെ മൂക്കിലെ ശ്വാസത്താൽ വെള്ളം കുന്നിച്ചു കൂടി; പ്രവാഹങ്ങൾ ചിറപോലെ നിന്നു. ആഴങ്ങൾ കടലിന്റെ ഉള്ളിൽ ഉറച്ചുപോയി." പുറ. 15 : 8

ദൈവമക്കളുടെ മുന്നിലെ തടസ്സങ്ങളെ നീക്കുന്നതാണ് പരിശുദ്ധാത്മാവാകുന്ന കാറ്റ്. ഘോരമായ പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ജീവിതത്തിന്റെ മുന്നേറ്റത്തെ തടയുമ്പോൾ പരിശുദ്ധാത്മാവ് ശക്തിയോടെ വ്യാപരിച്ച്നമുക്ക് മുന്നോട്ട് പോകാനുള്ള വഴി തെളിച്ചു തരും. നാം ഏകാകികൾ എന്നു വിചാരിച്ച് പതറുമ്പോൾ, "എനിക്കാരുമില്ല; എന്നെ സഹായിപ്പാൻ ആരുമില്ല" എന്നോർത്തു തളരുകയും നിരാശപ്പെടുകയും ചെയ്യുമ്പോൾ, പരിശുദ്ധാത്മാവ് നമ്മോടു ചേർന്നുനിന്ന് നമുക്ക് ധൈര്യംതരും; പ്രത്യാശതരും; വിഘ്നങ്ങളെ തകർത്തുതരും. ഉഗ്രമായ എതിർപ്പുകളും ആക്രമണവും നേരിട്ടു നാം ആടി ഉലയുമ്പോൾ, പരിശുദ്ധാത്മാവ് നമുക്ക് താങ്ങും തണലുമായി നമ്മോടു കൂടെയിരിക്കും.

ആഫ്രിക്കയിലെ കിരാതവർഗ്ഗക്കാരുടെ ഇടയിൽ ഒരാചാരമുണ്ട്. അടുത്ത കിരീടാവകാശിയായ രാജകുമാരൻ രാജാവാകണമെങ്കിൽ വളരെ ദുഷ്കരമായ ഒരു പരീക്ഷ നേരിടുകയും ജയിക്കുകയും ചെയ്യണമായിരുന്നു. രാജകുമാരൻ രാത്രി ഘോരമായ വനത്തിലൂടെ നടന്ന് ഏതാണ്ട് ഇരുപതുനാഴിക ദൂരം സഞ്ചരിച്ച് വനത്തിന്റെ അപ്പുറം സുരക്ഷിതനായി എത്തിയാൽ

രാജാവാക്കും. സിംഹം, കടുവ, പുള്ളിപ്പുലി, കരടി, ചെന്നായ്, കാട്ടുപോത്ത് മുതലായ വന്യമൃഗങ്ങളുടെ ആക്രമണത്തെ അതിജീവിക്കണം, ആയുധം ഒന്നും കൈവശം ഉണ്ടായിരിക്കയുമരുത്.

ഒരു ദിവസം രാജാവിന്റെ ഏകജാതനായ മകൻ അടുത്ത രാജാവാകാനുള്ള പരീക്ഷയെ നേരിടാനൊരുങ്ങി. അവന്റെ പിതാവും മാതാവും പ്രിയപ്പെട്ടവരും കരഞ്ഞ് അവനെ യാത്രയാക്കി. ഒരായുധവുമില്ലാതെ ഘോര കാന്താരത്തിൽക്കൂടെ പോകുന്ന ഈ മകനെ ഇനി കാണുമോ എന്ന ആശങ്കയിൽ എല്ലാവരും കരഞ്ഞുകൊണ്ട് അവനെ യാത്രയാക്കി.

കല്ലും മുള്ളും ചവിട്ടി, ഒരു നടപ്പാതപോലുമില്ലാത്ത വനത്തിൽക്കൂടെ ആ യുവാവ് നടന്നു നീങ്ങി. കുറെ പോയപ്പോൾ പിന്നിൽ ഇടയ്ക്കിടയ്ക്ക് ഒരു ശബ്ദം കേൾക്കാം. ആരോ സമീപിക്കുന്നതുപോലെയുള്ള ശബ്ദം. നല്ല കൂരിരുട്ടാണ്. വല്ല വന്യമൃഗവും ആണോ? ആ യുവാവ് ഭീതിയോടെ നടന്നു. പ്രഭാതമായപ്പോഴേക്കും അപകടം ഒന്നും ഭവിക്കാതെ അപ്പുറമെത്തി.

അവൻ തിരിഞ്ഞുനോക്കുമ്പോൾ ആരോ പിന്നിൽ നിന്ന് വരുന്നു. അത് അവന്റെ പിതാവായിരുന്നു! അദ്ദേഹം പറഞ്ഞു;

"മകനെ, നിന്നെ ഏകനായി അയയ്ക്കാൻ എനിക്ക് മനസ്സുവന്നില്ല. ഞാനീ വില്ലും അമ്പും എടുത്ത് രാത്രിമുഴുവൻ നിന്റെ പിറകെയുണ്ടായിരുന്നു. നിനക്ക് ആപത്തൊന്നും വരാതെ നിന്നെ സൂക്ഷിപ്പാനാണ് ഞാൻ ആയുധമെടുത്ത് നിന്റെ പിറകെ നടന്നത്."

സ്നേഹിതരെ, പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നിൽക്കുന്നവനാണ്. പരിശുദ്ധാത്മാവ് ആശ്വാസപ്രദനാണ്. പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തുന്നവനാണ്. പ്രതിബ

ന്ധങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്യാൻ ആവശ്യമായ കരുത്ത് നൽകുന്നവനാണ്.

പരിശുദ്ധാത്മാവാകുന്ന കാറ്റിന്റെ ശക്തിയാൽ പെരുവെള്ളം ചിറപോലെ നിൽക്കും. ഉറവകൾ ഉറച്ചുപോകും. രണ്ടുവശത്തും വെള്ളം മതിൽപോലെ നിൽക്കും. ഒരു തുള്ളിപോലും നിന്നെ സ്പർശിക്കുകയില്ല.

യിസ്രായേൽ ജനത്തിനുവേണ്ടി ചെങ്കടൽ മദ്ധ്യത്തിൽ ദൈവം പെരുവഴി തുറന്നു. വഴിയില്ലാത്തിടത്ത് പെരുവഴിതുറക്കുന്ന ആശ്വാസദായകൻ, സർവ്വവല്ലഭനായ നമ്മുടെ ദൈവം. പ്രിയപ്പെട്ടവരേ, നാം എത്ര ഭാഗ്യശാലികൾ!

അഞ്ചാമതായി, കാറ്റ് ശത്രുവിനെ മുക്കിക്കളയുന്നതാണ്.

> "നിന്റെ കാറ്റിനെ നീ ഊതിച്ചു, കടൽ അവരെ മൂടി: അവർ ഈയംപോലെ പെരുവെള്ളത്തിൽ താണു."
> പുറ.15 : 10

ദൈവ ജനം വളരെ സൗകര്യമായും സുഖമായും കടന്നുപോയ വഴിയിൽ കൂടെ അവരെ പിന്തുടർന്ന് കൊണ്ട് ഫറവോനും സൈന്യവും നടന്നു. പെട്ടെന്നിതാ ഇരുവശവും മതിൽപോലെ നിന്ന കടൽ അതിന്റെ പുർവ്വസ്ഥിതിയിലേക്ക് മടങ്ങി വന്നു.

> "വെള്ളം മടങ്ങി വന്ന് അവരുടെ പിന്നാലെ കടലിലേക്കു ചെന്നിരുന്ന രഥങ്ങളെയും കുതിരപ്പടയെയും ഫറവോന്റെ സൈന്യത്തെയും എല്ലാം മുക്കിക്കളഞ്ഞു; അവരിൽ ഒരുത്തൻ പോലും ശേഷിച്ചില്ല."
> പുറ. 14 : 28

മിസ്രയീമ്യർ കടൽക്കരയിൽ ചത്തടിഞ്ഞു കിടന്നു. ആ കൂട്ടത്തിൽ ഫറവോന്റെ ശവശരീരവും! ഫറവോന്റെ ശവം മൂക

മായി നൽകുന്ന ഒരു സന്ദേശമുണ്ട്.

"എനിക്ക് അബദ്ധം പറ്റിപ്പോയി. ഞാൻ ദൈവ ജനത്തെ എതിർത്തത് വിഡ്ഢിത്തമായിപ്പോയി. അവർക്ക് ദൈവം ഒരുക്കിയ സൗകര്യം എനിക്കും ലഭിക്കും എന്ന് ഞാൻ കരുതിപ്പോയി. ദൈവജനത്തെ ഉപദ്രവിക്കാതെ ഞാൻ പിൻതിരിഞ്ഞിരുന്നെങ്കിൽ എനിക്ക് അകാലമരണം നേരിടേണ്ടിവരികയില്ലായിരുന്നു."

മോശയും ദൈവജനവും പാടിസ്തുതിച്ചു:

> "ഞാൻ യഹോവക്കു പാട്ടുപാടും, അവൻ മഹോന്നതൻ; കുതിരയെയും അതിന്മേൽ ഇരുന്നവനെയും അവൻ കടലിൽ തള്ളിയിട്ടിരിക്കുന്നു,. ഫറവോന്റെ രഥങ്ങളെയും സൈന്യത്തെയും അവൻ കടലിൽ തള്ളിയിട്ടു; അവന്റെ രഥിപ്രവരന്മാർ ചെങ്കടലിൽ മുങ്ങിപ്പോയി. ആഴി അവരെ മൂടി; അവർ കല്ലുപോലെ ആഴത്തിൽ താണു യഹോവേ, നിന്റെ വലങ്കൈ ശത്രുവിനെ തകർത്തു കളഞ്ഞു. നീ എതിരാളികളെ മഹാപ്രഭാവത്തിൽ സംഹരിക്കുന്നു. നീ നിന്റെ ക്രോധം അയയ്ക്കുന്നു; അതു അവരെ താളടിയെപ്പോലെ ദഹിപ്പിക്കുന്നു." പുറ. 15 : 1 – 7

പ്രിയ സ്നേഹിതാ, ശത്രുക്കളെ ചിതറിക്കുകയും സ്വജനത്തെ പരിപാലിക്കുകയും ചെയ്യുന്ന ഈ പരിശുദ്ധാത്മാവാകുന്ന കാറ്റ് നിന്നിൽ വ്യപരിക്കുന്നുവോ? ആ കാറ്റിന്റെ ചൈതന്യത്താൽ നിന്റെ ജീവിതം ചലിക്കുന്നുവോ? ജ്വലിക്കുന്നുവോ?

ആറാമതായി, പരിശുദ്ധാത്മാവാകുന്ന കാറ്റ് ശ്രേഷ്ഠഭോജനം നൽകുന്നു.

"അനന്തരം യഹോവ അയച്ച ഒരു കാറ്റു ഊതി കടലിൽ നിന്നു കാടയെ കൊണ്ടുവന്നു പാളയത്തിന്റെ സമീപത്തു ഒരു ദിവസത്തെ വഴി ഇങ്ങോട്ടും ഒരു ദിവസത്തെ വഴി അങ്ങോട്ടും ഇങ്ങനെ പാളയത്തിന്റെ ചുറ്റിലും നിലത്തോടു ഏകദേശം രണ്ടുമുഴം അടുത്തു പറന്നു നിൽക്കുമാറാക്കി." സംഖ്യ. 11 : 31

മരുഭൂമിയിൽ ശ്രേഷ്ഠഭോജനം! മരുപ്പറമ്പിൽ സ്വർഗ്ഗീയവിരുന്ന്! മണലാരണ്യത്തിൽ മൃഷ്ടഭോജനം! മരുവാസികൾക്ക് പെരും സദ്യ!

"മരുഭൂമിയിൽ മേശ ഒരുക്കുവാൻ ദൈവത്തിനു കഴിയുമോ? തന്റെ ജനത്തിനു അവൻ മാംസം വരുത്തികൊടുക്കുമോ?" എന്നു ചോദിച്ചുകൊണ്ട് ജനം ദൈവത്തിനെതിരായി മത്സരിച്ചു എന്ന് സങ്കീർത്തനം എഴുപത്തെട്ടിൽ നാം വായിക്കുന്നുണ്ട്. 19 : 20

ജനം ദുരാഗ്രഹികളായി എന്ന് തിരുവചനം പറയുന്നു. അവർ പിറുപിറുത്തു:

"ഞങ്ങൾക്കു തിന്മാൻ ഇറച്ചി ആർ തരും? ഞങ്ങൾ മിസ്രയീമിൽ വെച്ചു വിലകൂടാതെ തിന്നിട്ടുള്ള മത്സ്യം, വെള്ളരിക്കാ, മത്തങ്ങാ, ഉള്ളി, ചുവന്നുള്ളി, ചിറ്റുള്ളി എന്നിവ ഞങ്ങൾ ഓർക്കുന്നു. ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുന്നു. ഈ മന്നാ അല്ലാതെ ഒന്നും കാണ്മാനില്ല" സംഖ്യാ. 11 : 4 – 6

ജനം "ഇറച്ചികലങ്ങളുടെ അടുക്കലിരിക്കുകയും തൃപ്തിയാകുംവണ്ണം ഭക്ഷണം കഴിയ്ക്കുകയും ചെയ്തു." കാലങ്ങളെ

ഓർത്ത് ദൈവത്തോടു മത്സരിക്കുകയും പിറുപിറുക്കുകയും ചെയ്തതായി പുറപ്പാട് 16:3 ൽ കാണുന്നു.

അപ്പോൾ സ്നേഹവാനായ ദൈവം ചെയ്തതാണ് നിത്യവാത്സല്യത്തിന്റെ അത്ഭുതം നമുക്ക് കാണിച്ചു തരുന്നത്.

> "അവൻ ആകാശത്തിൽ കിഴക്കൻ കാറ്റു അടിപ്പിച്ചു: തന്റെ ശക്തിയാൽ കിഴക്കൻ കാറ്റു വരുത്തി. അവൻ അവർക്കു പൊടിപോലെ മാംസത്തെയും കടൽപുറത്തെ മണൽപോലെ പക്ഷികളെയും വർഷിച്ചു; അവരുടെ പാളയത്തിന്റെ നടുവിലും പാർപ്പിടങ്ങളുടെ ചുറ്റിലും അവയെ പൊഴിച്ചു." സങ്കീ. 78 : 26 – 28

തുടർന്ന് നാം വായിക്കുന്നത്,

> "അങ്ങനെ അവർ തിന്നു തൃപ്തരായിത്തീർന്നു. അവർ ആഗ്രഹിച്ചതു അവൻ അവർക്കു കൊടുത്തു." 78 : 29

പ്രിയസ്നേഹിതരേ, നാം നമ്മുടെ അറിവില്ലായ്മയിലും അവിവേകത്തിലുമാണെങ്കിലും നമ്മുടെ ആഗ്രഹങ്ങളെ നിറവേറ്റിത്തരുന്ന ഒരു ദൈവം ഇന്നും ജീവിക്കുന്നു.

"നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും." സങ്കീ. 37:3 എന്ന് വാക്ക് പറഞ്ഞുകൊണ്ട് എന്നും നമ്മെ തലോടുന്ന, തഴുകുന്ന, താലേലിക്കുന്ന ആ നിസ്തുല സ്നേഹത്തെ ഒന്ന് കാണുക.

ആ നിഷ്ക്കളങ്കസ്നേഹത്തെ തിരിച്ചറിഞ്ഞാൽ നാം ഇനിയും പാപത്തിലേക്ക് പോവുകയില്ല. ആ സ്നേഹത്തിന്റെ മാധുര്യം ഒന്നാസ്വദിച്ചാൽ പിന്നെ നാമാരും ദുഷ്ടനായ പൈശാചികന്

ഇനി ഇടം കൊടുക്കുകയില്ല. ആ നിർമ്മല സ്നേഹം ഒന്ന് രുചിച്ചറിഞ്ഞാൽ ആ സ്നേഹത്തിനുവേണ്ടിഎന്തു ചെയ്താൽ മതിയാകും എന്ന ചിന്തയോടെ നാം നമ്മെത്തന്നെ ആ പാദ ത്തിൽ സമർപ്പിക്കും.

മരുഭൂമിയിൽ മേശ ഒരുക്കിയ ദൈവം, നമ്മുടെ നല്ല ആഗ്രഹ ങ്ങളെ സാധിച്ചുതരുന്നവനാണ്. "ഞാൻ നിന്നെ വാലല്ല, തല യാക്കും" എന്നു കൽപിച്ച ദൈവം നമ്മെ ഉയർത്തുവാൻ കരം നീട്ടുന്നവനാണ്. സങ്കീർത്തനം ഇരുപത്തിമൂന്നിൽ ദാവീദ് പറ ഞ്ഞില്ലേ,

"യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല, പച്ചയായ പുൽപുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥ തയുള്ള വെള്ളത്തിനരികത്തേക്കു എന്നെ നടത്തുന്നു. എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു; എന്റെ പാനപാ ത്രവും നിറഞ്ഞു കവിയുന്നു. നന്മയും കരുണയും എന്റെ ആയു ഷ്കാലമൊക്കെയും എന്നെ പിന്തുടരും."

ശത്രുക്കൾ കാൺകെ വിരുന്നൊരുക്കുന്നവനാണ് നമ്മുടെ ദൈവം. പാനപാത്രം നിറഞ്ഞു കവിയുമാറാക്കുന്നവനുമാണ് നമ്മുടെ ദൈവം.

സരപ്തയിലെ വിധവയുടെ കലത്തിലെ മാവ് കുറയാതെയും ഭരണിയിലെ എണ്ണ വറ്റാതെയും നമ്മുടെ ദൈവം കാത്തു. "തിന്നിട്ട് മരിപ്പാനിരിക്കയാകുന്നു" എന്നു പറഞ്ഞ വിധവകൊ ടുത്തിട്ട് ജീവിക്കുന്നവളായിത്തീരുവാൻ അത്ഭുതം പ്രവർത്തി ച്ചവനാണ് നമ്മുടെ ദൈവം. 1 രാജാ. 17 : 12 – 16

സങ്കീർത്തനക്കാരൻ പറഞ്ഞു: "നീതിമാൻ തുണയില്ലാതിരി ക്കുന്നതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ

കണ്ടിട്ടില്ല.” 37 : 25

“ബാല സിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല.” 34 : 10

പ്രിയസ്നേഹിതാ, കാക്കയെക്കൊണ്ട് തന്റെ ദാസനെ പോറ്റിയവനാണ് നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ്. തത്സമയത്ത് ഭക്ഷണം നൽകുന്നവനാണ് നമ്മുടെ ദൈവം. സങ്കീ 145 : 15, അവൻ പീഡിതന്മാർക്ക് ന്യായം പാലിച്ചു കൊടുക്കുന്നവനാണ്. അവൻ വിശപ്പുള്ളവർക്ക് ആഹാരം നൽകുന്നവനാണ്. 146 : 7 അവൻ വിശന്നിരിക്കുന്നവരെ നന്മകളാൽ നിറയ്ക്കുന്നവനാണ്. ലൂക്കോസ് 1 : 53

പ്രിയ ദൈവ പൈതലേ, ഈ ജീവനുള്ള ദൈവം നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവോ? പരിശുദ്ധാത്മാവാകുന്ന കാറ്റ് ഇപ്പോൾ നിന്റെ മേൽ വീശിക്കൊണ്ടിരിക്കുന്നുവോ? നിന്റെ നീറുന്നഹൃദയത്തിൽ കുളിർമ പകരാൻ, നിന്നെ ആശ്വസിപ്പിക്കാൻ, ഈ കാറ്റ് നിന്റെമേൽ മന്ദം മന്ദം വീശിത്തലോടിക്കൊണ്ടിരിക്കുന്നു എന്ന് നീ വിശ്വസിക്കുന്നു എന്ന് നീ വിശ്വസിക്കുന്നുവോ?

എങ്കിൽ, നീ ഒരു വാക്ക് ക്രിസ്തുവിനോട് പറയൂ: നാഥാ, ഇന്നു മുതൽ ഞാൻ പരിശുദ്ധത്മാവിനെ ആദരിച്ചും അനുസരിച്ചും പ്രസാദിപ്പിച്ചും ഒരു പുതിയ ജീവിതം നയിക്കും.

# ഏഴ്

ഏഴാമതായി, പരിശുദ്ധാത്മാവാകുന്ന കാറ്റ് അസ്ഥികളെ ജീവിപ്പിക്കുകയും അകന്നുപോയവയെ അടുപ്പിക്കുകയും ചെയ്യുന്നു.

> "ഉണങ്ങിയ അസ്ഥികളേ, യഹോവയുടെ വചനം കേൾപ്പിൻ, നിങ്ങൾ ജീവിക്കേണ്ടതിനു ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും. അസ്ഥി അസ്ഥിയോടുവന്നുചേർന്നു അവൻ എന്നോടു കൽപ്പിച്ചതുപോലെ ഞാൻ പ്രവചിച്ചപ്പോൾ ശ്വാസം അവരിൽ വന്നു; അവർ ജീവിച്ചു ഏറ്റവും വലിയ സൈന്യമയി നിവർന്നു നിന്നു."
>
> യെഹെസ്കേൽ. 37 : 4 – 10

യെഹെസ്കേൽ, പ്രവാചകനും പുരോഹിതനുമായിരുന്നു. ദൈവം യെഹെസ്കേലിനെ ആത്മാവിൽ എടുത്ത് ഒരു താഴ്വരയുടെ നടുവിൽ നിറുത്തി. ഏറ്റവും ഉണങ്ങിയ അസ്ഥികൾ കൂമ്പാരമായി കൂടിക്കിടക്കുന്ന താഴ്വര. അസ്ഥികൾ പരസ്പരം അകന്നും ചിതറിയും കിടന്നു.

ഈ ദർശനത്തിൽക്കൂടി പ്രവാചകന് ദൈവം വലിയ ചില പാഠങ്ങൾ നൽകുകയാണ് ചെയ്തത്. യിസ്രായേൽ ജനം സിദെക്കിയാ രാജാവിന്റെ കാലത്ത് ബാബിലോണിയൻ ചക്രവർത്തിയായ നെബൂഖദ്നേസറിന്റെ ആക്രമണത്തെത്തുടർന്ന് അടിമകളായി ബാബേലിലേക്കു പോകേണ്ടിവന്നു. അവിടെ പ്രത്യാശ നശിച്ച്, നിരാശരായി, ആരാധനയില്ലാതെ, ദൈവാലയമില്ലാതെ, തകർന്നവരായി ജനം കഴിയുമ്പോൾ, അവർക്കു പ്രത്യാശയുടെ ദൂത് നൽകുവാനാണ് പ്രവാചകനായ യെഹെസ്കേലിനെ ഉണങ്ങിയ അസ്ഥികളുടെ താഴ്വരയുടെ ദർശനം നൽകിയത്.

ദൈവം അരുളിച്ചെയ്തു:

> "മനുഷ്യപുത്രാ, ഈ അസ്ഥികൾ യിസ്രായേൽ ഗൃഹമൊക്കെയും ആകുന്നു; ഞങ്ങളുടെ അസ്ഥികൾ ഉണങ്ങി, ഞങ്ങളുടെ പ്രത്യാശയ്ക്കു ഭംഗം വന്നു, ഞങ്ങൾ തീരെ മുടിഞ്ഞിരിക്കുന്നു എന്നു അവർ പറയുന്നു. അതുകൊണ്ടു നീ പ്രവചിച്ചു അവരോടു പറയേണ്ടതു: യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴിതുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നു കയറ്റി യിസ്രായേൽ ദേശത്തേക്കു കൊണ്ടുപോകും. അങ്ങനെ എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നു കയറ്റുമ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും. നിങ്ങൾ ജീവിക്കേണ്ടതിന്നു ഞാൻ എന്റെ ആത്മാവിനെ നിങ്ങളിൽ ആക്കും; ഞാൻ സ്വദേശത്തു പാർപ്പിക്കും."
>
> യെഹെ. 37 : 11– 14

അന്ന് ഉണങ്ങിയ അസ്ഥികളുടെ താഴ്വരയിൽ യിസ്രാ

യേൽജനം കിടന്നതുപോലെ ഇന്ന് പുതിയ നിയമയിസ്രായേൽ ആകുന്ന ക്രൈസ്തവസഭ ഉണങ്ങിവരണ്ട്, ചൈതന്യം നശിച്ച്, നിർജ്ജീവമായി കിടക്കുകയാണ്. പുറമെ നല്ല പ്രാർതഥനകളും നമസ്കാരങ്ങളും ധ്യാനങ്ങളും വചനശുശ്രൂഷകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ട്. പക്ഷെ അകം ആകട്ടെ നിർജ്ജീവമായിരിക്കുന്നു.

പള്ളികളുണ്ട്; ആരാധനാലയങ്ങളുണ്ട്; ഫെയ്ത്തുഹോമുകളുണ്ട്. പക്ഷേ സത്യത്തിന്റെയും ആത്മാവിന്റെയും ആരാധന മുടങ്ങിപ്പോയിരിക്കുന്നു. സുവിശേഷയോഗങ്ങളുണ്ട്; മിഷ്യനറി പ്രവർത്തനമുണ്ട്; ആതുരാലയങ്ങളുണ്ട്; അനാഥാ ശാലകളുണ്ട്; അഗതിമന്ദിരങ്ങളുണ്ട്.പക്ഷെ ക്രിസ്തുവിന് ഒരിടത്തും സ്ഥാനമില്ല. പണവും പ്രതാപവും സ്ഥാനവും മാനവും മാത്രം ലക്ഷ്യം. കാത്തിരിപ്പുയോഗങ്ങളുണ്ട്; ധ്യാനയോഗങ്ങളുണ്ട്; പക്ഷെ പരിശുദ്ധാത്മാവിന് ഒരിടത്തും പ്രവേശനമില്ല.

ഈ ദുസ്ഥിതി, പക്ഷെ ആരും അറിയുന്നില്ല. നൂറ്റാണ്ടുകൾക്കു മുമ്പ് ഹോശേയാ പ്രവാചകൻ എഴുതി:

> "എഫ്രയീം ജാതികളോട് ഇടകലർന്നിരിക്കുന്നു; എഫ്രയീം മറിച്ചിടാത്ത ദോശ ആകുന്നു. അന്യജാതികൾ അവന്റെ ബലം തിന്നു കളഞ്ഞു. എങ്കിലും അവൻ അറിയുന്നില്ല; അവന്ന് അവിടവിടെ നരച്ചിരിക്കുന്നു എങ്കിലും അവൻ അറിയുന്നുല്ല."
>
> ഹോശേയാ. 7 : 8 – 9

സ്വന്തം അവസ്ഥ തിരിച്ചറിയാത്ത ദയനീയ സ്ഥിതി. ബലം അന്യജാതിക്കാർ അപഹരിച്ചു. പക്ഷെ ഇപ്പോഴും ബലശാലിയാണെന്ന തോന്നൽ. ജരാനരകൾ ബാധിച്ച അവസ്ഥ. വാർദ്ധക്യമായി. പക്ഷെ ഇപ്പോഴും യൗവനമാണെന്ന ധാരണ.

എഫ്രയീമിന്റെ ഈ അവസ്ഥ, പാപമുണ്ടെങ്കിലും പാപമില്ലെന്ന തോന്നലിൽ നിന്ന് ഉളവായതാണ്. അഥവാ പാപത്തിന് ചില ന്യായീകരണങ്ങൾ കണ്ടെത്തി സ്വയം സമാധാനപ്പെടുകയാണ്.

> "എന്നാൽ എഫ്രയീം, ഞാൻ സമ്പന്നനായി ത്തീർന്നു. എനിക്കു ധനം കിട്ടിയിരിക്കുന്നു; എന്റെ സകല പ്രയത്നങ്ങളിലും പാപമായ യാതൊരു ആകൃ ത്യവും എന്നിൽ കണ്ടെത്തുകയില്ല എന്നിങ്ങനെ പറ യുന്നു." ഹോശേയാ. 12 : 8

എന്നാൽ ദൈവം എഫ്രയീമിനെക്കുറിച്ച് പറയുന്നതോ :

> "എഫ്രയീമിന്റെ ആകൃത്യം സംഗ്രഹിച്ചും അവന്റെ പാപം സൂക്ഷിച്ചും വെച്ചിരിക്കുന്നു."
> ഹോശേയാ. 13 : 12

അസ്ഥികളുടെ താഴ്വരയിൽ ഉണങ്ങിയ അസ്ഥികൾ കിട ക്കുന്നതുപോലെ ഇന്നത്തെ സഭകൾ നിർജ്ജീവമായി കിടക്കു ന്നു. കൂട്ടായ്മകൾ ജീവനില്ലാത്ത സ്ഥിതിയിലായിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടു. വീര്യം കെട്ടു: ചൈതന്യം പൊയ്പ്പോയി.

ഈ അവസ്ഥയിലാണ് താഴ്വരയിലേക്ക് പ്രവാചകന്റെ വചനം ചെല്ലുന്നത്. നിർജ്ജീവാവസ്ഥയിൽ ജീവൻ പകരുന്നതാണ് പരി ശുദ്ധാത്മാവിന്റെ വചനം.

> "ഞാൻ പ്രവചിച്ചുക്കൊണ്ടിരിക്കുമ്പോൾ ഒരു മുഴക്കം കേട്ടു." എന്നോടു കൽപിച്ചതുപോലെ ഞാൻ പ്രവചിച്ചു. എന്നാണ് യെഹെസ്കേൽ പറയുന്നത്. ദൈവം അരുളിചെയ്തതുപോലെ പ്രവചിച്ചാൽ മുഴ ക്കമുണ്ടാകും. ഉടനെ ഒരു ഭൂകമ്പവും ഉണ്ടാകും. അസ്ഥി അസ്ഥിയോട് വന്നുചേരും. യെഹെ. 37: 7

അകന്നുപോയ അസ്ഥികൾ അടുത്തു. കാലിന്റെ അസ്ഥികൾ അകന്നുപോയിരുന്നവ അടുത്തു വന്നു. കൈയുടെ അസ്ഥികൾ ചലിച്ചു, ഒന്നിച്ചു. ശരീരത്തിന്റെ വിവിധ അസ്ഥികൾ ചിതറിക്കിടന്നിരുന്നിടത്തുനിന്ന് ഓരോന്നും ചലിച്ച് അതാതിനോടു ചേർന്നു.

ജീവന്റെ വചനം കേട്ടപ്പോൾ നിർജ്ജീവമായ അസ്ഥികൾ ചലിച്ചു. ഉണങ്ങിപ്പോയ അസ്ഥികൾ പച്ചപിടിച്ചു. അകന്നുപോയ അസ്ഥികൾ അടുത്തു.

അകന്നുപോയ ഭാര്യാഭർത്താക്കന്മാർ അടുത്തു. മാതാപിതാക്കളിൽ നിന്ന് പിണങ്ങിമാറിയ മക്കൾ അടുത്തുവന്ന് മാപ്പു ചോദിച്ച് ഇണങ്ങി ഒരു വീട്ടിൽ കഴിയുന്നു;

ഒരു മുറിയിൽ കിടക്കുന്നു. ഒരുമിച്ചിരുന്ന് ഭക്ഷണം കഴിയ്ക്കുന്നു. മറ്റുള്ളവർ നോക്കുമ്പോൾ കുഴപ്പമൊന്നുമില്ല. എന്നാൽ രണ്ടുലോകത്ത് ജീവിക്കുന്നവരെപ്പോലെ, ഉള്ളം കൊണ്ടു ചേർച്ചയില്ലാതെ, അകന്നാണ് ഭാര്യയും ഭർത്താവും. Inner harmony നഷ്ടപ്പെട്ട കുടുംബം. വചനം കേട്ടപ്പോൾ ഹൃദയങ്ങൾ അടുത്തു. ഭിന്നതകൾ ആവിയായിപ്പോയി. ഇഷ്ടക്കേടുകൾ ദഹിച്ചുപോയി. വചനം അവരെ ഒന്നിപ്പിച്ചു.

എന്നും മുഷിച്ചിലും നീരസവും പരിഭവും പിറുപിറപ്പുമായിരുന്നു. എന്നെ വിലയില്ല; എന്നെ സ്നേഹമില്ല; എന്നെക്കുറിച്ച് കരുതലില്ല. മറ്റുള്ളവരോടുള്ളതിന്റെ പത്തിലൊന്നു സ്നേഹമെങ്കിലും എന്നോടുണ്ടായിരുന്നെങ്കിൽ! എങ്കിൽ ഞാൻ ആത്മഹത്യയെക്കുറിച്ച് ചിന്തിക്കില്ലായിരുന്നു. ഇനി ഞാൻ ആർക്കുവേണ്ടി ജീവിക്കണം? എന്നെ ആർക്കു വേണം? എന്റെ ജീവിതം മടുത്തു. എനിക്ക് വല്ലവിധേനയും മരിച്ചാൽ മതി എന്നോർക്കുന്ന മാന്യസഹോദരീ, നിന്നെ സ്നേഹിക്കുവാൻ

യേശു ഉണ്ട്. നിന്നെ കരുതുവാൻ യേശു ഉണ്ട്. നിന്നെ സ്വന്തം ജീവനു തുല്യം സ്നേഹിക്കുവാൻ യേശു ഉണ്ട്. വചനം നീ കേൾക്കൂ. നിന്റെ ഉണങ്ങിയ ഹൃദയം പച്ചപിടിക്കട്ടെ. നിന്റെ ഭർത്താവിൽ നിന്നകന്നുപോയ ഹൃദയം അദ്ദേഹത്തോട് അടുക്കട്ടെ. അദ്ദേഹത്തിന്റെ ബലഹീനതകൾ നീ ക്ഷമിക്കൂ. നിന്റെ പാപങ്ങൾ ക്രിസ്തു ക്ഷമിച്ചില്ലയോ? നീ മനസ്സോടെ പൊറുക്കൂ; മറക്കൂ; സ്നേഹിക്കൂ. ഇനിയും നിങ്ങൾക്ക് ആനന്ദൈശ്വര്യങ്ങളെഴുന്ന മാസാബ്ദങ്ങളെ നേടാം. ഇനിയും നിങ്ങൾക്ക് സന്തോഷത്തിന്റെ പുതുവസന്തം ആസ്വദിക്കാം.

> "അവൻ ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും." ഇയ്യോബ്. 8 : 21

ആത്മാവിന്റെ വചനം പ്രവചിച്ചപ്പോൾ അകന്നുപോയ അസ്ഥികൾ അടുത്തു എന്നു മാത്രമല്ല, അസ്ഥി അസ്ഥിയോടു ചേർന്നു. ഉടനെ അവയുടെ മേൽ ഞരമ്പും മാംസവും വന്നു. അവയുടെ മേൽ ത്വക്ക് പൊതിഞ്ഞു.

പരിശുദ്ധാത്മാവിന്റെ കാറ്റ് അകന്നവയെ അടുപ്പിക്കുകയും ഭിന്നിച്ചിപോയവയെ ഒന്നിപ്പിക്കുകയും ചെയ്യും.

> "അപ്പോൾ അവൻ എന്നോടു കൽപിച്ചത്, കാറ്റിനോടു പ്രവചിക്ക: മനുഷ്യപുത്രാ നീ പ്രവചിച്ചു കാറ്റിനോടു പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ശ്വാസമേ, നീ നാലു കാറ്റുകളിൽ നിന്നും വന്നു ഈ നിഹതന്മാർ ജീവിക്കേണ്ടതിന്നു അവരുടെ മേൽ ഊതുക. അവൻ എന്നോടു കൽപിച്ചതുപോലെ ഞാൻ പ്രവചിച്ചപ്പോൾ ശ്വാസം അവരിൽ വന്നു; അവർ ജീവിച്ചു ഏറ്റവും വലിയ സൈന്യമായി നിവർന്നുനിന്നു."

യെഹെസ്കേൽ 37: 9–10

പരിശുദ്ധാത്മാവാകുന്ന കാറ്റ് ഉണങ്ങിയ അസ്ഥികളുടെ താഴ്‌വരയെ ജീവനുള്ളവരുടെ താഴ്‌വരയാക്കി. പരിശുദ്ധാത്മാവാകുന്ന കാറ്റ് അത്ഭുതം പ്രവർത്തിക്കുന്നു.

എട്ടാമതായി, പരിശുദ്ധാത്മാവാകുന്ന കാറ്റ് ദൈവീക ന്യായവിധിയെ മാറ്റുന്നു, ശിക്ഷാവിധിയെ മാറ്റുന്നു.

> "ദൈവം നോഹയെയും അവനോടുകൂടെ പെട്ടകത്തിൽ ഉള്ള സകല ജീവികളെയും സകല മൃഗങ്ങളെയും ഓർത്തു; ദൈവം ഭൂമിമേൽ ഒരു കാറ്റു അടിപ്പിച്ചു; വെള്ളം നിലച്ചു. ആഴിയുടെ ഉറവുകളും ആകാശത്തിന്റെ കിളിവാതിലുകളും അടഞ്ഞു; ആകാശത്തു നിന്നുള്ള മഴയും നിന്നു."
>
> ഉൽപത്തി. 8: 1– 2

"ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും കണ്ട" (ഉൽപത്തി. 6:5, 8:21) ദൈവം ജലപ്രളയം മൂലം ഭൂമിയെയും മനുഷ്യനെയും ശിക്ഷിച്ചു."

എന്നാൽ ജലപ്രളയത്തിന്റെ ഭയാനകമായ ആക്രമണം കുറഞ്ഞു കുറഞ്ഞു വരുവാൻ കാറ്റ് വീശി. പരിശുദ്ധാത്മാവ് ന്യായ വിധിയെ മാറ്റുന്ന അനുഗ്രഹത്തിന്റെ കാറ്റാണ്.

നോഹയും നോഹയോടൊപ്പം പെട്ടകത്തിൽ കയറിയ ഏഴു പേരും ഒഴികെ ഭൂമിയിലെ സകല മനുഷ്യരും ദൈവീകശിക്ഷാവിധിയുടെ പ്രളയജലത്തിൽ മുങ്ങിപ്പോയി. ജലപ്രളയത്തിന്റെ ന്യായവിധിയിൽ നിന്ന് രക്ഷനേടാൻ നോഹ പെട്ടകമൊരുക്കി, ജനത്തെ ഉദ്ബോധിപ്പിച്ചു കൊണ്ടിരുന്നു. 120 കൊല്ലം നീതിപ്ര

സംഗിയായ നോഹ ജനത്തെ പ്രബോധിപ്പിച്ച് ആഹ്വാനം ചെയ്തു കൊണ്ടിരുന്നു.

എന്നാൽ ജനം ആ വചനത്തെ ചെവിക്കൊണ്ടില്ല; പെട്ടക ത്തിൽ കയറിയുമില്ല, രക്ഷയുടെ പെട്ടകം ഒരുക്കിയ ദൈവകൃ പയെ മനുഷ്യൻ നിരസിച്ചു കളഞ്ഞു. തങ്ങളുടെ മുന്നിൽ ദൈവം ഒരുക്കിയ രക്ഷയെ അവർ അഗ ണ്യമാക്കി.

എങ്കിലും ദീർഘക്ഷമയുള്ള ദൈവം പ്രളയത്തിന്റെ ഭീകര തയെമാറ്റി കാറ്റ് അടിപ്പിച്ചു. വെള്ളം നിലച്ചു. വെള്ളത്തിന്റെ ഉറവുകളെ വറ്റിച്ചു.

പരിശുദ്ധാത്മാവാകുന്ന കാറ്റ് ന്യയവിധിയെ തടുക്കുന്നതാണ്. ദൈവത്തിന്റെ അനന്തമായ ക്ഷമയും സ്നേഹവും ന്യായവി ധിയെ മാറ്റുന്നു.

ഇനിയും വരുന്നുണ്ട് ഒരു വലിയ പ്രളയം.

> "ആകാശവും വെള്ളത്തിൽ നിന്നും വെള്ള ത്താലും ഉളവായ ഭൂമിയും പണ്ട് ദൈവത്തിന്റെ വച നത്തിൽ ഉണ്ടായി എന്നും അതിനാൽ (ദൈവവച നത്താൽ) അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായ വിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭ വിക്കാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു."
>
> 2 പത്രോസ്. 3 : 5 – 7

> "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമ സിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും

മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകും, മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകുകയും ചെയ്യും. ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവുകാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ട് നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം." 2 പത്രോസ്. 3 : 9 – 12

പ്രിയസ്നേഹിതരേ, ഈ മഹാഭയങ്കരമായ ആഗ്നിപ്രളയത്തിൽ നിന്ന് നമ്മെ ഒഴിവാക്കി രക്ഷിപ്പാനായി ഇന്ന് പരിശുദ്ധാത്മാവിന്റെ കാറ്റ് വീശിക്കൊണ്ടിരിക്കയാണ്. "ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ." എഫേ. 5:16

"ഇപ്പോൾ ആകുന്നു സുപ്രസാദകാലം: ഇപ്പോൾ ആകുന്നു രക്ഷാദിവസം." 2 കോരി. 6 : 2

"യഹോവയെ കണ്ടെത്താകുന്ന കാലത്ത് അവനെ അന്വേഷിപ്പിൻ, അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ."

യെശ. 55 : 6

ഒമ്പതാമതായി, പരിശുദ്ധത്മാവാകുന്ന കാറ്റ് തെരഞ്ഞെടുക്കുന്ന കാറ്റ് ആണ്.

"നോഹയുടെ കാലംപോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിനുമുമ്പുള്ള

കാലത്തു നോഹപെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും. അന്നു രണ്ടു പേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒരു തിരിക്കല്ലിൽ പൊടിച്ചു കൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും, മറ്റവളെ ഉപേക്ഷിക്കും." മത്തായി 24 : 37 – 41

കർത്താവായ യേശു ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ ചിലരെ ചേർക്കും; മറ്റുചിലർ ഉപേക്ഷിക്കപ്പെടും. ഒരേ വയലിൽ വേല ചെയ്യുന്നവരിൽ ഒരാൾ സ്വീകരിക്കപ്പെടുകയും മറ്റേയാൾ ഉപേക്ഷിക്കപ്പെടുകയും ചെയ്യും. ഒരേ കിടക്കയിൽ ഉറങ്ങിക്കിടക്കുന്നവരിൽ ഒരാൾ സ്വീകരിക്കപ്പെടുകയും മറ്റേയാൾ ഉപേക്ഷിക്കപ്പെടുകയും ചെയ്യും.

പ്രിയസ്നേഹിതാ, കർത്താവിന്റെ രണ്ടാമത്തെ വരവിൽ സ്വീകരിക്കപ്പെടുന്നവരുടെ നിരയിൽ നിന്നെ കാണുമോ? ക്രിസ്തു വരുന്നത് വിശുദ്ധന്മാരെ ചേർക്കാനാണ്. നീ ഒരു വിശുദ്ധനായോ? നിന്റെ ജീവിതം ക്രിസ്തുവിന്റെ തിരുരക്തത്താൽ കഴുകപ്പെട്ടുവോ? കഴിഞ്ഞകാല പപാപങ്ങളെ ഓർത്ത് നീ അനുതപിച്ചുവോ? നിന്റെ പാപങ്ങളെല്ലാം നീ വേദനയോടെ ഏറ്റു പറഞ്ഞുവോ? മേലിൽ പാപമൊന്നും മനസ്സറിഞ്ഞ് എന്നിൽ വരികയില്ല എന്നു നിനക്ക് ഒരു തീരുമാനം വന്നുവോ? പാപമില്ലാത്ത ജീവിതം നയിക്കണമെന്ന് നിനക്ക് വാഞ്ഛയുണ്ടോ? ക്രിസ്തുവിന്റെ ഒരു വിശുദ്ധസാക്ഷിയും വിശ്വസ്തദാസനുമായി ക്രിസ്തുവിനെ ആരാധിച്ച് ജീവിക്കാൻ നിനക്ക് ദാഹമുണ്ടോ?

എങ്കിൽ പ്രിയനേ, പരിശുദ്ധാത്മാവാകുന്ന കാറ്റ് നിന്റെമേൽ വീശും. നിനക്ക് ജീവൻ ലഭിക്കും. നിനക്ക് വീണ്ടും ജനനം ലഭിക്കും. നിന്നിൽ നിന്നും വിലകെട്ടവയെല്ലാം മാറും. നിന്റെ ജീവിതത്തിലെ വിഘ്നങ്ങൾ മാറും. നിന്റെ എതിരാളികൾ വീണുപോകും. നിനക്ക് ശ്രേഷ്ഠഭോജനം ലഭിക്കും. നിന്നിൽ നിന്ന് അകന്നുപോയവർ അടുക്കും. നിന്റെ ന്യായവിധികൾ മാറും. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ അരുമ മണവാളനെ എതിരേൽപാൻ ആകാശമേഘങ്ങളിൽ നീ എടുക്കപ്പെടും.

[redacted]

## എട്ട്

> "അഗ്നി ജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു." അപ്പോ. പ്രവൃ 2 : 3

പരിശുദ്ധാത്മാവിനെ അഗ്നിയോടു സാദൃശ്യപ്പെടുത്തി തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തീ കൊണ്ടുള്ള സ്നാനം എന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാഭിഷേകത്തെക്കുറിച്ചാണ്.

യെശയ്യാവിന്റെ അധരത്തെ തൊട്ട തീക്കനൽ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്.

> "ഇതാ, ഇതു നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിനു പരിഹാരം വന്നിരിക്കുന്നു." യെശ. 6 : 7

മഹാപരിശുദ്ധനായ ദൈവത്തെ യെശയ്യാവ് കണ്ടപ്പോൾ തന്റെ അശുദ്ധിയെക്കുറിച്ച് പ്രവാചകന് ബോദ്ധ്യമുണ്ടായി.

> "എനുക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു. ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു."
> യെശ. 6 : 5

അപ്പോഴാണ് സാറാഫുകളിൽ ഒരുത്തൻ തീക്കനലുമായി പറന്നുവന്നത്. ദൂതൻ പറഞ്ഞു:

> "ഇതാ ഇതു നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിനു പരിഹാരം വന്നിരിക്കുന്നു."
> യെശ. 6 : 7

പരിശുദ്ധാത്മാവാകുന്ന അഗ്നി ശുദ്ധീകരണം തരുന്നു. പരിശുദ്ധാത്മാവാകുന്ന അഗ്നി പാപമോചനം നൽകുന്നു. പരിശുദ്ധാത്മാവാകുന്ന അഗ്നി പ്രകാശം നൽകുന്നു. യിസ്രായേൽ മക്കളെ പകൽ മേഘസ്തംഭം കൊണ്ടും രാത്രി അഗ്നിസ്തംഭം കൊണ്ടും വഴിനടത്തിയത് പരിശുദ്ധാത്മാവാണ്.

> "പകൽ സമയത്തു അവൻ മേഘം കൊണ്ടും രാത്രിമുഴുവനും അഗ്നിപ്രകാശം കൊണ്ടും അവരെ നടത്തി."
> സങ്കീ. 78 : 14

പരിശുദ്ധാത്മാവാകുന്ന അഗ്നി മനുഷ്യഹൃദയങ്ങളെയും ഉൾപ്പൂവുകളെയും ആരായുന്നു.

> "ഞാൻ ഉൾപ്പൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്നു സകല സഭകളും അറിയും."
> വെളി. 2 : 23

ഹൃദയ രഹസ്യങ്ങളെ ശോധന ചെയ്യുന്നവനാണ് പരിശുദ്ധാ

ത്മാവ്. അവൻ അന്തരിന്ദ്രിയങ്ങളെ ശോധന ചെയ്യുന്നു.

"നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നുവല്ലോ."
സങ്കീ. 7 : 9

"അവന്റെ ദൃഷ്ടി മനുഷ്യന്റെ വഴികളിന്മേൽ ഇരിക്കുന്നു;"അവന്റെ നടപ്പു ഒക്കെയും അവൻ കാണുന്നു. ദുഷ്ടപ്രവർത്തിക്കാർക്കു ഒളിച്ചുകൊള്ളേണ്ടതിനു അവിടെ ഇരുട്ടുമില്ല അന്ധതമസ്സുമില്ല. മനുഷ്യൻ ദൈവസന്നിധിയിൽ ന്യായ വിസാതാരത്തിനു ചെല്ലേണ്ടതിനു അവൻ അവനിൽ അധികം ദൃഷ്ടി വെപ്പാൻ ആവശ്യമില്ല." ഇയ്യോബ്. 34 : 21 – 23

Living Bible ൽ ഈ വാക്യം കുറേക്കൂടി സുഗ്രഹമാണ്.

"God carefully watches the goings on of all mankind; He sees them all. No darkenss is thick enough to hide evil men from His eyes, So there is no need to wait for some great crime before a man is called before God in judgement."

പരിശുദ്ധാത്മാവാകുന്ന അഗ്നി തിരുവചനത്തിൽ പ്രതീകാത്മകമായി വിവരിച്ചിരിക്കുന്നത് അനേകം സ്ഥലങ്ങളിൽ കാണാം.

"സൂര്യൻ അസ്തമിച്ചു ഇരുട്ടായ ശേഷം ഇതാ പുകയുന്ന ഒരു തീച്ചൂള; ആ ഭാഗങ്ങളുടെ നടുവെ ജ്വലിക്കുന്ന ഒരു പന്തം കടന്നു പോയി."
ഉൽപത്തി. 15 : 17

ദൈവം അബ്രാഹാമിനോടു നിമയം ചെയ്യുകയാണ്. അബ്രാഹാം യാഗപീഠം ഒരുക്കി. യാഗവസ്തുവായി മൂന്നുവയ

സ്സുള്ള ഒരു  പശുക്കിടാവിനേയും, മൂന്നു വയസ്സുള്ള ഒരു കോലാടിനേയും മൂന്നു വയസ്സുള്ള ഒരു ആട്ടുകൊറ്റനെയും ഒരു കുറുപ്രാവിനെയും ഒരു പ്രാവിൻ കുഞ്ഞിനെയും കൊണ്ടുവന്നു.  ഇവ ഒക്കെയും ഒത്ത നടുവെ പിളർന്ന് ഭാഗങ്ങളെ നേർക്കുനേരെ വെച്ചു;  പക്ഷികളെയോ അവൻ പിളർന്നില്ല.

കുറുപ്രാവും പ്രാവിൻ കുഞ്ഞും ചെറുതാണല്ലോ എന്ന് അബ്രാഹാം കരുതി.  പ്രാവ് ശുദ്ധിയുള്ള പക്ഷിയാണല്ലോ എന്നു കരുതി.  അതു കൊണ്ട് അവയെ പിളർന്നില്ല.

അനേകം ദൈവമക്കൾക്ക് ഈ അബദ്ധം പറ്റാറുണ്ട്.  വലിയവയെല്ലാം പിളരും.  അവയുടെ അകത്തുള്ള കുടലും മറ്റശുദ്ധ സാധനങ്ങളും എടുത്തുകളയും.  വലിയ പാപങ്ങൾ ജീവിതത്തിൽ നിന്നകറ്റും.  പ്രകടമായ മദ്യപാനം, വ്യഭിചാരം, കൊലപാതകം, മോഷണം, കവർച്ച, മുതലായ വലിയ പാപപ്രവൃത്തികളെ ഉപേക്ഷിക്കും.  പക്ഷെ ചെറിയവ എന്നു കരുതുന്ന കോപം, പിണക്കം, മുഷിച്ചിൽ, അശുദ്ധചിന്ത, ദുർമോഹം, ദുശ്ശാഠ്യം ഈർഷ്യ, പരദൂഷണം, മുൻവിധി, മുഖപക്ഷം, മുഖസ്തുതി, കപടഭക്തി, ദ്രവ്യാഗ്രഹം, സ്വാർത്ഥത, അഹങ്കാരം മുതലായ പാപങ്ങൾ ജീവിതത്തിൽ പുലരാൻ അനുവദിക്കുകയും ചെയ്യും. അതിനെല്ലാം എന്തെങ്കിലും ന്യായീകരണങ്ങൾ കണ്ടെത്തുകയും അവ നിസ്സാരമായി കരുതുകയും ചെയ്യും.

അബ്രഹാം കുറുപ്രാവിനെയും പ്രാവൻ കുഞ്ഞിനെയും പിളാരാതിരുന്നതുകൊണ്ട് യാഗം ദഹിപ്പിക്കുന്ന സ്വർഗ്ഗീയ അഗ്നിക്കായി കാത്തിരുന്നപ്പോൾ വന്നത് റാഞ്ചൻ പക്ഷികളാണ്.  സ്വർഗ്ഗത്തിലെ തീ ഇറങ്ങിയില്ല.  റാഞ്ചൻ പക്ഷികൾക്ക് അവകാശമുള്ളവ അവിടെ ഉള്ളതുകൊണ്ടാണ് അവ പറന്നിറങ്ങിയത്.

റാഞ്ചൻ പക്ഷികളെ അബ്രഹാം ആട്ടിക്കളഞ്ഞു.  പക്ഷേ

അപ്പോൾ പറന്നകന്നെങ്കിലും പിന്നെയും വന്നുകൊണ്ടിരുന്നു.

മാന്യദൈവ പൈതലെ, നിന്റെ മേൽ പരിശുദ്ധാത്മാവിന്റെ തീ ഇറങ്ങുന്നതിന് നീ പ്രാർത്ഥിക്കുകയും സമർപ്പിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അഗ്നി ഇറങ്ങേണ്ട തിന്നു പകരം ദുരാത്മാക്കൾ, ഭോഷ്കിന്റെ ആത്മാവ് ഇറങ്ങുക യാണ്.

ദുഷിച്ച ചിന്തകളെ ആട്ടിക്കളയുന്നുണ്ട്; ഏറ്റുപറയുന്നുണ്ട്; പക്ഷേ പിന്നെയും അവ ഇരച്ചുവരുന്നു. എത്ര ഏറ്റുപറഞ്ഞിട്ടും മാറുന്നില്ല. വേണ്ടാത്ത ചില തോന്നലുകൾ, അഴുക്കായ വിചാ രങ്ങൾ, മ്ലേച്ഛമായ മോഹങ്ങൾ, ആകുലങ്ങൾ മുതലായവ ഏറ്റു പറയുമ്പോൾ അൽപനേരത്തേക്കു മാറിനിന്നാലും പിന്നെയും ഇരട്ടിശക്തിയോടെ ഉള്ളിലേക്കു വരുന്നു. അപ്പോൾ മനസ്സിലാ ക്കാം, റാഞ്ചൻ പക്ഷിയ്ക്കവകാശമുള്ള ചില സംഗതികൾ ഹൃദയത്തിലുണ്ടെന്ന്. ഇപ്പോഴും പിളർന്നുവെക്കാത്ത ചില കാര്യങ്ങളുണ്ടെന്ന്. ഏറ്റു പറഞ്ഞുപേക്ഷിക്കാത്ത ചില പാപ ങ്ങളുണ്ടെന്ന്.

> "സൂര്യൻ അസ്തമിക്കുമ്പോൾ അബ്രാമിന്നു ഒരു ഗാഢനിദ്രവന്നു; ഭീതിയും അന്ധതമസ്സും അവന്റെ മേൽ വീണു."
> ഉൽപത്തി 15 : 12

അബ്രഹാം ഉറങ്ങിപ്പോയി. ഒന്നും ചെയ്യാൻ കഴിവില്ലാതെ അബ്രഹാം ഉറങ്ങിപ്പോയി. അബ്രഹാം നിസ്സഹായനായി. അപ്പോൾ ദൈവം പ്രവർത്തിച്ചു. മനുഷ്യന്റെ കഴിവുകേടിലും നിസ്സഹായതയിലും പ്രവർത്തിക്കുന്ന ദൈവസ്നേഹം അബ്രാ ഹാമിനോട് നിയമം ചെയ്യുവാൻ തീയായി ഇറങ്ങിവന്നു.

> "സൂര്യൻ അസ്തമിച്ചു ഇരുട്ടായശേഷം ഇതാ, പുകയുന്ന ഒരു തീച്ചൂള. ആ ഭാഗങ്ങളുടെ നടുവെ

ജ്വലിക്കുന്ന ഒരു പന്തം കടന്നുപോയി.”

ഉൽപത്തി. 15 : 17

ദൈവം അബ്രാഹാമിനോടു നിയമം ചെയ്തു; അബ്രഹാമിന്ന് വാഗ്ദത്തഭൂമി കൈവശമാകും എന്ന് ദൈവം അരുളിച്ചെയ്തു.

പരിശുദ്ധാത്മാവാകുന്ന അഗ്നി ഗിദയോന്റെ വഴിപാടിൽ ഇറങ്ങി അത് ദഹിപ്പിച്ചു എന്ന് ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണുന്നുണ്ട്.

“ഞാൻ പോയി എന്റെ വഴിപാടു കൊണ്ടുവന്നു നിന്റെ മുമ്പാകെ വെക്കുവോളം ഇവിടെ നിന്നു പോകരുതേ” എന്ന് ഗിദയോൻ ദൈവത്തിന്റെ ദൂതനോടു പറഞ്ഞു. 6 : 18

“യഹോവയുടെ ദൂതൻ കയ്യിലുള്ള വടിയുടെ അറ്റം കൊണ്ടു മാംസവും പുളിപ്പില്ലാത്തവടയും തൊട്ടു; ഉടനെ പാറയിൽ നിന്നു തീ പുറപ്പെട്ടു മാംസവും പുളിപ്പില്ലാത്ത വടയും ദഹിപ്പിച്ചു.”

ന്യായാ. 6 : 21

നമ്മുടെ സമർപ്പണത്തിൽ പരിശുദ്ധാത്മാവ് വ്യപരിക്കണം. നമ്മെത്തന്നെ നാം യാഗമായി സമർപ്പിക്കുമ്പോൾ പരിശുദ്ധാത്മാവ് അത് അംഗീകരിക്കണം. പരിശുദ്ധാത്മാവിന്റെ തീ നമ്മുടെ യാഗത്തെ ദഹിപ്പിക്കണം.

ഏലിയാവിന്റെ യാഗത്തിൽ തീ ഇറങ്ങി കർമ്മേലിന്റെ മുകളിൽ ഏലിയാവിന്റെ യാഗപീഠത്തിലും യാഗവസ്തുവിലും യാഗപീഠത്തിന്റെ ചുറ്റിലും വെള്ളം ഒഴിച്ച് എല്ലാം തണുത്തുറഞ്ഞ സമയത്താണ് സ്വർഗ്ഗത്തിൽ നിന്ന് തീ ഇറങ്ങിയത്.

ഏലിയാവ് പ്രാർത്ഥിച്ചു:

> "അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യിസ്രായേലിന്റെയും ദൈവമായ യഹോവേ, യിസ്രയേലിൽ നീ ദൈവമെന്നും ഞാൻ നിന്റെ ദാസൻ എന്നും ഈ കാര്യങ്ങളൊക്കെയും ഞാൻ നിന്റെ കൽപനപ്രകാരം ചെയ്തു എന്നും ഇന്നു വെളിപ്പെട്ടുവരട്ടെ. യഹോവേ എനിക്ക് ഉത്തരമരുളേണമേ; നീ ദൈവം തന്നെ യഹോവേ; നീ ഞങ്ങളുടെ ഹൃദയം വീണ്ടും തിരിച്ചു എന്നു ഈ ജനം അറിയേണ്ടതിന് എനിക്ക് ഉത്തരമമരുളേണമേ എന്ന് പറഞ്ഞു. ഉടനെ യഹോവയുടെ തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു തോട്ടിലെ വെള്ളവും വറ്റിച്ചു കളഞ്ഞു."
>
> 1 രാജാ. 18 : 36 – 38

ദൈവപുരുഷന്റെ യാഗത്തിൽ സ്വർഗ്ഗത്തിലെ അഗ്നി ഇറങ്ങിയപ്പോൾ ജനം വിളിച്ചു പറഞ്ഞു;

> "യഹോവ തന്നേ ദൈവം, യഹോവ തന്നേ ദൈവം." 18 : 39

എതിരാളികൾ ദൈവത്തെ കണ്ടെത്തണമെങ്കിൽ നമ്മുടെ യാഗത്തിൽ തീ ഇറങ്ങണം. നമ്മുടെ സമർപ്പണത്തിൽ പരിശുദ്ധാത്മാവ് വ്യപരിക്കണം.

പരിശുദ്ധാത്മാവാകുന്ന അഗ്നിയുടെ പകർച്ചയെക്കുറിച്ച് യോവേൽപ്രവാചകൻ എഴുതി:

> "അതിന്റെ ശേഷമോ ഞാൻ സകല ജഢത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൗവ

നക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെ മേലും ദാസിമാരുടെ മേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും. ഞാൻ ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങളെ കാണിക്കും; രക്തവും തീയും പുകത്തൂണും തന്നേ."

യോവേൽ. 2 : 28 – 30

അന്ത്യകാലത്തു വരാനിരിക്കുന്ന ആത്മപ്പകർച്ചയെക്കുറിച്ച് പ്രവാചകൻ മുൻകൂട്ടി പറഞ്ഞിരിക്കുകയാണ്. ഈ ഭാഗമാണ് പെന്തിക്കോസ്തി പെരുന്നാൾ ദിവസം പത്രോസ് ഉദ്ധരിച്ചത്.

അന്തിമകാലത്ത് പരിശുദ്ധാത്മാവിന്റെ ഒരു വലിയ പ്രവാഹമുണ്ടാകും. അത്ഭുതങ്ങൾ നടക്കും. പാപികളായി ജീവിച്ച വലിയൊരു കൂട്ടത്തിന്മേൽ പരിശുദ്ധാത്മാവ് വരുമ്പോൾ വളരെ പാപബോധവും ആത്മാർത്ഥമായ അനുതാപവും വരുന്നതാണ്. ആത്മാവിന്റെ ആഴങ്ങൾ വെളിപ്പെടുത്തുന്ന ദർശനങ്ങളും വെളിപ്പാടുകളും മൂലം മാനസാന്തരത്തിലേക്കു ജനങ്ങളെ നയിക്കും.

ഗ്രീക്കു പുരാണത്തിലുള്ള ഒരു ദേവനാണ് ഹെർക്കുലീസ്. ശക്തിയുടെ ദേവനായിരുന്നു ഹെർക്കുലീസ്. ഒരിക്കൽ ഗ്രീസിലെ രാജാവ് തന്റെ കുതിരകളെ കെട്ടുന്ന തൊഴുത്ത് വൃത്തിയാക്കുവാൻ ഹെർക്കുലീസിനോടാവശ്യപ്പെട്ടു. വളരെ എളുപ്പത്തിൽ ചെയ്തു തീർക്കാമെന്നാണ് ഹെർക്കുലീസ് കരുതിയത്. പക്ഷെ, ചെന്നു നോക്കിയപ്പോഴാണു മനസ്സിലായത് അത് വളരെ വിഷമകരമായ ഒരദ്ധ്വാനമാണെന്ന്. ദുർഗ്ഗന്ധം വമിച്ചുകൊണ്ടിരുന്നു. വളരെ നാളുകളായി കഴുകാതെയും വൃത്തിയാക്കാതെയും ഇരുന്നതുകൊണ്ട് അത് വളരെ വൃത്തികേടായി കിടന്നിരുന്നു. കുതിരലായത്തിനടുത്തേക്ക് ഒന്നു ചെല്ലാൻപോലും വയ്യാത്തനിലയിൽ അഴുക്കും ദുർഗ്ഗന്ധവും മുറ്റിനിന്നിരുന്നു. ഇത് തന്നെക്കൊണ്ട് അസാദ്ധ്യമെന്ന് ഹെർക്കുലീസ് മനസ്സിലാക്കി.

അങ്ങനെ നിരാശനായി അവൻ പോകുമ്പോൾ അവന്റെ ഒരു സ്നേഹിതനെ കണ്ടുമുട്ടി. വിഷാദത്തിന്റെ കാരണമെന്തെന്ന് സ്നേഹിതൻ ചോദിച്ചു. ഹെർക്കുലീസ് കാര്യം പറഞ്ഞു. അപ്പോൾ സ്നേഹിതൻ പറഞ്ഞു: "ഈ തൊഴുത്തിന്റെ അപ്പുറത്ത് മുകൾ ഭാഗത്തുകൂടി ഒരു നദി ഒഴുകുന്നുണ്ട്. ആ നദി ഇതിലേ തിരിച്ചുവിട്ടാൽ തൊഴുത്ത് താനെ വൃത്തിയായിക്കൊള്ളും. തൊഴുത്ത് വൃത്തിയാക്കാൻ വേറൊരു പ്രയത്നവും ആവശ്യമില്ല.'' ഹെർക്കുലീസ് അപ്രകാരം ചെയ്തപ്പോൾ നിഷ്പ്രയാസം തൊഴുത്ത് വൃത്തിയായി.

ഈജിയൻ തൊഴുത്ത് വെടിപ്പാക്കുക എന്ന ഒരു ശൈലി (To cleanse the aegian stables) ഉണ്ടായതു തന്നെ ഈ സംഭവത്തെ ആസ്പദമാക്കിയാണ്.

നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ അത്യദ്ധ്വാനവും അത്ഭുതശക്തിയുമാണ് നാം ഗ്രഹിക്കേണ്ടത്. അഗ്നിയായി നമ്മുടെ സിരകളിലേക്ക് ഒഴുകിവന്ന് നമ്മുടെ പഴയസ്വഭാവങ്ങളും പൂർവ്വിക പാരമ്പര്യം മൂലം സിദ്ധിച്ചപ്രവണതകളും കത്തിച്ചു കളഞ്ഞ് നമ്മെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ അദൃശ്യശക്തി! അതിനു കീഴ്പ്പെടുമ്പോഴാണ് നാം രൂപാന്തരപ്പെട്ടവരായിത്തീരുന്നത്.

പരിശുദ്ധാത്മാവിന്റെ അഗ്നിയാണ് തീ നാവുകളായി അപ്പോസ്തോലന്മാരുടെ മേൽ പെന്തിക്കൊസ്തി ദിവസം പകർന്നത്.

> "പെന്തകൊസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീട് മുഴുവനും നിറെച്ചു. അഗ്നിജ്വാലപോലെ പിളർന്നി

രിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി."

അപ്പോ. പ്രവൃ 2 : 1 – 4

കാത്തിരുന്നവരുടെ മേൽ ആണ് അഗ്നി ഇറങ്ങിയത്. ഒരുങ്ങിയിരുന്നവരുടെ മേൽ ആണ് അഗ്നി ഇറങ്ങിയത്. പ്രാർത്ഥിച്ചു കൊണ്ടിരുന്നവരുടെ മേൽ ആണ് അഗ്നി ഇറങ്ങിയത്. ദാഹിച്ചു കൊണ്ടിരുന്നവരുടെ മേൽ ആണ് അഗ്നി ഇറങ്ങിയത്. ദൈവ വചനം അനുസരിക്കുന്നവരുടെ മേൽ ആണ് അഗ്നി ഇറങ്ങിയത്. വിശ്വസിക്കുന്നവരുടെ മേൽ ആണ് അഗ്നി ഇറങ്ങിയത്. തങ്ങളെത്തന്നെ ശുദ്ധീകരിക്കുന്നവരുടെ മേൽ ആണ് അഗ്നി ഇറങ്ങിയത്. വചനം കേൾക്കുകയും വചനത്തെ ആദരിക്കുകയും വചനത്തിന്റെ മുമ്പിൽ ഭയത്തോടും വിറയലോടും കൂടിയിരിക്കുകയും ചെയ്യുന്നവരുടെ മേൽ ആണ് അഗ്നി ഇറങ്ങിയത്.

പ്രിയ സ്നേഹിതാ, മാന്യസഹോദരീ, നിന്റെ മേൽ പരിശുദ്ധാത്മാവിന്റെ അഗ്നി ഇറങ്ങണമെന്ന് നീ വാഞ്ഛിക്കുന്നുണ്ടോ? പെന്തിക്കോസ്തുനാളിൽ സെഹിയോൻ മാളികയിൽ ഇറങ്ങിയ അഗ്നി നിന്റെ മേൽ ഇറങ്ങണമെന്ന് നീ ദാഹിക്കുന്നുണ്ടോ? കർമ്മേലിൽ ഏലിയാവിന്റെ യാഗത്തിന്മേൽ ഇറങ്ങിയ സ്വർഗ്ഗീയ അഗ്നി നിന്റെ ആളത്വത്തിൽ ഇറങ്ങി നിന്നെ കത്തുപിടിപ്പിക്കണമെന്ന് നീ വാഞ്ഛിക്കുന്നുണ്ടോ? അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടു സാക്ഷിനിന്ന ജീവന്റെ വചനം നിന്റെ കാതുകളിലും ഹൃദയത്തിലും പ്രവേശിച്ച് നിന്റെ ആളത്വം രൂപാന്തരപ്പെടുത്തണമെന്ന് നീ കൊതിക്കുന്നുവോ?

എങ്കിൽ പ്രിയ ദൈവപൈതലേ, ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹം നിന്നെ വിളിക്കുന്നു. ക്രൂശിലെ നാഥന്റെ ആത്മാവിന്റെ സൗന്ദര്യം ഇപ്പോൾ നിന്നെ മയക്കുന്നു. ആ സ്നേഹത്തിന്റെ കൊടിക്കീഴിലേക്ക് ക്രിസ്തു നിന്നെ മാടി വിളിക്കുന്നു. ഓടി വരിക. സകലവും വിട്ട് ഓടി വരിക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിന്റെ അരികിലേക്ക് ഓടി വരിക. ആശ്വാസം പ്രാപിക്കൂ; ആനന്ദം പ്രാപിക്കൂ; ആവേശം പ്രാപിക്കൂ; ആശ്ചര്യം കാണൂ; ആഹ്ലാദം അനുഭവിക്കൂ; അനുഗ്രഹങ്ങൾ നേടിയെടുക്കൂ. ആശങ്കയകറ്റൂ. ദൈവനാമം മഹത്വപ്പെടട്ടെ.

## ഒമ്പത്

"ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു; അതു ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളായിരുന്നു എന്നല്ലാതെ ഞാൻ മറ്റെന്തു ഇച്ഛിക്കേണ്ടു.?"

ലൂക്കോസ്. 12: 49

"ഞാൻ നിങ്ങളെ വെള്ളം കൊണ്ടു സ്നാനം കഴിപ്പിക്കുന്നു; എന്നാൽ എന്നിലും ബലവാനായവൻ വരുന്നു; അവന്റെ ചെരിപ്പിന്റെ വാറു അഴിപ്പാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീ കൊണ്ടും സ്നാനം കഴിപ്പിക്കും."

ലൂക്കോസ്. 3 : 16

പരിശുദ്ധാത്മാവ് തീയാണ്. പരിശുദ്ധാത്മാവ് അഗ്നിസ്നാനം നൽകുന്നവനാണ്. അശുദ്ധിയെ കത്തിച്ചുകളയുന്ന അഗ്നിയാണ് പരിശുദ്ധാത്മാവ്. ഇരുളിലും അന്ധതമസ്സിലും പ്രകാശം പരത്തുന്ന ജ്യോതിസ്സാണ് പരിശുദ്ധാത്മാവ്. തളർന്നപോയവർക്ക് നവോന്മേഷം പകരുന്ന ചൂടാണ് പരിശുദ്ധാത്മാവ്.

ബലഹീനരെ ബലശാലികളാക്കുന്ന ശക്തിയാണ് പരിശുദ്ധാത്മാവ്.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവാണ് പരിശുദ്ധാത്മാവ്. മരണമടഞ്ഞുപോയവരെ ജീവിപ്പിക്കുന്ന ജീവനാണ് പരിശുദ്ധാത്മാവ്. പിതാവായ ദൈവത്തിൽ നിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്ന ജീവദായകനാണ് പരിശുദ്ധാത്മാവ്. നിബിയന്മാരിൽക്കൂടെയും ശ്ലീഹന്മാരിൽക്കൂടെയും സംസാരിക്കുന്ന വചനമാണ് പരിശുദ്ധാത്മാവ്. ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായാണ് പരിശുദ്ധാത്മാവ്.

പരിശുദ്ധാത്മാവ് ഒന്നാമതായി, ധ്യാനത്തിന്റെ അഗ്നിയാണ്. (Fire of meditation) സങ്കീർത്തനക്കാരൻ പറയുന്നു:

> "നാവു കൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ടു കാക്കുമെന്നും ഞാൻ പറഞ്ഞു. ഞാൻ ഉരിയാടാതെ ഊമനായിരുന്നു; നന്മയെ ഗണ്യമാക്കാതെ മൗനമായിരുന്നു; എന്റെ സങ്കടം പൊങ്ങിവന്നു എന്റെ ഉള്ളിൽ ഹൃദയത്തിനു ചൂടു പിടിച്ചു, എന്റെ ധ്യനത്തിങ്കൽ തീ കത്തി; അപ്പോൾ ഞാൻ നാവെടുത്തു സംസാരിച്ചു." സങ്കീ. 39 : 1 – 3

ധ്യാനത്തിങ്കൽ കത്തിയ തീ പരിശുദ്ധാത്മാവാണ്. ധ്യാനത്തിങ്കൽ തീ കത്തിയപ്പോഴാണ് നാവെടുത്ത് സംസാരിച്ചത്. ധ്യാനത്തിങ്കൽ തീ കത്താതെ നാവെടുത്ത് സംസാരിക്കരുത്. "നാവ് അടങ്ങാത്ത ദോഷം" എന്ന് യാക്കോബ് പറയുന്നുണ്ട്. 3:8

> "സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും

എന്നു അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്. ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു. നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്രവലിയ കാടു കത്തിക്കുന്നു; നാവും ഒരു തീ തന്നേ; നാവിനെയോ മനുഷ്യർക്ക് ആർക്കും മരുക്കാവതല്ല; അതു അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു, ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു. ഒരു വായിൽ നിന്നു തന്നേ സ്തോത്രവും ശാപവും പറപ്പെടുന്നു. സഹോദരന്മാരേ, ഇങ്ങനെ ആയിരിക്കുന്നതു യോഗ്യമല്ല."

യാക്കോബ്. 3 : 1 – 10

ധ്യാനത്തിൽ തീ കത്തുമ്പോൾ മാത്രമേ നാവെടുത്തു സംസാരിക്കാവൂ. ധ്യാനത്തിങ്കൽ തീ കത്താതെ നടത്തുന്ന പ്രസംഗങ്ങൾ നിർജ്ജീവമായിരിക്കും; അവ ആത്മാക്കളെ തൊടുകയില്ല; സാക്ഷാത്തായ പ്രയോജനം നൽകുകയുമില്ല

ഒരു ഭക്തൻ പറഞ്ഞിട്ടുണ്ട്: അദ്ദേഹം ഒരു മണിക്കൂർ തിരുവചനം പ്രസംഗിക്കുന്നതിനുമുമ്പ് മൂന്നു മണിക്കൂർ പ്രാർത്ഥിക്കാറുണ്ട് എന്ന്. പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും പിൻബലത്തിൽ പരിശുദ്ധാത്മാവിന്റെ അഗ്നി ഉള്ളത്തിൽ കത്തിയതിനുശേഷം വചനം പറയുമ്പോൾ അത് ഉള്ളത്തെ സ്പർശിക്കും. ഹൃദയത്തെ കത്തിക്കും.

ചാൾസ് ഫിന്നി വിശ്വവിശ്രുതനായ സുവിശേഷകനായിരു

ന്നു. അദ്ദേഹം ശുശ്രൂഷയുടെ അവസരങ്ങളിൽ അൽപം ശക്തി കുറഞ്ഞു എന്നു തോന്നുമ്പോഴെല്ലാം ഏകാന്തധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി കാട്ടിൽ പോകുമായിരുന്നു. അവിടെ അദ്ദേഹം തിരുവചനം വായിച്ച് ധ്യാനിക്കുകയും കരയുകയും ചെയ്തിരുന്നു. സ്വന്തം ജീവിതത്തിൽ എവിടെയെങ്കിലും കർത്താവ് ദുഃഖിക്കുന്ന എന്തെങ്കിലും ഉണ്ടോ എന്ന് അദ്ദേഹം ശോധന ചെയ്യുമായിരുന്നു. അദ്ദേഹം വനത്തിന്റെ ഏകാന്തത യിൽ ഉപവാസത്തോടിരുന്ന് പ്രാർത്ഥിക്കുമായിരുന്നു. അതെല്ലാം കഴിഞ്ഞ് അദ്ദേഹം ജനമദ്ധ്യത്തിലേക്ക് വരുന്നത് ഒരു പുതിയ ആളായിട്ടാണ്.

ചാൾസ് ഫിന്നിയുടെ മാത്രമല്ല, കർത്താവിനു വേണ്ടി ഫല പ്രദമായ വേല നിർവ്വഹിച്ച ദൈവമക്കൾ എല്ലാവരും പ്രാർത്ഥന വീരന്മാരായിരുന്നു. ഡി.എൽ.മൂഡി, ജോൺ വെസ്ലി, ബില്ലിഗ്ര ഹാം, എ.ഡബ്ലിയു. ടോസർ, വാച്മാൻ നീ, ബസിലിയഷ്ലിൻക് മുതലായ ദൈവവേലക്കാരെല്ലാം പ്രാർത്ഥനയിൽ അഗ്നി ഇറ ക്കിയിട്ടുള്ളവരാണ്.

ഇംഗ്ലീഷിൽ പ്രസിദ്ധമായ ഒരു അഭിജ്ഞ വാക്യമുണ്ട്:

"Satan trembles when he sees a believer on his knees."

ഒരു വിശ്വാസി മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നതു കാണു മ്പോൾ സാത്താൻ ഭയന്ന് വിറയ്ക്കുന്നു.

സാത്താനെ ജയിക്കാനുള്ള ആയുധം പ്രാർത്ഥനയാണ്. ആത്മാവിൽ തീ ഇറക്കുന്ന പ്രാർത്ഥന. ആത്മാവ് കത്തിജ്വ ലിക്കുന്ന പ്രാർത്ഥന. ഞാൻ സുവിശേഷം പ്രസംഗിച്ചു എന്ന തുകൊണ്ട് സാത്താന് ഒരു ഭീതിയുമില്ല. ഞാൻ മനോഗുണ പ്രവൃത്തികൾ ചെയ്തതുകൊണ്ടും സാത്താന് ഒരു കൂസലു മില്ല. ഞാൻ വളരെ കൃത്യമായി ആരാധനാലയത്തിലെത്തു

കയും ആരാധിക്കുകയും ചെയ്തതുകൊണ്ടും സാത്താന് ഒരു പരിഭ്രാന്തിയുമില്ല. എന്നാൽ ഞാൻ പ്രാർത്ഥിക്കുകയും എന്റെ ധ്യനത്തിങ്കൽ പരിശുദ്ധാത്മാവിന്റെ അഗ്നി ഇറങ്ങി എന്നെ ചൂടുപിടിപ്പിക്കുകയും ചെയ്യുമ്പോൾ സാത്താൻ ഭയപ്പെടും. അതുമാത്രമേയുള്ളൂ സാത്താനെ ജയിക്കാനുള്ള ആയുധം

ശൗൽ മാനസാന്തരപ്പെട്ടതിനുശേഷം മൂന്നു വർഷം അറേബ്യൻ മരുഭൂമിയുടെ ഏകാന്തതയിലിരുന്ന് ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. തിരിച്ചുവന്നത് ഒരു പുതിയ മനുഷ്യനായിട്ടാണ്. അതുകൊണ്ട് ഏഷ്യയുടെ പടിഞ്ഞാറൻ ഭാഗങ്ങളും യൂറോപ്പും സുവിശേഷീകരിക്കാൻ അപ്പോസ്തോലനായ പൗലോസിന് കഴിഞ്ഞു.

നാൽപതു കൊല്ലം സീനായ്മലയുടെ ചെരിവിൽ അമ്മായപ്പന്റെ ആടുകളെ മേയിച്ചു നടന്നപ്പോൾ മോശ ദൈവസന്നിധിയിൽ ഹൃദയം പകരുന്നതിന്റെ അത്ഭുതാനുഭവങ്ങൾ നേടിയെടുക്കുകയായിരുന്നു. അതുകൊണ്ടാണ് അടിമത്തത്തിലാണ്ടുകിടന്ന അറുന്നൂറായിരങ്ങളെ സ്വാതന്ത്ര്യ ദീപ്തിയിലേക്ക് ആനയിക്കാൻ മോശയ്ക്കു കഴിഞ്ഞത്.

ധ്യാനത്തിന്റെ ആത്മാവിനെ ലഭിക്കാൻ ചെയ്യേണ്ടതെന്താണ്? ക്രിസ്തുവിനു വേണ്ടി കാത്തിരിക്കുക.

Waiting upon Jesus. Fire of meditation - Waiting upon Jesus.

> “നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങിപ്പോകാതെ
> എന്നോടുകേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി
> കാത്തിരിക്കേണം” അപ്പോ പ്രവൃ. 1 : 4

കാത്തിരിക്കുന്നവർക്കാണ് പരിശുദ്ധാത്മാവിനെ ലഭിക്കുന്നത്. തങ്ങളെത്തന്നെ ശുദ്ധീകരിച്ചുകൊണ്ട് കാത്തിരിക്കുമ്പോൾ

പരിശുദ്ധാത്മാവിനെ ലഭിക്കും.

രണ്ടാമതായി, പരിശുദ്ധാത്മാവാകുന്ന അഗ്നി കൂട്ടായ്മ യുടെ അഗ്നിയാണ്. Fire of fellowship. ക്രിസ്തുവിനോടുള്ള കൂട്ടായ്മമൂലം ലഭിക്കുന്നതാണ് അഗ്നിയുടെ അനുഭവം. എമ്മ വൂസ്സിലേക്കു പോയ ശിഷ്യന്മാർ നിരാശരായി, മുഖം വാടി യവരായി നടന്നുപോയപ്പോൾ, ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവരോട് ചേർന്നു നടന്നു എന്ന് ലൂക്കോസിന്റെ സുവിശേ ഷത്തിൽ വായിക്കുന്നു. ക്രിസ്തു ആ യാത്രയിൽ അവ രോടു സംസാരിച്ചുകൊണ്ട് നടന്നു. ക്രിസ്തു അവരുടെ ഭവ നത്തിലേക്ക് പാർപ്പാൻ ചെന്നു. അപരിചിതൻ എന്ന് കരു തിയ ആൾ ക്രിസ്തു ആണെന്നറിഞ്ഞപ്പോൾ അവർക്കു ണ്ടായ ആനന്ദവും അത്ഭുതവും വർണ്ണനാതീതമായിരുന്നു. അവർ അപ്പോൾ പരസ്പരം പറഞ്ഞു:

> “അവൻ വഴിയിൽ നമ്മോടു സംസാരിച്ചു തിരു വെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ”
>
> ലൂക്കോസ്. 24 : 32

ക്രിസ്തു സംസാരിക്കുമ്പോൾ ഉള്ളം കത്തും. അതിന് ക്രിസ്തുവിന്റെ കൂടെ നടക്കണം. Fire of fellowship - walking with jesus.

ക്രിസ്തുവിനോടുകൂടെ നടക്കുമ്പോഴാണ് ക്രിസ്തു സംസാ രിക്കുന്നത്. ക്രിസ്തുവിന്റെ ഹൃദയം അറിയുന്നത് ക്രിസ്തുവി നോടുകൂടെ നടക്കുമ്പോഴാണ്. അപ്പോൾ ക്രിസ്തുവിന്റെ ഭാവം അറിയാം. ക്രിസ്തുവിന്റെ ആത്മാക്കളെക്കുറിച്ചുള്ള ഭാരം നമുക്ക് ഉൾക്കൊള്ളാം. ക്രിസ്തുവിന്റെ സ്നേഹം നമുക്ക് അനുഭവിക്കാം. നമ്മുടെ വേദനകൾ ക്രിസ്തു ആറ്റി

അകറ്റുന്നത് നമുക്ക് അനുഭവിക്കാം. അപ്പോൾ ക്രിസ്തു നമ്മെ തലോടും; നമ്മുടെ കണ്ണുനീർ തുടയ്ക്കും. ശത്രുഭീതിയിൽ നിന്ന് നമ്മെ വിടുവിക്കും. നീറിപ്പുകയുന്ന നമ്മുടെ ഹൃദയത്തിന് ആശ്വാസം നൽകും. ക്രിസ്തുവിന്റെ തിരുമാറോട് നമ്മെ അടക്കിപ്പിടിക്കും. അത്യപൂർവ്വസൗഭാഗ്യം നമുക്ക് ലഭിക്കും.

"ഹാനോക്ക് ദൈവത്തോടു കൂടെ നടന്നു." ഹാനോക്കിന്റെ ആയുസ്സിലെ ആദ്യത്തെ അറുപത്തഞ്ചുവയസ്സു മുതൽ ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവത്തോടുകൂടെ നടന്നതുകൊണ്ട് ഹാനോക്ക് ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് പ്രവചിച്ചു.

> "ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു." യൂദാ. 15

കർത്താവിനോടുകൂടെ നടന്നതുകൊണ്ട് ലഭിച്ച രണ്ടാമത്തെ അനുഗ്രഹം, നല്ല സാക്ഷ്യം ലഭിച്ചു എന്നതാണ്.

> "അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് അവൻ എടുക്കപ്പെട്ടതിനു മുമ്പെ സാക്ഷ്യം പ്രാപിച്ചു." എബ്രാ 11 : 5

ഈ ലോകത്ത് ജീവിച്ചിരിക്കുമ്പോൾ ദൈവത്തെ പ്രസാദിപ്പിച്ച മനുഷ്യൻ എന്ന് സാക്ഷ്യം പ്രാപിക്കുക– അത് എത്രയോ ഭാഗ്യകരമാണ്! അടുത്ത തലമുറയിലേക്ക് കൈമാ

റാൻ എത്രയോ ഭാഗ്യകരമാണ്! അടുത്ത തലമുറയിലേക്ക് കൈമാറാൻ ഉന്നതവും ഉദാത്തവുമായ സാക്ഷ്യം. ജീവിതത്തിന്റെ അനുഭവം മറ്റുള്ളവർ നോക്കിക്കൊണ്ട്, "ഇവൻ ദൈവത്തെ പ്രസാദിപ്പിച്ചവൻ" എന്ന് നമ്മെക്കുറിച്ച് സാക്ഷ്യം പറയുമോ?

ദൈവത്തോടുകൂടെ നടന്നതിന്റെ മൂന്നാമത്തെ അനുഗ്രഹം, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ അവൻ കാണാതായി എന്നതാണ്. ഈ താല്ക്കാലികജീവിതം കഴിഞ്ഞ് ദൈവം തിരുസന്നിധിയിലേക്ക് സ്വീകരിക്കുക; നിത്യജീവൻ പ്രാപിക്കുക–അത് എന്തൊരു സൗഭാഗ്യമാണ്. ദൈവത്തോടുകൂടെ നടക്കുന്ന ദൈവപൈതലിന് ലഭിക്കുന്ന അനുഗ്രഹമാണത്.

ഹാനോക്കിന്റെ ജീവിതത്തിൽ ദൈവത്തോടുകൂടെ നടന്നതിന്റെ നാലാമത്തെ അനുഗ്രഹം ഹാനോക്കിനു ലഭിച്ച വിശ്വാസമാണ്.

> ''വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു.'' എബ്രാ 11 : 5

"ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല." എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തു. (യോഹ 11 : 26)

വചനം സാക്ഷാത്തായ അനുഭവമാകുന്ന വിശുദ്ധന്മാരുടെ നിരയിൽ ഹാനോക്കിനെ നാം കാണുകയാണ്. കർത്താവായ യേശുവിന്റെ പുനരാഗമനത്തിൽ വിശുദ്ധന്മാരായി വാങ്ങിപ്പോയവർ ഉയർത്തെഴുന്നേൽക്കും. ജീവനോടിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടും. അങ്ങനെ രൂപാന്തരപ്പെടുന്ന വിശുദ്ധന്മാരുടെ സമൂഹത്തിൽ നാം കാണണമെങ്കിൽ നാം ദൈവ

ത്തോടുകൂടെ നടക്കണം. ദൈവത്തോടുകൂടെ നടക്കുമ്പോൾ ലഭിക്കുന്ന സൗഭാഗ്യമാണ് Fire of fellowship കൂട്ടായ്മയുടെ അഗ്നിയായ പരിശുദ്ധാത്മാവ്.

രണ്ട്, Fire of fellowship - walking with Jesus.

ആത്മാവിന്റെ കൂട്ടയ്മയെക്കുറിച്ച് പൗലോസ് ഫിലിപ്പിയിലെ വിശ്വാസികളെ ഓർമ്മപ്പെടുത്തുന്നുണ്ട്:

> "ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ, നിങ്ങൾ ഏകമനസ്സുള്ളവരായി, ഏക സ്നേഹം പൂണ്ടു, ഐകമത്യപ്പെട്ടു, ഏക ഭാവമുള്ളവരായി, ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ." ഫിലിപ്പിയർ. 2 : 1 – 2

കൂട്ടായ്മയുടെ അഗ്നി കത്തിയാൽ ഐക്യമുണ്ടാകും. അഥവാ, ഐക്യവും സ്നേഹവുമുള്ളേടത്തു മാത്രമേ കൂട്ടായ്മയുടെ അഗ്നികത്തുകയുള്ളൂ. അവിടെ ഏകഭാവം വരും. അവിടെ ഏക സ്നേഹം ലഭിക്കും. ഐകമത്യമുള്ളിടത്ത് ക്രിസ്തു വസിക്കും. സത്യത്തിന്റെയും വിശുദ്ധിയുടെയും കൂട്ടായ്മ വേണമെങ്കിൽ ദൈവമക്കൾക്ക് ഒരു മനസ്സ് വരണം.

ദൈവത്തിന്റെ ആത്മാവ് ഒരു കുടംബത്തിൽ വസിക്കണമെങ്കിൽ അവിടെ ഭാര്യാഭർത്താക്കന്മാർ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും സഹോദരങ്ങൾ തമ്മിലും ഐക്യവും സ്നേഹവും ഉണ്ടാകണം. അതാണ് സാക്ഷാൽ കൂട്ടായ്മ.

കൂട്ടായ്മ വാസ്തവത്തിൽ പിതാവിനോടും അവന്റെ പുത്ര

നായ യേശുക്രിസ്തുവിനോടും ആകുന്നു. പിതാവിനോടും പുത്രനോടും കൂട്ടായ്മയുള്ളവരുടെ ഹൃദയത്തിലാണ് പരിശു ദ്ധാത്മാവ് അധിവസിക്കുന്നത്.

അപ്പോസ്തോലനായ യോഹന്നാൻ പറയുന്നു;

> “ഞങ്ങൾ കണ്ടും കേട്ടുമുള്ളത് നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന്നു നിങ്ങ ളോടും അറിയിക്കുന്നു. ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നു ള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു. അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറയുകയും ഇരുട്ടിൽ നടക്കു കയും ചെയ്താൽ നാം ഭോഷ്കു പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല. അവൻ വെളിച്ച ത്തിൽ ഇരിക്കുന്നതുപോലെ നാം ലെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉ ണ്ട്.” 1 യോഹ. 1: 3 – 7

കൂട്ടായ്മയുടെ അഗ്നി വാസ്തവത്തിൽ ക്രിസ്തുവിന്റെ കഷ്ടങ്ങളിലുള്ള കൂട്ടായ്മയോട് നമ്മെ ബന്ധിപ്പിക്കുന്നു.

പൗലോസ് പറയുന്നു:

> “ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായ പ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്തനീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസംമൂലം ദൈവം വിശ്വ സിക്കുന്നവർക്കു നൽകുന്ന നീതി തന്നേ ലഭിച്ചു അവനിൽ ഇരിക്കേണ്ടതിന്നും അവന്റെ മരണ ത്തോടു അനുരൂപപ്പെട്ടിട്ടു അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ

കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവി ച്ചറിയേണ്ടതിന്നും ഇങ്ങനെ വല്ലവിധേനയും മരി ച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപി ക്കേണം എന്നുവെച്ചും ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറു എന്ന് എണ്ണുന്നു."

ഫിലി. 3 : 9 – 11

മാന്യ സ്നേഹിതാ, ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ കൂട്ടായ്മ നീ അനുഭവിക്കുന്നുണ്ടോ? ഒരു തെറ്റും ചെയ്യാതി രിക്കെ, ഒരു നീചപാപിയെപ്പോലെ അവഹേളിക്കപ്പെട്ടും, നിന്ദി ക്കപ്പെട്ടും, പീഡിപ്പിക്കപ്പെട്ടും, ക്രൂശിൽ മരിച്ച ക്രിസ്തു വിന്റെ കഷ്ടങ്ങളുടെ കൂട്ടായ്മ അനുഭവിച്ചറിയാൻ നിന്റെ ജീവിതം സമർപ്പിച്ചുവോ? നിന്നിൽ പരിശുദ്ധാത്മാവാകുന്ന അഗ്നി, കൂട്ടായ്മയുടെ അഗ്നികത്തുന്നുണ്ടോ? പരസ്പര സ്നേഹവും ഐക്യമത്യവും ഒരുമനസ്സും നിനക്കുണ്ടോ? വിട്ടുവീഴ്ച ചെയ്യാനും, ക്ഷമിക്കാനും, മറക്കാനും, പൊറു ക്കാനും, നിനക്കു കഴിയുന്നുണ്ടോ? ക്രിസ്തുവിന്റെ കരങ്ങളി ലേക്കു ഒരു പുതിയ ജീവിതത്തിനായി ഏൽപിച്ചുകൊടു പ്പാൻ നിനക്കു മനസ്സാണോ? കൂട്ടായ്മയുടെ അഗ്നി നിന്നിൽ കത്തണമെന്ന് നിനക്കു നിർബന്ധമുണ്ടോ?

എങ്കിൽ ഇപ്പോൾത്തന്നെ നിന്റെ അരികത്തു നിൽക്കുന്ന ക്രിസ്തുവിനോട് നീ പറയൂ;

നാഥാ ഇന്നു മുതൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കും. ഇന്നു മുതൽ പരിശുദ്ധാത്മാവിന്റെ അഗ്നി എന്നിൽ നിരന്തരം കത്തുന്ന ഒരു ധന്യജീവിതത്തിന് എനിക്കു ഭാഗ്യം തരണമേ.

## പത്ത്

പരിശുദ്ധാത്മാവാകുന്ന അഗ്നി ഒന്നാമത് ധ്യാനത്തിന്റെ അഗ്നിയാണ്. അതിനായി ക്രിസ്തുവിന്റെ പാദത്തിൽ കാത്തിരുന്ന് പ്രാർത്ഥിക്കണം രണ്ടാമത് കൂട്ടായ്മയുടെ അഗ്നിയാണ്. അതിനായി ക്രിസ്തുവിനോടുകൂടെ നടക്കണം.

ഒന്ന്. Fire of meditation - Waiting upon Jesus

രണ്ട്. Fire of Fellowship - Walking with Jesus

മൂന്ന്. Fire of Proclamation - Working for Jesus

സുവിശേഷഘോഷണത്തിന്റെ അഗ്നി–ക്രിസ്തുവിനുവേണ്ടി വേലചെയ്യുമ്പോൾ ലഭിക്കുന്ന അഗ്നി.

> “ഞാൻ ഇനി അവനെ ഓർക്കുകയില്ല, അവന്റെ നാമത്തിൽ സംസാരിക്കുകയുമില്ല എന്നു പറഞ്ഞാലോ അതു എന്റെ അസ്ഥികളിൽ അടെക്കപ്പെട്ടിട്ട് എന്റെ ഹൃദയത്തിൽ തീ കത്തുംപോലെ ഇരിക്കുന്നു.” യിരാമ്യാ. 20 : 9

യിരാമ്യാവ് ദൈവത്തോടു പരാതി പറയുകയാണ്. ദൈവ ത്തിന്റെ വചനം പ്രസ്താവിക്കുന്നതുകൊണ്ട് എല്ലാവരും എന്നെ പരിഹസിക്കുന്നു എന്നാണ് യിരാമ്യാവിന്റെ പരിഭവം. "ഞാൻ ഇടവിടാതെ പരിഹാസവിഷയമായിരിക്കുന്നു." (20: 7–9) എന്ന് വളരെ ഭാരത്തോടെ പ്രവാചകൻ പറയുകയാണ്. "യഹോവയുടെ വചനം എനിക്കു ഇടവിടാതെ നിന്ദയ്ക്കും പരിഹാസത്തിനും ഹേതുവായിരിക്കുന്നു." എന്ന് വീണ്ടും ദൈവപുരുഷൻ പറയുന്നു. ഇനി ദൈവനാമത്തിൽ ഞാൻ സംസാരിക്കുകയില്ല എന്ന് യിരമ്യാവ് തീരുമാനിക്കുന്നു. പക്ഷേ അപ്പോൾ തിരുവചനം അസ്ഥികളിൽ അടയ്ക്കപ്പെട്ടിട്ട് ഹൃദ യത്തിൽ തീ കത്തുന്നതുപോലെ ഇരിക്കുന്നു എന്ന് യിര മ്യാവ് പ്രസ്താവിക്കുന്നു.

New International version ൽ ഈ വാക്യം ഇങ്ങനെയാ ണ്.:

"I am ridiculed all day long; everyone mocks me. Whenever I speak, I cry out proclaiming violence and destruction. So the word of the Lord has brought me insult and reproach all day long. But if I say, " I will not mention Him or speak any more in his name", His word is in amy heart like a fire, a fire shut up in my bones. I am weary of holding it in; indeed, I cannot."

ദൈവ വചനഘോഷണത്തിനുള്ള താലന്ത് നൽകി ദൈവം വിളിച്ച് വേർതിരിച്ച മനുഷ്യൻ ആ പ്രേഷിത ദൗത്യത്തിൽ നിന്ന് പിന്മാറിയാൽ വചനത്തെക്കുറിച്ചുള്ള എരിവും തീക്ഷ് ണതയും സിരകളിൽ അഗ്നിയായി പടർന്നു കയറും; തിരി ച്ചുവരുമ്പോൾ അഗ്നി നിറഞ്ഞൊഴുകും. സിരകളിൽ അഗ്നി പ്രവാഹം.

സുവിശേഷവേലയ്ക്കുവേണ്ടിയുള്ള ദാഹം തീയായി ആള ത്വത്തെ ചൂടുപിടിപ്പിക്കുമ്പോൾ വചനം പറയുന്നതാണ് ഏറ്റവും അഭികാമ്യവും പ്രയോജനപ്രദവും. പരിശുദ്ധാത്മാവിന്റെ അഗ്നി ഉള്ളിൽ കത്തിക്കൊണ്ട് തിരുവചനം പ്രസ്താവിക്കുമ്പോൾ, ഈ വചനം ജനഹൃദയങ്ങളിൽ പതിയും; ജനഹൃദയങ്ങളിൽ പരിവർത്തനമുണ്ടാകും; അനേകർക്ക് ശാന്തിയും സ്വസ്ഥ തുയും ലഭിക്കും.

യിരമ്യാവ് പറയുന്നു, ദൈവവചനത്തെക്കുറിച്ച്;

> “എന്റെ വചനം തീ പോലെയും പാറയെ തകർക്കുന്ന ചുറ്റികപോലെയും അല്ലയോ എന്നു യാഹോവയുടെ അരുളപ്പാട്.” യിരമ്യാവ്. 23 : 29

പഴയകാല വിശുദ്ധന്മാരുടെ നിരയിൽ വളരെ പ്രസിദ്ധ നായ ഒരു പരിശുദ്ധനായിരുന്നു മാർ ബസ്സേലിയോസ്. അദ്ദേഹം ഒരു വലിയ താപസശ്രേഷ്ഠനും വാഗ്മിയുമായിരു ന്നു. അദ്ദേഹത്തിന്റെ ആരാധനയെക്കുറിച്ചും ജീവിതവിശുദ്ധി യെക്കുറിച്ചും കേട്ട മാർ അപ്രേം എന്ന വിശുദ്ധൻ അദ്ദേഹ ത്തിന്റെ ആരാധനയിൽ പങ്കെടുക്കാനായി ചെന്നു. ആരാധ നയുടെ മദ്ധ്യത്തിൽ സുവിശേഷം വായിച്ചു കഴിഞ്ഞതിനു ശേഷം ആ വായനാഭാഗം ആസ്പദമാക്കി പരിശുദ്ധനായ പിതാവ് തിരുവചനം പറയാനാരംഭിച്ചു. അപ്പോൾ മാർ അപ്രേം ആത്മാവിൽ കണ്ടു: രണ്ടു വെള്ളപ്രാവുകൾ പറന്നുവന്ന് ചെവിയിലൂടെ വിശുദ്ധന് തീക്കനലുകൾ നൽകുന്നതും വിശു ദ്ധൻ സംസാരിക്കുമ്പോൾ തീപ്പൊരികൾ നാവിലൂടെ ചിതറി ത്തെറിച്ച് ജനങ്ങളുടെ മേൽ പതിക്കുന്നതുമാണ് കണ്ടത്. വചനം തീയാണ്. വചനം ആത്മാവാണ്. പരിശുദ്ധാത്മാവാ കുന്ന അഗ്നി സുവിശേഷപ്രഖ്യാപനത്തിന്റെ അഗ്നിയാണ്; അത് ദൈവനാമ മഹത്വത്തിനുവേണ്ടി വേലചെയ്യുന്നതാണ്.

നാലാമാതായി, പരിശുദ്ധാത്മാവാകുന്ന അഗ്നി – യാതനകളുടെ അഗ്നി. Fire of affliction - Welding of Jesus into his stature ആണ്.

"ഇതാ, ഞാൻ നിന്നെ ഊതിക്കഴിച്ചിരിക്കുന്നു, വെള്ളിയെപ്പോലെ അല്ലതാനും; ഞാൻ നിന്നെ കഷ്ടതയുടെ ചൂളയിൽ ആകുന്നു ശോധന കഴിച്ചത്." യെശയ്യാ. 48 : 10

യാതനയിൽക്കൂടി കടന്നുപോകുന്നത് തേജസ്കരണം പ്രാപിക്കാനാണ്. ദുരിതങ്ങളും പീഡനങ്ങളും ക്ലേശങ്ങളും ജീവിതത്തിൽ ഏറി ഏറി വരുന്തോറും നമ്മുടെ ആന്തരാത്മാവിൽ തേജസ്കരണം കിട്ടിക്കൊണ്ടിരിക്കയാണ്.

"തീപ്പൊരി ഉയരെ പറക്കുംപോലെ മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു." ഇയ്യോബ്. 5:7

എന്ന് ഇയ്യോബിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു. യാതനകൾ ഏറി വരുമ്പോൾ ക്രിസ്തുവിന്റെ ഭാവത്തോട് താദാത്മ്യം പ്രാപിക്കുകയാണ്.

"ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ" എന്ന് തിരുവചനം അനുശാസിക്കുന്നു." 1 പത്രോസ് 4 : 13

പൗലോസ് പറയുന്നു;

"കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു." റോമർ. 5 : 3

കഷ്ടതകൾ മൂലം നാം ക്രിസ്തുവിന്റെ അതേ ഛായ

പ്രാപിക്കുന്നതിന് ദൈവം പ്രവർത്തിക്കുകയാണ്. ശത്രുവായ പൈശാചികൻ നമുക്കു വരുത്തുന്ന കഷ്ടതകൾ ദൈവം നന്മയ്ക്കാക്കിത്തീർക്കും. ക്രിസ്തുവിനോടു അനുരൂപരാകുവാൻ നമുക്ക് വഴിയൊരുക്കും.

പ്രിയ ദൈവപൈതലേ, കഷ്ടതയുടെ തീച്ചൂളയിൽക്കൂടെ നീ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണോ? നിനക്കു താങ്ങാവുന്നതിനപ്പുറമായ യാതനകളും ദുരിതങ്ങളും നിന്നെ വലയം ചെയ്തു നിൽക്കുകയാണോ? ഭാരമേറിയ ചുമടുകൾ താങ്ങി നീ തല കുമ്പിട്ട്, വലഞ്ഞിരിക്കുകയാണോ?

എങ്കിൽ, ഒന്നു നീ വിശ്വസിക്കൂ. ക്രിസ്തുവിന്റെ അതേ സ്വരൂപവും ഛായയും തിരികെ പ്രാപിക്കുവാൻ സുവർണ്ണാവസരം കർത്താവ് നിനക്കൊരുക്കുകയാണ്. ക്രിസ്തുവിന്റെ അതേ പ്രതിമയാകുവാൻ നിന്നെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

നിത്യനായ ദൈവത്തിന്റെ യുഗപരിപാടിയിൽ യാക്കോബിന്റെ മകനായ യോസേഫിനെ ഉന്നതപദവിക്കായി ദൈവം മുന്നറിയുകയും മുന്നിയമിക്കുകയും ചെയ്തു. അക്കാര്യം അറിഞ്ഞ പൈശാചികൻ യോസേഫിനെ നശിപ്പിക്കാൻ കഠിനാദ്ധ്വാനം ചെയ്തു.

ആദ്യം യോസേഫിനെ തകർത്തുകളയുവാൻ സാത്താൻ ആയുധമാക്കിയത് സ്വന്തം സഹോദരന്മാരെയാണ്. ഉൽപത്തി പുസ്തകം 37–ാം അദ്ധ്യായത്തിൽ അവർ യോസേഫിനെ പകച്ചു എന്നും യോസേഫിനെ ദ്വേഷിച്ചു എന്നും യോസേഫിനോട് അസൂയപൂണ്ട് അധികം പകച്ചു എന്നും അവനെ കൊന്നു കളയുവാൻ പൊട്ടക്കിണറ്റിൽ തള്ളിയിട്ടു എന്നും നാം വായിക്കുന്നു.

യോസേഫിന്റെ മേലങ്കി അവർ ഊരിമാറ്റി അവനെ പൊട്ടക്കിണറ്റിൽ തള്ളിയിട്ടു. അവിടെ നിന്ന് അവർ എടുത്ത് യിശ്മായേല്യ കച്ചവടക്കാർക്ക് വിറ്റു. യോസേഫിന്റെ വിലയായ ഇരുപത് വെള്ളിക്കാശ് അവർ എണ്ണി വാങ്ങിയിട്ട് ഒരു കൂസലുമില്ലാതെ ചിരിച്ച്, രസിച്ച് ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു.

ബാല്യത്തിൽത്തന്നെ അമ്മ മരിച്ചുപോയ ആ യുവാവ്! ദുഃഖവും ദുരിതവും മാത്രം നേരിട്ട്. വലഞ്ഞുപോയ ആ ചെറുപ്പക്കാരൻ. സഹോദരന്മാർക്ക് ഒരിറ്റുസഹതാപം തോന്നുമോ എന്നു നോക്കി കരഞ്ഞ് കരഞ്ഞ്, ഏങ്ങലടിച്ചു കൊണ്ട്, എന്നെ വിറ്റുകളയരുതേ എന്നപേക്ഷിച്ചുകൊണ്ട് കെഞ്ചിയാചിച്ചു നിന്നു. അവരോ അവനെ ഗൗനിച്ചില്ല; അവരുടെ മനസ്സലിഞ്ഞതുമില്ല.

ഇനി ഞാൻ ആർക്കുവേണ്ടി ജീവിക്കണം? എന്നെ സ്നേഹിക്കാനാരുണ്ട്? എന്റെ അമ്മ എന്റെ ബാല്യത്തിൽത്തന്നേ എന്നേ വിട്ടുപോയില്ലേ? എന്റെ അപ്പനെ ഞാൻ ആയുസ്സിൽ കാണുമോ? ഞാൻ മരിച്ചുപോയി എന്നു വിചാരിച്ച് എന്റെ അപ്പൻ തീരാദുഃഖത്തിൽ കഴിയുകയായിരിക്കകയില്ലേ? നിരാശയുടെ കണ്ണുനീർക്കയത്തിലേക്ക് യോസേഫ് കൂപ്പുകുത്തി.

യോസേഫിനെ ഒടുക്കിക്കളയുവാൻ ആസൂത്രണം ചെയ്ത പരിപാടി തകർന്നു എന്നു സാത്താൻ കണ്ടു. ദൈവം യോസേഫിനു വേണ്ടി കരുതിയ ഉന്നതപദവിയിൽ അവനെത്താതെ നോക്കുവാൻ ഇനി എന്താണുമാർഗ്ഗം എന്ന് പിശാച് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ അവന്റെ കൈയ്യിലെ ആയുധമായി പൊത്തീഫേറിന്റെ ഭാര്യയെ കിട്ടി. ആ സ്ത്രീ യോസേഫിനെ അശുദ്ധിക്കുവേണ്ടി പ്രലോഭിപ്പിച്ചു. യോസേഫ് പാ

പത്തിൽ വീണാൽ അവനെ ദൈവം എത്തിക്കാനുദ്ദേശിച്ച സ്ഥാനത്ത് എത്തിക്കാനാവാതെ ദൈവം അവനെ കൈവിടു മല്ലോ എന്ന് പിശാചു കരുതി അങ്ങനെ ആ ദുഷ്ട സ്ത്രീ പാപത്തിലേക്ക് യോസേഫിനെ പ്രേരിപ്പിച്ചു. പക്ഷേ യോസേഫ് പറഞ്ഞു:

"ഞാൻ ഈ മഹാദോഷം പ്രവർത്തിച്ചു ദൈവത്തോടു പാപം ചെയ്യുന്നതു എങ്ങനെ" (ഉൽപത്തി 39:9) സ്വന്തക്കാർ കൈവിട്ടു, സ്നേഹിക്കാൻ ആരുമില്ലാതെ, സ്നേഹത്തിനു വേണ്ടി ദാഹിക്കുന്ന ഈ യൗവനക്കാരൻ തന്റെ നേരെ വെച്ചു നീട്ടിയ സ്നേഹത്തെ തട്ടിക്കളഞ്ഞു; ദൈവനാമ ത്തിൽ! ദൈവത്തോടുള്ള സ്നേഹത്തിൽ! ആരെല്ലാം സ്നേഹി ച്ചില്ലെങ്കിലും എന്നെ സ്നേഹിക്കുന്ന ഒരു ദൈവം എല്ലാം കാണുന്നു, എല്ലാ രഹസ്യവും അറിയുന്നു; ആ സ്നേഹ നിധി എന്നെ നോക്കി ദുഃഖിക്കരുത്. ഈ ചിന്തകൾ യോസേ ഫിനെ തിന്മയിൽ നിന്നകലാൻ പ്രേരിപ്പിച്ചു.

അങ്ങനെ ദൈവം ജയിച്ചു. സാത്താൻ തോറ്റു. ദൈവ ത്തിന് യോസേഫിനെ ഉന്നതശ്രേണിയിലെത്തിക്കാനുള്ള കാര്യ പരിപാടിയിൽ ജയിക്കാൻ കഴിഞ്ഞു. യോസേഫ് ആ നൈമി ഷിക വികാരത്തിനടിമപ്പെട്ട് പാപത്തിൽ വീണിരുന്നെങ്കിലോ? ദൈവം തോൽക്കും; പിശാചു ജയിക്കും.

മകനെ, നീ ദൈവത്തെ തോൽപിക്കുന്നവനോ? അതോ. ദൈവത്തെ ജയിപ്പിക്കുന്നവനോ? മനുഷ്യന് ദൈവത്തെ തോൽപ്പിക്കാൻ കഴിയും. മനുഷ്യൻ പാപം ചെയ്താൽ ദൈവം തോൽക്കും. പ്രിയനേ, അരുത്, ഇനി നീ ആ മഹാ സ്നേഹത്തെ തോൽപിക്കരുത്. പാപത്തെ പ്രാണത്യാഗത്തോളം എതിർത്തു നിൽക്കണം

യോസേഫ് ഉടുവസ്ത്രം വിട്ടിട്ട് ആ സ്ത്രീയുടെ കിടപ്പറയിൽ നിന്ന് ഓടി രക്ഷപ്പെട്ടു. തൊണ്ടിവസ്തു ആ സ്ത്രീയുടെ കിടപ്പറയിൽ! ആരെങ്കിലും വിശ്വസിക്കുമോ യോസേഫ് പാപത്തിൽ നിന്നോടി മാറി എന്ന്. സത്യം അറിയാവുന്നത് ദൈവത്തിനും ആ സ്ത്രീക്കും മാത്രം. അവൾ പറയുന്നു, ഈ യൗവനക്കാരൻ അവളെ അപമാനിക്കാൻ കിടപ്പറയിൽ കടന്നു ചെന്നു എന്ന്. തൊണ്ടി വസ്തു ഇതാ! അവന്റെ ഉടുവസ്ത്രം! പാവം യോസേഫ്! സത്യം പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? മൗനം തന്നെ ഭേദം. മിണ്ടാട്ടമില്ലാതെ, മറുപടിയോ വിശദീകരണമോ ഇല്ലാത്തവനായി, കുറ്റവാളിയെന്ന് സകലരും ധരിക്കുമാറ് യോസേഫ് വാടിയ മുഖത്തോടെ നിന്നു.

എല്ലാവരുടെയും പുച്ഛം കലർന്നനോട്ടം! ധാർമ്മികരോഷം പൂണ്ട ഭാവം! ആരുമില്ല ഒന്നു സഹതപിക്കാൻ – സത്യം അറിയാൻ ആരുമില്ല. ആർക്കും സത്യം അറിയണമെന്നുമില്ല. അങ്ങനെയാണ് കൽത്തുറുങ്കിലെത്തിയത്. അങ്ങനെ കുണ്ടുകിണറ്റിൽ നിന്ന് കൽത്തുറുങ്കിലേക്ക്. Pit ൽ നിന്ന് Prison ലേക്ക്. പക്ഷെ ആ കാരാഗൃഹത്തിലെ 13 കൊല്ലത്തെ വാസവും യോസേഫിനെ തളർത്തിയില്ല. കാരണം അവൻ വിശ്വസിച്ചു, എല്ലാം ദൈവം നേരേയാക്കുമെന്ന്.

മകനേ, പ്രിയമകളെ, എല്ലാം ശരിയായി ധരിക്കുന്നവൻ ജീവിക്കുന്നുണ്ട്. സത്യത്തെ കുഴിച്ചിടാം; സത്യത്തെ മൂടിവെയ്ക്കാം; കുറെ കാലത്തേക്കു മാത്രം. സത്യം ഉയിർത്തെഴുന്നേൽക്കും. സത്യം വെളിപ്പെടും.

യോസേഫ് Palace ൽ എത്തി. കൽത്തുറുങ്കിൽ നിന്ന് കൊട്ടാരത്തിലേക്ക്. സഹായം തരുമെന്ന് കരുതിയ പാനപാത്രവാഹകനും മറന്നുപോയി എന്നു വരാം. പക്ഷെ സ്വർഗ്ഗ

ത്തിലെ ദൈവം മറക്കുകയില്ല.

യേശുവിന്റെ അതേ ഛായ പ്രാപിപ്പാൻ, ദൈവപൈതലേ, നിന്നെ തീച്ചൂളയിൽ കൂടി കടത്തിവിടുകയാണ്. പരിശുദ്ധാത്മാവാകുന്ന അഗ്നി യാതനകളിൽ കൂടി രൂപാന്തരപ്പെടുത്തുന്ന അഗ്നിയാണ്.

Fire of affliction - Welding of Jesus to his image.

അഞ്ച്, Fire of purification - Washing of Jesus

ശുദ്ധീകരണത്തിന്റെ അഗ്നി. ക്രിസ്തു കഴുകുന്നതിനാൽ വിശുദ്ധീകരണം ലഭിക്കുന്നു. അഗ്നിയാലുള്ള കഴുകൽ. അഗ്നിയാലുള്ള ശുദ്ധീകരണം.

“എനിക്കു മുമ്പായി വഴി നിരത്തേണ്ടതിന്നു ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമ ദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേക്കു വരും: ഇതാ, അവൻ വരുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നില നിൽക്കും? അവൻ ഊതിക്കഴിക്കുന്നവന്റെ തീപോലെയും അലക്കുന്നവരുടെ ചാരവെള്ളം പോലെയും ആയിരിക്കും. അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ടു ലേവി പുത്രന്മാരെ ശുദ്ധീകരിച്ചു പൊന്നുപോലെയും വെള്ളി പോലെയും നിർമ്മലീകരിക്കും.” മലാഖി. 3: 1–3

പരിശുദ്ധാത്മാവാകുന്ന അഗ്നി ശുദ്ധീകരിക്കും. കറയും കളങ്കവും നിശ്ശേഷം മാറ്റി നമ്മെ വെടിപ്പാക്കും. നമ്മിൽ മറഞ്ഞിരിക്കുന്ന സകല പാപവും മാറ്റി നമ്മെ നിർമ്മലീക

രിക്കും.

ദാവീദ് ഒരിക്കൽ പ്രാർത്ഥിച്ചു:

> “തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിപ്പിക്കേണമേ. സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ, അവ എന്റെ മേൽ വാഴരുതേ; എന്നാൽ ഞാൻ നിഷ്കളങ്കനും മഹാപാതകരഹിതനും ആയിരിക്കും.” സങ്കീ. 19 : 12 – 13

> “ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ.”
>
> സങ്കീ. 139 : 23 – 24

പരിശുദ്ധാത്മാവാകുന്ന അഗ്നി നമ്മെ ശോധന കഴിക്കുന്നു; നമ്മെ വെടിപ്പാക്കുന്നു. എല്ലാ തിന്മയും ദോഷവും മാറ്റി നമ്മെ തീയിൽ കഴുകി വിശുദ്ധരാക്കുന്നു.

മാന്യസഹോദരാ, പ്രിയ സഹോദരീ, പരിശുദ്ധാത്മാവാകുന്ന അഗ്നി നിന്നിൽ പ്രവർത്തിപ്പാൻ നീ നിന്നെത്തന്നെ ദൈവകരങ്ങളിലേക്ക് ഏൽപിക്കുന്നുവോ? പരിശുദ്ധാത്മാവാകുന്ന അഗ്നി ധ്യാനത്തിന്റെ അഗ്നിയാണ്. ക്രിസ്തുവിനു വേണ്ടി കാത്തിരിക്കുന്നു.

Fire of meditation - Waiting for Jesus. അത് ധ്യാനത്തിന്റെ അഗ്നിയാണ്. ക്രിസ്തുവിനുവേണ്ടി കാത്തിരിക്കുന്നു.

Fire of fellowship - Walking with Jesus. അത് കൂട്ടായമ യുടെ അഗ്നിയാണ്. ക്രിസ്തുവിനോടു ചേർന്നു നടക്കുന്നു.

Fire of Proclamation - Working for Jesus. അത് സുവി ശേഷഘോഷണത്തിന്റെ അഗ്നിയാണ്. ക്രിസ്തുവിനു വേണ്ടി വേല ചെയ്യുന്നു.

Fire of afflication - Welding of Jesus into His stature. അത് യാതനയുടെയും പീഡയുടെയും അഗ്നിയാണ്. ക്രിസ്തു വിന്റെ സ്വഭാവത്തോടു അനുരൂപപ്പെടുത്തുന്നു.

Fire of purification - Washing of Jesus അഞ്ചാമതായി, അത് ശുദ്ധീകരണത്തിന്റെ അഗ്നിയാണ്. ക്രിസ്തു കഴുകു ന്നു.

പ്രിയ ദൈവപൈതലേ, ഈ അഗ്നി ഇപ്പോൾത്തന്നെ നിന്റെ മേൽ ഇറങ്ങുവാൻ നീ നിന്നെത്തന്നെ താഴ്ത്തുക-യാചിക്കു ക. ദാഹിക്കുക. വിളിച്ചപേക്ഷിക്കുക. ക്രിസ്തു നിന്റെ ഹൃദ യത്തിൽ വാഴട്ടെ. ക്രിസ്തു നിന്നെ ഭരിക്കട്ടെ. ക്രിസ്തു നിന്നെ നടത്തട്ടെ. ക്രിസ്തു നിന്നെ ശുദ്ധീകരിക്കട്ടെ. ക്രിസ്തു നിന്നെ ഉപയോഗിക്കട്ടെ. ക്രിസ്തുവിൽ നീ ലയിക്കട്ടെ. ക്രിസ്തുമയമായി നീ തീരട്ടെ. ക്രിസിതുവിന്റെ രണ്ടാമത്തെ വരവിൽ നിന്നെയും ചേർത്തണയ്ക്കട്ടെ.

## പതിനൊന്ന്

പരിശുദ്ധാത്മാവിന്റെ അഞ്ചാമത്തെ സാദൃശ്യം ആണ് പ്രാവ്.

നിഷ്കളങ്കതയുടെ പ്രതീകമാണ് പ്രാവ്. കർത്താവ് ഗിരി പ്രഭാഷണത്തിൽ പറഞ്ഞു;

> "ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ."
>
> മത്തായി. 10 : 16

"As innocent as doves എന്നാണ് ഇംഗ്ലീഷ് വേദപുസ്തകം NIV യിൽ; "പ്രാവിനെപ്പോലെ നിഷ്കളങ്കത." നിഷ്കളങ്കത കൊണ്ടാണ് പരിശുദ്ധാത്മാവിന്റെ പ്രതീകമായി പ്രാവിനെ സൂചിപ്പിച്ചിരിക്കുന്നത്.

ജലപ്രളയം ശമിച്ചശേഷം ഭൂമിയിൽ വെള്ളം കുറഞ്ഞുവോ എന്നറിയേണ്ടതിന് നോഹ പെട്ടകത്തിന്റെ കിളിവാതിൽ

വഴിയായി ഒരു പ്രാവിനെ തന്റെ അടുക്കൽ നിന്നു പുറത്തു വിട്ടു. ഉൽപത്തി. 8:8

> “എന്നാൽ സർവ്വഭൂമിയിലും വെള്ളം കിടക്ക കൊണ്ട് പ്രാവ് കാൽവെപ്പാൻ സ്ഥലം കാണാതെ അവന്റെ അടുക്കൽ പെട്ടകത്തിലേക്കു മടങ്ങി വന്നു.” ഉൽപത്തി 8 : 9

ഏഴു ദിവസം കഴിഞ്ഞ് നോഹ വീണ്ടും ആ പ്രാവിനെ വെളിയിലേക്കു പറപ്പിച്ചുവിട്ടു.

> “പ്രാവ് വൈകുന്നേരത്തു അവന്റെ അടുക്കൽ വന്നു; അതിന്റെ വായിൽ അതാ, ഒരു പച്ച ഒലി വില; അതിനാൽ ഭൂമിയിൽ വെള്ളം കുറഞ്ഞു എന്ന് നോഹ അറിഞ്ഞു.” ഉൽപത്തി 8 : 11

> “പിന്നെയും ഏഴു ദിവസം കഴിഞ്ഞിട്ടു അവൻ ആ പ്രാവിനെ പുറത്തുവിട്ടു; അതു പിന്നെ അവന്റെ അടുക്കൽ മടങ്ങിവന്നില്ല.”
> ഉൽപത്തി 8 : 12

സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കയച്ച പ്രാവാണ് പരിശുദ്ധാത്മാവ്. പ്രാവ് അഴുക്കിലും ചെളിയിലും കാൽ വെക്കുകയില്ല. വെള്ളം നിറഞ്ഞു നിന്നിരുന്ന ഭൂമിയിൽ പ്രാവിന് കാൽ വെപ്പാൻ സ്ഥലം കിട്ടിയില്ല.

അന്നെന്നപോലെ ഇന്നും പ്രാവിന് കാൽ വെപ്പാൻ സ്ഥലമില്ല എങ്ങും എന്നതല്ലേ സാക്ഷാലുള്ള സ്ഥിതി. പാപവും പാപത്തിന്റെ ശിക്ഷാ വിധിയും മനുഷ്യന്റെ മേൽ വാഴുന്നതുകൊണ്ട് പരിശുദ്ധാത്മാവ് മനുഷ്യനിൽ പറന്നിറങ്ങാനാകാതെ തിരികെ സ്വർഗ്ഗീയ പെട്ടകത്തിലേക്ക് മടങ്ങുകയാണ്.

പ്രിയസ്നേഹിതാ, നിന്റെ മേൽ ഇറങ്ങി ആവസിപ്പാൻ ഈ സ്വർഗ്ഗീയ പ്രാവ് എത്രയോ പ്രാവശ്യം സ്വർഗ്ഗത്തിൽ നിന്നു പറന്നുവന്നു! പക്ഷെ നിന്റെ മേൽ ഇറങ്ങാനാവാതെ ദുഃഖത്തോടെ കുറുകിക്കരഞ്ഞുകൊണ്ട് പ്രാവ് മടങ്ങി പ്പോയിട്ടില്ലേ? നിന്നിൽ പാപവും തിന്മയും അഴുക്കും അശുദ്ധിയും നിൽക്കുന്നതുകൊണ്ട് പ്രാവിന് കാൽവെപ്പാൻ സ്ഥലം കിട്ടിയില്ലല്ലോ. നീ ഈ വാക്കുകളെ കേട്ടുകൊണ്ടി രിക്കുമ്പോൾ, ആ പ്രാവിന്റെ ചിറകടിശബ്ദമാണ് നീ കേൾക്കു ന്നത്. ഇപ്പോഴെങ്കിലും നീ ആ പ്രാവിന് ഇടം കൊടുക്കുമോ? നിന്റെ അശുദ്ധ ജീവിതത്തെ നീ ഉപേക്ഷിക്കുമോ? നിന്റെ ദുശ്ശീ ലങ്ങളോടും ദുസ്സ്വഭാവങ്ങളോടും നീ യാത്രപറയുമോ? ഒരു പുതിയ വിശുദ്ധജീവിതം നീ ആരംഭിക്കുമോ? സ്നേഹവും കരുണയും നിറഞ്ഞ ഒരു ജീവിതത്തിന് നീ തയ്യാറാകുമോ?

കഴിഞ്ഞ എത്രയോ പ്രാവശ്യം നിന്നിൽ അധിവസിക്കാൻ പറന്നുവന്ന സ്വർഗ്ഗീയ പ്രാവ്, ഇപ്പോൾ നിന്റെ പുതിയ സമർപ്പ ണത്തിന്റെയും തീരുമാനത്തിന്റെയും പച്ച ഒലിവിലയുമായി പറന്നുപോകുവാൻ നീ ഇടവരുത്തുമോ? പ്രതീക്ഷയുടെ പച്ച ഒലിവില. പുതിയ പ്രതിഷ്ഠയുടെ പച്ച ഒലിവില. പുതിയ മാനസാന്തരത്തിന്റെ പച്ച ഒലിവില. പുതിയ അനുതാപ ത്തിന്റെ പച്ച ഒലിവില. പുതിയ പശ്ചാത്താപത്തിന്റെ പച്ച ഒലിവില. പുതിയ കാഴ്ചപ്പാടിന്റെ പച്ച ഒലിവില.

ഏതാനും നാളുകൾക്കുള്ളിൽ പ്രാവിനിരിക്കാൻ ഇടം കിട്ടു മെന്നുള്ള വാഗ്ദാനത്തിന്റെ പ്രതീകമാണ് പച്ച.ഒലിവില. വെള്ളം കുറഞ്ഞുവരുന്നു എന്നതിന്റെ ദൃഷ്ടാന്തം. സ്നേഹി താ, നിന്നിൽ നിന്ന് പച്ച ഒലിവില കൊത്തിക്കൊണ്ടുപോ കാൻ പ്രാവിന് കിട്ടുന്നുണ്ടോ? ഇപ്പോൾ പ്രാവിനിരിക്കാൻ സാധിക്കുന്നില്ലെങ്കിലും അധികം താമസിയാതെ ഇരിക്കാൻ

ഇടം കിട്ടുമെന്നുള്ള പ്രതീക്ഷ നൽകാൻ നിനക്കു സാധിക്കുമോ?

സ്വർഗ്ഗത്തിൽ നിന്ന് പറന്നിറങ്ങി വന്ന പ്രവിന് ഒരാളിൽ ഇറങ്ങി ആവസിപ്പാൻ ഇടം കിട്ടി. അപ്പോൾ പിതാവായ ദൈവം സാക്ഷിച്ചു:

> "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." മത്തായി. 3 : 17

ആ ദിവ്യപുരുഷനത്രേ കർത്താവായ യേശുക്രിസ്തു. യോഹന്നാൻ സ്നാപകൻ പറഞ്ഞു;

"ആത്മാവ് ഒരു പ്രാവുപോലെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരുന്നതു ഞാൻ കണ്ടു; അവന്റെ മേൽ വസിച്ചു. ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സ്നാനം കഴിപ്പിക്കുവാൻ എന്നെ അയച്ചവൻ എന്നോടു: ആരുടെ മേൽ ആത്മാവിറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സാനാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു" യോഹന്നാൻ. 1:32 –33

ലൂക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നത് ഇപ്രകാരമാണ്:

> "ജനം എല്ലാം സ്നാനം ഏൽക്കുകയിൽ യേശുവും സ്നാനം ഏറ്റു പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു, പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവു എന്ന പോലെ അവന്റെ മേൽ ഇറങ്ങിവന്നു. നീ എന്റെ പ്രിയ പുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവും ഉണ്ടായയി.

ലൂക്കോസ്. 3: 21–22, മാർക്കോസ്. 1: 10–11
സ മത്തായി. 3: 16–17

പ്രാവിന്റെ രൂപത്തിൽ യേശുക്രിസ്തുവിൽ ഇറങ്ങിയ പരിശുദ്ധാത്മാവ് എല്ലാ വിശ്വാസികളിലും അധിവസിക്കുന്നു. അതുകൊണ്ടാണ് അപ്പോസ്തലനായ പൗലോസ് പറയുന്നത്:

"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നെ." 1 കോരി 3: 16–17

"I will destroy him that defileth my temple" എന്നാണ് ഇംഗ്ലീഷ് വേദപുസ്തകത്തിൽ; ദൈവത്തിന്റെ മന്ദിരമായ മനുഷ്യൻ പാപം മൂലം ദൈവത്തിന്റെ മന്ദിരമായ മനുഷ്യശരീരത്തെ അശുദ്ധമാക്കി നശിപ്പിക്കരുത് എന്നാണ് തിരുവചനം അനുശാസിക്കുന്നത്.

അപ്പോസ്തലൻ വീണ്ടും പറയുന്നു:

> "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ." 1 കോരി. 6 : 19 – 20

ഈ ആശയം ഹൃദയത്തിൽ തിങ്ങിനിന്ന പുണ്യ പിതാക്കന്മാർ പ്രാർത്ഥിച്ചു: "ശുദ്ധമുള്ള റൂഹാ, ശുദ്ധമുള്ള നിന്റെ

കുടിയിരപ്പിന്നു ഭവനങ്ങളുമായി ഞങ്ങളെ നീ ചമയ്ക്കേണമെ."

പ്രിയ സ്നേഹിതാ, പരിശുദ്ധാത്മാവിന്റെ കുടിയിരിപ്പുഭവനമാണോ നിന്റെ ശരീരം? സ്വർഗ്ഗീയപ്രാവ് നിന്റെ ഹൃദയത്തിൽ വസിക്കത്തക്കവണ്ണം നിന്റെ ഹൃദയം വിശുദ്ധമാണോ? അവിടെ ഈർഷ്യയും പകയും വദ്വോഷവും വൈരാഗ്യവും നീരസവും അശുദ്ധിയും ദുരാഗ്രഹവും സ്വാർത്ഥതയും ദ്രവ്യാഗ്രഹവും അഹങ്കാരവും പരദൂഷണവും മുൻവിധിയും മുഖപക്ഷവും വെറിക്കൂത്തും അഴുക്ക് ചിന്തയും മ്ലേച്ഛമോഹങ്ങളും ദുർവികാരങ്ങളും സ്വയപ്രശംസയും സ്ഥാനമോഹവും കാപട്യവും വഞ്ചനയും സൂത്രവും കൗശലവും വാഴുന്നില്ലയോ? ഇന്നും പലരോടും നീ ക്ഷമിക്കാതിരിക്കുന്നില്ലേ? ഹൃദയത്തിൽ പിണക്കവും അരിശവും വെച്ചുപുലർത്തുന്നില്ലേ? മുഷിച്ചിലും കൈപ്പും നിന്റെ ഹൃദയത്തിൽ ഒളിഞ്ഞിരിപ്പില്ലേ? നിന്റെ ഹൃദയത്തിൽ പരിശുദ്ധാത്മാവാകുന്ന പ്രാവിന് വസിപ്പാനിടമില്ലെന്ന് നിനക്കുതന്നെ മനസ്സിലാകുന്നുണ്ടോ?

പ്രളയം കഴിഞ്ഞപ്പോൾ പഴയ ഭൂമിയിലെ അഴുകിയ വസ്തുക്കളല്ല, പുതിയ ഭൂമിയിലെ പുതിയ ഒലിവിലയാണ് പ്രാവ് കൊണ്ടു വന്നത്. സ്വർഗ്ഗീയ പ്രാവ് നമ്മിൽ നിന്നു കൊത്തിക്കൊണ്ടുപോകുന്നത് എന്താണ്? പുതിയ തളിർ, പുതിയ നാമ്പ് കൊത്തിക്കൊണ്ടുപോകാൻ പ്രാവിന് ലഭിക്കുന്നുണ്ടോ?

നാം ക്രിസ്തുവിൽ പുതിയ സൃഷ്ടിയാണെങ്കിൽ പുതിയ ഫലം ഉളവാക്കുവാൻ നമുക്ക് കഴിയും. എന്നും എന്നും പുതിയഫലം പുറപ്പെടുവിക്കും. പുതിയ ഫലങ്ങളും പുതിയ വരങ്ങളും കൊണ്ട് സമൃദ്ധവും ധന്യവുമായ ഒരു ജീവതം നമുക്ക് ലഭിക്കും. അന്തരീക്ഷത്തിൽ വസിപ്പാനാണ് പ്രാവ്

ആഗ്രഹിക്കുന്നത്.

നമ്മിൽ പരിശുദ്ധാത്മാവ് വസിച്ചു ശാന്തതയും സൗമ്യതയും സാവധാനതയും നമുക്ക് നൽകുന്നു. സ്നേഹവും മധുരവുമായ നോട്ടവും പ്രകൃതിയും പ്രാവിന്റെ പ്രത്യേകതകളാണ്. പ്രാവിന്റെ നോട്ടത്തിൽത്തന്നെ ഒരു നിഷ്കളങ്കത സ്ഫുരിക്കുന്നുണ്ട്. പ്രാവിന്റെ കണ്ണുകൾ തുളുമ്പുന്നവയാണ്. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുമ്പോൾ നമുക്ക് ആർദ്രവും വാത്സല്യമസൃണവുമായ നോട്ടം ലഭിക്കുന്നു. നമ്മുടെ ഹൃദയം സ്നേഹത്താൽ നിറഞ്ഞ് നമ്മുടെ കണ്ണുകൾ സ്നേഹത്താൽ ആർദ്രമാകും. മറ്റു മനുഷ്യരോടും ജീവികളോടും പ്രകൃതിയോടു പോലും ഒരു സ്നേഹം നമ്മിൽ നിറഞ്ഞു നിൽക്കും. ഏതോ ഒരു ശാന്തതയും സൗമ്യതയും നമ്മെ വലയം ചെയ്തു നിൽക്കുന്നത് നമുക്ക് അനുഭവമാകും.

> "നിന്റെ കുറുപ്രാവിനെ ദുഷ്ടമൃഗത്തിന്നു ഏൽപ്പിക്കരുതേ" എന്ന് സങ്കീർക്കനക്കാരൻ പ്രാർത്ഥിക്കുന്നുണ്ട്. സങ്കീ. 74 : 19

പാവപ്പെട്ട ദൈവപൈതൽ, പരിശുദ്ധാത്മാവാകുന്ന പ്രാവ് വസിക്കുന്ന ദൈവപൈതൽ, ദുഷ്ടമൃഗത്തിന് കടിച്ചുകീറാൻ വിട്ടുകൊടുക്കപ്പെടരുതേ എന്നാണ് ആ പ്രാർത്ഥനയുടെ ആശയം.

ദുഷ്ടമൃഗം കുറുപ്രാവിനെ കടിച്ചു കീറുന്നതുപോലെ ദൈവാത്മാവുള്ള ദൈവപൈതലിനെ നശിപ്പിക്കാൻ പൈശാചികൻ തക്കം പാർത്ത് നിൽക്കുകയാണ്. നമ്മിലധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ വരപ്രസാദം നമ്മിൽ നിന്നകറ്റുവാനായി നമ്മെ പാപത്തിലേക്കും ലോകത്തിലേക്കും ആകർഷിച്ചു വശീകരിക്കാനാണ് സാത്താൻ ലാക്കു നോക്കി

നിൽക്കുന്നത്. ദുഷ്ടങ്കൽ നിന്ന് ഞങ്ങളെ വിടുവിക്കേണമേ എന്നു പ്രാരത്ഥിപ്പാൻ നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ചു വല്ലോ. നിന്റെ കുറുപ്രാവിനെ ദുഷ്ടമൃഗത്തിന് ഏൽപിച്ചു കൊടുക്കരുതേ എന്നു നമുക്ക് നിരന്തരം പ്രാർത്ഥിക്കാം.

> "ഞാൻ പ്രാവുപോലെ കുറുകി, എന്റെ കണ്ണു ഉയരത്തിലേക്കു നോക്കി ക്ഷീണിച്ചിരിക്കുന്നു."
> എന്ന് ഹിസ്കീയാരാജാവ് പ്രാർത്ഥിച്ചു.
> യെശയ്യാ. 38 : 14

"ഞങ്ങൾ എല്ലാവരും പ്രാവുകളെപ്പോലെ ഏറ്റവും കുറു കുന്നു," എന്ന് യെശയ്യാ. 59:11 ലും കാണാം

യെഹെസ്കേൽ പറയുന്നു:

"അകൃത്യത്തിൽ ജീവിതം കഴിക്കുന്ന ഒരുത്തനും ശക്തി പ്രാപിക്കുകയില്ല. അവർ കാഹളം ഊതി സകലവും ഒരു ക്കുന്നു; എന്നാൽ എന്റെ ക്രോധം അതിന്റെ സകല കോലാ ഹലത്തിന്മേലും വന്നിരിക്കയാൽ ആരും യുദ്ധത്തിനുപോകു ന്നില്ല. പുറത്തു വാൾ; അകത്തു മഹാമാരിയും ക്ഷാമവും; വയലിൽ ഇരിക്കുന്നവൻ വാൾ കൊണ്ട് മരിക്കും; പട്ടണ ത്തിൽ ഇരിക്കുന്നവൻ ക്ഷാമത്തിനും, മഹാമാരിക്കും ഇരയാ യിത്തീരും. എന്നാൽ അവരിൽവെച്ചു ചാടിപ്പോകുന്നവർ ചാടിപ്പോകുകയും ഓരോരുത്തനും താന്താന്റെ അകൃത്യത്തെ ക്കുറിച്ചു താഴ്വരകളിലെ പ്രാവുകളെപ്പോലെ മലകളിൽ ഇരുന്നു കുറുകുകയും ചെയ്യും." യെഹെ. 7: 13–16

പാപബോധം നൽകുന്ന പരിശുദ്ധാത്മാവ് പ്രാവിനെപ്പോലെ കുറുകിക്കരഞ്ഞ പാപങ്ങളെ ഓർത്ത് അനുതപിക്കാൻ കൃപ നൽകുന്നു. ഹിസ്കീയാരാജാവ് പ്രവിനെപ്പോലെ കുറുകിക്ക രഞ്ഞ് പ്രാർത്ഥിച്ചു. ആയുസ്സിൻ മദ്ധ്യാഹ്നത്തിൽ പാതാളവാ

തിലകം പൂകേണ്ടിവരുന്നല്ലോ എന്നോർത്തപ്പോൾ രാജാവ് കരഞ്ഞുപോയി. കരയാൻ കൃപതരുന്ന അത്ഭുതമാണ് പരിശുദ്ധാത്മാവു നൽകുന്നത്. പാപബോധത്തോടും അനുതാപത്തോടും തകർന്ന ഹൃദയത്തോടും കരയുവാൻ പരിശുദ്ധാത്മാവ് കൃപ നൽകുന്നു.

"തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കുന്നില്ലല്ലോ" സങ്കീ. 51: 17

"അരിഷ്ടനും മനസ്സുതകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും." എന്നാണല്ലോ തിരുവചനം പറയുന്നത്. യെശ. 66 : 2

പരിശുദ്ധാത്മാവ് പാപബോധവും അനുതാപവും തകർന്ന ഹൃദയവും പാപത്തെ ഓർത്ത് കരയാനുള്ള നുറുക്കവും തരുന്നു.

"ഗുഹയുടെ പാർശ്വങ്ങളിൽ കൂടുവെക്കുന്ന പ്രാവിനെപ്പോലെയാകുവിൻ." യിരമ്യ. 48 : 28

ശത്രുഭീതിനിമിത്തമാണ് ഗുഹയുടെ പാർശ്വങ്ങളിൽ കൂടുവെയ്ക്കുന്നത്. യിസ്രായേൽക്കാർ മിദ്യാന്യരെ ഭയന്ന് ജീവിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. യിസ്രായേല്യരെ കൊള്ളചെയ്യുവാൻ നിരന്തരം വന്ന് ആക്രമിച്ചുകൊണ്ടിരുന്ന ജാതിയാണ് മിദ്യാന്യർ. യിസ്രായേൽക്കാർ അദ്ധ്വാനിച്ച് കൃഷിയിടങ്ങളിൽ പണി ചെയ്ത് കൊയ്യാറാകുമ്പോൾ മിദ്യാന്യർ വന്ന് വിളവെടുക്കും. അങ്ങനെ മിദ്യാന്യരെ ഭയന്നിരുന്ന കാലങ്ങളിൽ യിസ്രായേൽക്കാർ പർവ്വതങ്ങളിലെ ഗുഹകളിലും ദുർഗ്ഗങ്ങളിലും ഒളിച്ചു പാർത്തു.

“മിദ്യാൻ യിസ്രായേലിന്മേൽ ആധിക്യം പ്രാപിച്ചു; യിസ്രായേൽമക്കൾ മിദ്യാന്യരുടെ നിമിത്തം പർവ്വതങ്ങളിലെ ഗഹ്വരങ്ങളും ഗുഹകളും ദുർഗ്ഗങ്ങളും ശരണമാക്കി” എന്ന് ന്യായാധിപന്മാരുടെ പുസ്തകം 6–ാം അദ്ധ്യയം 2–ാം വാക്യത്തിൽ നാം വായിക്കുന്നു.

അതുപോലെ പ്രാവ് ശത്രുഭീതി നിമിത്തം പാറയുടെ പാർശ്വങ്ങളിൽ കൂടുവെയ്ക്കുന്നു. പാമ്പുകളോ മറ്റു ദുഷ്ട ജീവികളോ കൂട്ടിൽ കടന്ന് പ്രാവിന്റെ മുട്ടയോ പ്രാവിൻ കുഞ്ഞിനെയോ നശിപ്പിച്ചു കളയാതിരിപ്പാൻ പാറയുടെ വശങ്ങളിലുള്ള വിള്ളലുകളിൽ പ്രാവ് കൂടുവെയ്ക്കുന്നു.

ക്രിസ്തുവാകുന്ന പാറയിൽ അഭയം തേടുന്ന ചിത്രമാണിത് കാണിക്കുന്നത്. പാറയുടെ പാർശ്വം എന്നു പറഞ്ഞിരിക്കുന്നത് ക്രിസ്തുവിന്റെ തുറക്കപ്പെട്ട തിരുവിലാവിനെ കാണിക്കുന്നു. അവിടെ ഒളിവിടം തേടുന്ന ദൈവപൈതലിന് ഒരിക്കലും ശത്രുവിനെ ഭയപ്പെടേണ്ടതില്ല.

പ്രിയ സ്നേഹിതാ, നീ ക്രിസ്തുവിനെ തിരുമാറിൽ അണഞ്ഞ് അഭയം തേടിയിട്ടുണ്ടോ? ക്രിസ്തു എന്റെ ഉറപ്പുള്ള ഗോപുരമെന്നും കോട്ടയെന്നും പാറയെന്നും ദുർഗ്ഗമെന്നും പറയുവാൻ തക്കവണ്ണമുള്ള പ്രാഗത്ഭ്യം നീ നേടിയിട്ടുണ്ടോ? മരണഭീതിയിൽ നിന്നും ശത്രുഭയത്തിൽ നിന്നും നിന്നെ വിടുവിക്കുന്ന ക്രിസ്തുവിന്റെ കൃപയുടെ നിഴലിൽ നീ സാങ്കേതം പ്രാപിക്കുന്നുവോ?

> എങ്കിൽ നീ ഒരു ഭാഗ്യവാനായിരിക്കും. “പ്രാവിനുള്ളതുപോലെ എനിക്കു ചിറകുണ്ടായിരുന്നുവെങ്കിൽ! എന്നാൽ ഞാൻ പറന്നുപോയി വിശ്രമിക്കുമായിരുന്നു. അതേ, ഞാൻ ദൂരത്തു സഞ്ചരി

> ച്ചു, മരുഭൂമിയിൽ പാർക്കുമായിരുന്നു. കൊടുങ്കാറ്റിൽ നിന്നും പെരിങ്കാറ്റിൽ നിന്നും ബദ്ധപ്പെട്ടു ഞാൻ ഒരു സങ്കേതത്തിലേക്കു ഓടിപ്പോകുമായിരുന്നു.”
> സങ്കീ. 55 : 6 – 8

ഈ മഹത്തായ വിശ്രമവും സങ്കേതവും നിനക്കു നൽകാൻ പരിശുദ്ധാത്മാവാകുന്ന പ്രാവ് നിന്റെ തലയ്ക്കു മുകളിൽ ഇതാ വട്ടമിട്ടു പറക്കുന്നു. അവന് പറന്നിരിക്കാൻ നീ ഇടം കൊടുക്കൂ. പ്രാവ് പറന്നിരിക്കാൻ നിന്നെത്തന്നെ നീ വിശുദ്ധീകരിക്കൂ. പ്രാവിന്റെ ആവാസസ്ഥാനമാകാൻ നിന്റെ ഹൃദയം നീ വേർതിരിക്കൂ. നീ ഈ ഭൂമിയിൽ ഈ തലമുറയിലെ ഒരു ഭാഗ്യവാനും വിശുദ്ധനുമാകൂ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പന്ത്രണ്ട്

പരിശുദ്ധാത്മാവിന്റെ പ്രതീകമായി മുദ്രയെ തിരുവചനത്തിൽ കൽപിച്ചിരിക്കുന്നു.

> "അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കുകയും അവനിൽ വിശ്വസിക്കയും ചെയ്തിട്ട്. തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന്നു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു." എഫെസ്യർ. 1 : 13 – 14

"അവൻ നമ്മെ മുദ്രയിട്ടും ആത്മാവു എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു." 2 കോരി. 1:22

അരൂപിയായ പരുശുദ്ധാത്മാവിന്റെ മുദ്ര അദൃശ്യമാണ്. അത് ആത്മാവിൽ ലഭിക്കുന്ന കൃപാദാനമാണ്.

ഈ മുദ്ര ലഭിക്കുന്നതിനുള്ള യോഗ്യത എന്താണ്?

ആർക്കാണ് ഈ മുദ്ര ലഭിക്കുന്നത്?

> "പിന്നെ അവൻ, ശണവസ്ത്രം ധരിച്ചു അരയിൽ എഴുത്തുകാരന്റെ മഷിക്കുപ്പിയുമായി നിന്നിരുന്ന പുരുഷനെ വിളിച്ചു. അവനോടു യഹോവ; നീ നഗരത്തിന്റെ നടുവിൽ, യെരുശലേമിന്റെ നടുവിൽകൂടി ചെന്നു, അതിൽ നടക്കുന്ന സകലമ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടുകരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുക എന്നു കൽപിച്ചു." യെഹെ. 9 : 3 – 4

യെരുശലേം നഗരം രാജനഗരമാണ്. യെരുശലേം നഗരം ദേവാലയമുള്ള നഗരമാണ്. യെരുശലേം നഗരം ആരാധനയുള്ള നഗരമാണ്. യരുശലേം നഗരം ദൈവജനത്തിന്റെ കേന്ദ്ര നഗരമാണ്. യെരുശലേം നഗരം യാഗങ്ങൾ നടക്കുന്ന നഗരമാണ്. യെരുശലേം നഗരം മഹാപുരോഹിതന്മാരുള്ള നഗരമാണ്. യെരുശലേം നഗരം സന്നിദ്രീം സംഘമുള്ള നഗരമാണ്. യെരുശലേം നഗരം വേദശാസ്ത്രികളുള്ള നഗരമാണ്.

എന്നാൽ അവിടെ മ്ലേച്ഛതകൾ നടമാടുകയാണ്. ദൈവം യെരുശലേമിനെ നോക്കി ദുഃഖിച്ചു. യെരുശലേമിലെ ദേവാലയത്തിൽ നടക്കുന്ന മ്ലേച്ഛതകളെ ദൈവം യെഹെസ്കേലിനു കാണിച്ചു കൊടുക്കുന്നതായി എട്ടാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അവിടെ നടക്കുന്ന വിഗ്രഹാരാധനയും അസാന്മാർഗ്ഗിക പ്രവർത്തനങ്ങളും യെഹെസ്കേലിന് ദൈവം പ്രതിരൂപാത്മകമായ ദർശനങ്ങളിൽ കൂടി കാണിച്ചുകൊടുത്തു. കനാന്യദേവിയായ അശേര, സമൃദ്ധിയുടെയും ഫലപുഷ്ടിയുടെയും ദേവിയായി വിഗ്രഹാരാധികളായ കനാന്യർ കരുതിയിരുന്നു. ആ കനാന്യദേവിയുടെ വിഗ്രഹത്തെ യെഹെസ്കേൽ സ്വർഗ്ഗീയദർശനം കാണുന്നതിന് മുപ്പതുവർഷം

മുമ്പ് യോശീയാരാജാവ് നീക്കിക്കളഞ്ഞതായിരുന്നു. “അശേരാ പ്രതിഷ്ഠയെ അവൻ യഹോവയുടെ ആലയത്തിൽ നിന്നു യെരുശലേമിന്നു പുറത്തു കിദ്രോൻ തോട്ടിങ്കലേക്കു കൊണ്ടുചെന്നു കിദ്രോൻ താഴ്‌വീതിയിൽ വെച്ചു ചുട്ടുപൊടിയാക്കി പൊടി സാമാന്യജനത്തിന്റെ ശവക്കുഴികളിന്മേൽ ഇട്ടു കളഞ്ഞു.” എന്നു രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ ഇരുപത്തിമൂന്നാം അദ്ധ്യായം 6 –ാം വാക്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ കേവലം മുപ്പതുവർഷത്തിനുള്ളിൽ അശേരാപ്രതിഷ്ഠ പിന്നെയും യെരുശലേമിൽ സ്ഥാപിച്ച് വിഗ്രഹാരാധന പുനരാരംഭിച്ചു.

തിരുവചനത്തിൽ ആലയം മനുഷ്യർ തന്നെയാണ് എന്ന് പറഞ്ഞിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ കുടിയിരിപ്പുഭവനമാണ് നാം ഓരോരുത്തരും.

> “നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ” എന്ന് പൗലോസ് കൊരിന്ത്യ ക്രിസ്ത്യാനികളോടു ചോദിക്കുന്നുണ്ട്.”
>
> 1 കോരി. 3 : 16

> “ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കുവാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറയുന്നില്ലയോ” എന്ന് പൗലോസ് വീണ്ടും ചോദിക്കുന്നു. ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും നമുക്ക് നഷ്ടമാകും. 1 കോരി 6 – 19

യരുശലേം ദേവാലയത്തിലെ മ്ലേച്ഛതകൾ മൂലം ദൈവതേജസ്സ് മാറിപ്പോകുന്നതിനെക്കുറിച്ച് യെഹെസ്കേലിന് ദൈവം കാണിച്ചുകൊടുത്തു.

> "യിസ്രയേലിന്റെ ദൈവത്തിന്റെ മഹത്വം അതു ഇരുന്നിരുന്ന കെരൂബിൻമേൽ നിന്ന് ആലയത്തിന്റെ ഉമ്മരപടിക്കൽ വന്നിരുന്നു."
>
> യെഹെ. 9 : 3, 10 : 4

ഉമ്മരപടിക്കലേക്ക് മാറിപ്പോയ ദൈവതേജസ്സ് അടുത്ത് ചെന്നുനിന്നത് ആലയത്തിന്റെ കിഴക്കെ പടിവാതിൽക്കൽ ആണ്.

> "പിന്നെ യഹോവയുടെ മഹത്വം ആലയത്തിന്റെ ഉമ്മരപ്പടിവിട്ട് പുറപ്പെട്ട്. എല്ലാം കൂടെ യഹോവയുടെ ആലയത്തിന്റെ കിഴക്കെ പടിവാതിൽക്കൽ ചെന്നുനിന്നു. യെഹെ. 10 : 18 – 19

മൂന്നാമതായി ദൈവതേജസ്സ് അവിടെ നിന്നും പുറപ്പെട്ട് യെരിശലേമിന്ന് കിഴക്കുള്ള ഒലീവ് പർവ്വതത്തിൽ ചെന്ന് നിന്നു.

> "യഹോവയുടെ മഹത്വം നഗരത്തിന്റെ നടുവിൽ നിന്നും മേലോട്ട് പൊങ്ങി നഗരത്തിന്നു കിഴക്കുവശത്തുള്ള പർവ്വതത്തിന്മേൽ നിന്നു."
>
> യെഹെ. 11 : 23

ദൈവമഹത്വം യെരുശലേമിൽ നിന്നു നീങ്ങിപ്പോയി." "മഹത്വം പൊയ്പ്പോയി."

ശമുവേലിന്റെ ഒന്നാം പുസ്തകത്തിൽ ഫിനെഹാസിന്റെ ഭാര്യ പ്രസവത്തോടുകൂടെ മരിച്ചുപോയതായി വിവരിക്കുന്നു

ണ്ട്. ദൈവജനമായ യിസ്രായേൽ ഫെലിസ്ത്യരുടെ മുമ്പിൽ തോറ്റോടി. ജനത്തിൽ ഒരു മഹാസംഹാരം ഉണ്ടായി. അന്നത്തെ മഹാപുരോഹിതനായ ഏലിയുടെ പുത്രന്മാരായ ഹോഫ്നിയും ഫിനെഹാസും പട്ടുപോയി. ദൈവത്തിന്റെ പെട്ടകം ശത്രുക്കളുടെ കൈയിൽ പെട്ടുപോയി. പെട്ടകം പിടിപെട്ടുപോയി എന്നു കേട്ടപ്പോൾ മഹാപുരോഹിതനായ ഏലി പടിവാതിൽക്കൽ ഇരിപ്പിടത്തിൽ നിന്നു പിറകോട്ടു വീണ് കഴുത്തൊടിഞ്ഞു മരിച്ചു.

ദൈവത്തിന്റെ പെട്ടകം പിടിപെട്ടു പോയതും അമ്മാവിയപ്പനും ഭർത്താവും മരിച്ചതും കേട്ടപ്പോൾ ഫിനെഹാസിന്റെ ഭാര്യ കരഞ്ഞുകൊണ്ട് പറഞ്ഞു:

"മഹത്വം യിസ്രായേലിൽ നിന്നു പൊയ്പ്പോയി."

> "അവൾ അപ്രകാരം പറഞ്ഞുകൊണ്ട് കുഞ്ഞിന് ഈഖാബോദ് എന്നു പേരിട്ടു."
>
> 1 ശമു. 4 : 17 – 22

ഇന്ന് അനേകം ക്രിസ്ത്യനികളുടെ അവസ്ഥ അതല്ലേ? മഹത്വം നഷ്ടപ്പെട്ടു; തേജസ്സ് പൊയ്പ്പോയി; ഇരുൾ കടന്നു മൂടി. തിന്മയുടെ ആക്രമണത്തിൽ വിശുദ്ധി നഷ്ടപ്പെട്ട്, ദൈവ സ്നേഹത്തിന്റെ കണികയില്ലാതെ, കണ്ണുനീര് വറ്റി, ഹൃദയം വരണ്ട്, മടുപ്പിലും മരവിപ്പിലുമല്ലേ അനേകം വിശ്വാസികൾ?

സ്നേഹിതാ, ഇത് നിന്റെ അനുഭവമാണോ? പരിശുദ്ധാത്മാവിന്റെ തേജസ്സിന്റെ മുദ്ര നിനക്ക് നഷ്ടപ്പെട്ടിരിക്കുകയാണ് എന്ന് നീ അറിയുന്നുണ്ടോ? ഇരുളിന്റെ അധികാരത്തിന് നീ കീഴ്പ്പെട്ടുപോയി എന്ന് നീ ഗ്രഹിക്കുന്നുണ്ടോ?

നിന്റെ അകം ഇരുളടഞ്ഞിരിക്കയാണ് എന്ന് നീ തിരിച്ച

റിയുന്നുണ്ടോ?

ഒരു കാലത്ത് സുവിശേഷത്തിന്റെ ജീവപ്രകാശം ഏന്തിയിരുന്ന അനേകം കൂട്ടായ്മകൾ ഇന്ന് വരണ്ടുകിടക്കുകയല്ലേ? മുൻകാലത്ത് വിശുദ്ധികൈമുതലായിരുന്ന കൂട്ടായ്മകളിൽ ഇന്ന് സ്ഥാനമോഹവും ദ്രവ്യാഗ്രഹവും സ്വാർത്ഥതയും ആത്മീയ നിഗളവും പരപുച്ഛവും സ്വയപ്രശംസയും ബാധിച്ചിരിക്കയല്ലേ? ശക്തി നഷ്ടപ്പെട്ടു എന്നറിയാതെ ശിംശോൻ കുടഞ്ഞുകളഞ്ഞതുപോലെ കുടഞ്ഞു കളഞ്ഞിട്ടും ബന്ധനങ്ങൾ അറ്റുപോകാതെ, ഇന്ന് ഊരാക്കുരുക്കിൽ പെട്ടിരിക്കയല്ലേ?

മഹത്വം പൊയ്പ്പോയി! ഈഖാബോദ്. ദൈവത്തിന്റ ആലയത്തിൽ നിന്ന് മഹത്വം നഷ്ടപ്പെടാൻ കാരണം ആലയത്തിനുള്ളിൽ നടക്കുന്ന മ്ലേച്ഛതകളാണ് എന്ന് യെഹെസ്കേൽ എട്ടാം ആദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. സത്യദൈവാരാധനയ്ക്കുവേണ്ടി പണിതുയർത്തിയ ദേവാലയത്തിൽ പുറമെ ആരാധനയും ചടങ്ങും അനുഷ്ഠാനവും എല്ലാം ഉണ്ടെങ്കിലും, അകത്ത് വിഗ്രഹസേവയാണ് നടക്കുന്നത്. തീക്ഷണതാബിംബം (8:6) ചുവരിൽ വരച്ചിരിക്കുന്ന വിഗ്രഹങ്ങൾ (വാക്യം 10) തമ്മൂസ് ദേവൻ (വാക്യം 14), സൂര്യനമസ്കാരം (വാക്യം 16) എന്നിങ്ങനെയുള്ള ജാതീയാരാധനകൾ നടന്നുകൊണ്ടിരുന്നു.

ഇപ്രകാരം ആലയത്തിൽ മ്ലേച്ഛതകൾ നടക്കുന്നതിനെ കണ്ട് നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റിയിൽ അടയാളമിട്ടു. യെഹെ. 9: 4

മഹത്വം പൊയ്പോയതോർത്ത് നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നിരന്തരമായ പ്രാർത്ഥനയാൽ ആലയത്തിലേക്കു മഹത്വം തിരികെ വന്നതായി യെഹെസ്കേൽ പ്രവ

ചനം നാൽപത്തിമൂന്നാം അദ്ധ്യായത്തിൽ കാണുന്നു.

"യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സ് കിഴക്കുവഴിയായി വന്നു; അതിന്റെ മുഴക്കം പെരുവെള്ളത്തിന്റെ ഇരച്ചൽപോലെ ആയിരുന്നു." 43 : 2

"യഹോവയുടെ തേജസ്സ് കിഴക്കോട്ടു ദർശനമുള്ള ഗോപുരത്തിൽ കൂടി ആലയത്തിലേക്കു പ്രവേശിച്ചു." 43 : 4

തേജസ്സ് ആലയത്തിൽ നിലനിൽക്കാനുള്ള വ്യവസ്ഥ തിരുവചനം പറയുന്നു:

"ഇതാകുന്നു ആലയത്തേക്കുറിച്ചുള്ള പ്രമാണം; പർവ്വതത്തിന്റെ മുകളിൽ അതിന്റെ അതിർത്തിക്കകമെല്ലാം അതിവിശുദ്ധമായിരിക്കേണം; അതേ, ഇതാകുന്നു ആലയത്തെക്കുറിച്ചുള്ള പ്രമാണം" 43 : 12

പ്രിയസ്നേഹിതാ, പരിശുദ്ധാത്മാവിന്റെ മുദ്ര അണിഞ്ഞ് നീ വിശുദ്ധിയെ തികച്ചു നിൽക്കാമോ? ആലയത്തിൽ നടക്കുന്ന മ്ലേച്ഛതകളെ ഓർത്ത് അനുതാപത്തോടെ നെടുവീർപ്പിട്ടുകരഞ്ഞുകൊണ്ട് നിൽക്കാമോ? എങ്കിൽ നിന്നിൽ പ്രസാദിച്ച് ദൈവമഹത്വം വീണ്ടും ആലയത്തിലേക്കു വരും.

പരിശുദ്ധാത്മാവിന്റെ ഏഴാമത്തെ പ്രതീകമാണ് അച്ചാരം. (Earnest; guarantee)

"അവൻ നമ്മെ മുദ്രയിട്ടും ആത്മാവെന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു"
2 കോരി. 1 : 22

“തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചക്കായിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൽ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.” എഫെ. 1: 14

ഇംഗ്ലീഷ് വേദപുസ്തകത്തിൽ (Authorised Version) പരിശുദ്ധാത്മാവ് The earnest of our redemption" എന്നാണ് പറഞ്ഞിരിക്കുന്നത്. അച്ചാരത്തിന്റെ (earnest) ഗ്രീക്ക് പദം Arrabon എന്നാണ്. ഗ്രീക്ക് ബിസിനസ്സിലെ ഒരു സാധാരണ പ്രയോഗമാണ് Arrabon. ഒരു കച്ചവടം നടക്കുമ്പോൾ അതിന്റെ മുഴുവൻ വിലയും ആദ്യം നൽകാതെ ഒരംശം മാത്രം നൽകുന്നു. അത്, കച്ചവടം പൂർത്തിയാകുമ്പോൾ മുഴുവൻ തുകയും തരും എന്നതിന്റെ ഉറപ്പാകുന്നു (guarantee)

അപ്പോസ്തോലനായ പൗലോസ് പരിശുദ്ധാത്മാവിനെക്കുറിച്ച് “അച്ചാരം” എന്നു പറയുന്നത് സ്വർഗ്ഗത്തിൽ നമുക്ക് ലഭിക്കാൻ പോകുന്ന മഹാസന്തോഷസൗഭാഗ്യങ്ങളുടെ മധുരത്തിന്റെ ഒരു ലഘുവായ അംശം ഇവിടെ ഭൂമിയിൽ വെച്ച് ലഭിക്കുന്നു എന്ന അർത്ഥത്തിലാണ്.

“ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായികാണും” 1 കോരി. 13: 12 എന്നു പറയുന്നത് ഇന്ന് ലഭിക്കുന്ന ചെറിയ മധുരാനുഭൂതിവരാനിരിക്കുന്ന നിത്യ ശ്രേഷ്ഠ സൗഭാഗ്യത്തിന്റെ ഒരു മുൻകുറിയാണ് എന്ന ആശയത്തിലത്രേ.

പരിശുദ്ധാത്മാവിന്റെ മുദ്ര ദൈവം നമ്മെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുമെന്നുള്ളതിന്റെ ഉറപ്പാണ്. അതാണ് വാഗ്ദത്തിന്റെ അച്ചാരം. നാം ദൈവത്തിന്റെ വകയാണ് എന്ന ഉടമസ്ഥാവകാശത്തിന്റെ മുദ്രയുടെ അച്ചാര

മാണ് നമ്മുടെ ഉറപ്പ്.

"നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു." എന്ന് പൗലോസ് പറയുന്നു. റോമർ. 8:16 നാം ക്രിസ്തുവിന്റെ ആത്മാവാകുന്ന മുദ്ര ഉള്ളവരാണെങ്കിൽ ക്രിസ്തുവിനുള്ള വർ ക്രിസ്തുവിന് അവകാശപ്പെട്ടവരത്രേ. അതാണ് പൗലോസ് പറയുന്നത്:

> "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവന്നു ള്ളവനല്ല." റോമർ. 8 : 9

പരിശുദ്ധാത്മാവ് ദൈവത്തിന്റെ earnest അച്ചാരം ആണ് (earnest, down payment, guarantee, security). അതായത് ഒരി ക്കൽ നാം ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ ഇരിക്കും എന്നതിന്റെ ഉറപ്പ്. തന്നെയുമല്ല, നാം അന്നു മഹത്വശരീരം അവകാശമാക്കുകയും ചെയ്യും.

"തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയി ട്ടിരിക്കുന്നു." എഫെ. 1: 14

"Having believed, you were marked in Him with a seal, the promised Holy Spirit, who is a deposit guaranteeing our inheritance until the redemption of those who are God's possession to the praise of His glory" എന്നാണ് NIV ൽ പറഞ്ഞിരിക്കുന്നത്

ഇന്ന് നാം ശരീരത്തിൽ വസിക്കുമ്പോൾ തന്നെ സ്വർഗ്ഗ ത്തിന്റെ മഹാവലിയ അനുഗ്രഹങ്ങൾ അനുഭവിക്കാൻ സാധി ക്കുന്നു. അത് വരാനിരിക്കുന്ന സ്വർഗ്ഗീയ സൗഭാഗ്യങ്ങളുടെ

മുൻകൂട്ടിയുള്ള ഒരു നിശ്ചയവും ഏറപ്പും വാഗ്ദത്തവുമാകുന്നു. അതാണ് പരിശുദ്ധാത്മാവിനെ അച്ചാരം എന്ന സാദൃശ്യത്തിൽ തിരുവചനം പറയുന്നതിന്റെ പൊരുൾ.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് വിശ്വസിക്കാനും ആശ്രയിക്കാനും മതിയായവനാണ് എന്ന ഉറപ്പത്രേ ഈ അച്ചാരം. ദൈവീക വാഗ്ദാനങ്ങളെല്ലാം നിറവേറുകയും പൂർത്തികരിക്കുകയും ചെയ്യുമെന്നുള്ള ഉറപ്പ്.

വിവാഹമോചനത്തിന്റെ വക്കോളമെത്തിയ ഒരു സ്ത്രീ പറഞ്ഞു: "എന്റെ കൈയിലെ വജ്രമോതിരം കണ്ടോ? പതിനായിരക്കണക്കിനു രൂപ വിലയുള്ളതാണ് ഈ വിവാഹമോതിരം. നല്ല മനോഹരമായ ഒരു ബംഗ്ലാവ് ഞങ്ങൾക്കുണ്ട്. ഞങ്ങൾക്ക് ഹൈറേഞ്ചസിലെ സുഖവാസകേന്ദ്രത്തിൽ ഒരു വേനൽക്കാല വസതിയുണ്ട്. വിലയേറിയ മൂന്ന് കാറുണ്ട്. പണം കൊണ്ടു സമ്പാദിക്കാവുന്നതെല്ലാം ഞങ്ങൾക്കുണ്ട്." ഒരു ദൈവദാസൻ അവൾക്കു പറഞ്ഞുകൊടുത്തു; "നിങ്ങൾക്ക് വീടുണ്ട്; പക്ഷെ കുടംബമില്ല. (you have a house; but not a home) നിങ്ങൾക്ക് വിവാഹമോതിരമുണ്ട്; പക്ഷേ സ്നേഹമില്ല. (you have a costly ring; but no love)"

എന്നാൽ പരിശുദ്ധാത്മാവ് തരുന്ന നിക്ഷേപം, ധനം, പണത്തിനു തരാൻ കഴിയാത്തതാണ്. മകനേ, പ്രിയ മകളേ, നിനക്ക് ആ നിധി ലഭിച്ചുവോ? പരിശുദ്ധാത്മാവിന്റെ ശാന്തിയും സമാധാനവും സ്നേഹവും വിശുദ്ധിയും നിന്റെ കൈമുതലായോ? പരിശുദ്ധാത്മാവിനു വേണ്ടി നീ ദാഹിച്ചുവോ? പരിശുദ്ധാത്മാവിനുവേണ്ടി നീ കാത്തിരുന്നുവോ? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ജേതാവ്

*(പ്രൊഫ: എം.വൈ. യോഹന്നാൻ ക്രിസ്തുവിന്റെ ശിഷ്യനായ വിശുദ്ധ യോഹന്നാൻ അപ്പോസതോലന്റെ വാർദ്ധ്യക്യ കാലത്തെക്കുറിച്ച് 1970 ൽ എഴുതിയ ഒരു കവിതയാണിത്)*

ജീവിതമരുവിന്റെയക്കരെച്ചെല്ലാറായ് ഞാൻ,
നിവിരാനാവാതേറ്റം തളർന്നെൻ ശിരസ്സഹോ
പൂർവ്വവാസരങ്ങൾ തൻ ചക്രവാളാന്തങ്ങളിൽ
ഭാവുരസ്മൃതികൾതൻ സിന്ദൂരപൂരം പൂശി
മായാതെ ശോഭിക്കുന്നിതെന്നുടെ ഹൃദന്തത്തിൽ;
മാമകം ശിരസ്സന്നു വിശ്രമിച്ചീശൻ മാറിൻ.
ഗലീല മുതൽക്കങ്ങയഹൂദ്യനാടൊട്ടാകെ
ബലിഷ്ഠം, മമപാദയുഗ്മമെൻനാഥൻപിൻപെ,
സഞ്ചരിച്ചൊരാനല്ലനാളുകൾ കൊഴിഞ്ഞുപോയ്;
നെഞ്ചകം പാരം മോദിക്കുന്നിതാ രോമന്ഥത്താൻ
ക്രൂശിന്റെ ചുവട്ടിലെൻ വിറയ്ക്കും ശരീരത്തെ
തളർന്ന മുഴങ്കാലാൽ താങ്ങിനിർത്തിയെൻപാദം
ഇന്നശക്തങ്ങളെന്നെ വഹിപ്പാനായ്; വീഥിക,
ളൂരുകൾ-ചുറ്റീ സത്യവചനം സാക്ഷിക്കുവാൻ.
മാനസം മന്ത്രിക്കുന്നസൂക്തങ്ങളുരുവിടാ-
നല്പവും കഴിവില്ലാതധരം വിറയ്ക്കുന്നു.
കിടക്കയ്ക്കരികേ നിന്നെശുശ്രൂഷിച്ചീടും
ആരോമൽക്കിടാങ്ങൾ തന്നൂഷ്മളനിശ്വാസങ്ങൾ,
വിതുമ്പിക്കരച്ചിലും, കഷ്ടിച്ചുകേൾക്കാൻ മാത്രം

പോരുമെൻ ശ്രവണങ്ങൾ; ദുർബ്ബലമശക്തങ്ങൾ
ഇപ്പൊഴുതെന്താനന്ദമെൻ നാഥൻ കരങ്ങളാൽ
മന്ദമന്ദമെന്നുടമ്പതിനെത്തലോടുന്നു.
മൂന്നരവർഷങ്ങളെൻ പാണികൾ പിടിച്ചെന്നെ
ലാളിച്ച കരങ്ങളെൻ ഗുരുവിൻ; ഞാനോർക്കുന്നു.
ഇന്നുഞാൻ വൃദ്ധൻ; സ്മൃതിമണ്ഡലം മങ്ങിപ്പോയെൻ
മാനസമോർമ്മിപ്പീലെൻ സ്നേഹിതവദനങ്ങൾ
തീരഞ്ചും സ്മരിക്കുവാൻ പോരുന്നില്ലക്കാലത്തെ
വാക്കുകൾ, പ്രവൃത്തികൾ, ശ്രേഷ്ഠവാസരങ്ങളും
എങ്കിലും ഹൃദന്തത്തിലിന്നുമുജ്ജ്വലിക്കുന്നു
ഗുരുവിൻ മുഖാംബുജം; ഗീരുക്കൾ മധുരങ്ങൾ.
ആയിരുന്നു ഞാനൊരുമുക്കുവൻ, എഴുപതു
വർഷങ്ങൾ മുമ്പാണെന്റെ ഭാഗ്യതാരത്തിൽ ജന്മം
ഗലീലക്കടലിന്റെ തീരത്തുവലയും കാ-
ത്തിരുന്നുഞാന, പ്പൊഴുതസ്തമിക്കുന്നു സൂര്യൻ
കല്ലോലാവലി നൃത്തം ചെയ്തുകൊണ്ടിരിക്കുമ്പോൾ,
ദൂരശൃംഗത്തെ സൗരരശ്മികൾ തഴുകുമ്പോൾ,
പശ്ചിമാകാശത്തിങ്കൽ മേഘപാളികൾ, തമ്മിൽ
പുൽകിയും പുണർന്നും കൈകോർത്തുകൊണ്ടാടീടുമ്പോൾ,
അപ്പോഴുതാണങ്ങോട്ടേയ്ക്കടിവെച്ചടുത്തതും
"പിന്നാലെവരികമേ" യെന്നേശുവിളിച്ചതും.
ആദിവ്യപ്രഭയോലുമാസ്യത്തിലന്നാദ്യമായ്
അത്ഭുതസ്തിമിതനായ് നോക്കിഞാനെന്താശ്ചര്യം!
കാരുണ്യമധുവൂറുമാമിഴിയുമങ്ങളെൻ

മാനസസരോവരതാഴ്ചയന്നളന്നഹോ!
ത്രൈലോക്യനാഥന്റെയാഗീരുക്കൾ, മന്ദ്രധ്വാന-
സംഗീത മേളത്തോടീ ലോകത്തെക്കുളൂർപ്പിച്ചു.
അഭൗമസ്നേഹത്താൽ ഞാൻ ബദ്ധനായ് പുറപ്പെട്ടേ-
നേശുവിൻ പിന്നാലെയാസാന്ധ്യമാം പ്രകാശത്തിൽ.
പിന്നെയെത്രയോദിനരാത്രങ്ങൾ പിന്നിട്ടെങ്ങൾ
ആനാട്ടിലെല്ലാമുക്കും മൂലയും സന്ദർശിച്ചു.
നാഥനെൻമാറിൽ തന്റെ ക്ഷീണിതശിരസ്സേന്തി
വിശ്രമിച്ചൊരുനല്ലനാളുകളോർക്കുന്നേൻ ഞാൻ.
അന്നതിന്നുഞാൻ പോരും; യൗവ്വനസുശക്തമെൻ
മേനി–; യിന്നാകട്ടെഞാൻ ദുർബ്ബലൻ, വൃദ്ധൻ, നാഥാ!
ചായ്ക്കട്ടെ മമദേഹം താവക ഭുജത്തിങ്കൽ
–ബലിഷ്ഠം, സുശക്തം–ഞാൻ വിശ്രമിക്കട്ടെ നിന്നിൽ.
യേശുവിൻ സ്നേഹപ്രകർഷത്തെ ഞാൻ സ്മരിക്കുമ്പോൾ
പ്രേഷിതപ്രവൃത്തിക്കായ് വെമ്പൽ കൊള്ളുന്നൂമനം.
ശൃംഗാടകത്തിലേക്കാനയിക്കുവിൻ
അർത്ഥിക്കുന്നേൻ മക്കളേ! എന്നെയാതൊരുവിന്റെ നിങ്ങൾ.
ചെറ്റുയുർത്തുവിൻ നിങ്ങളെൻ ശിരസ്സിപ്പോൾ; ഞാനെൻ
നാഥന്റെ സുവിശേഷസന്ദേശമുയർത്തട്ടെ.
"സ്വന്തപുത്രനെത്തന്നെതരുവാൻ പോലും ദൈവ-
മത്രകണ്ടീലോകത്തെ നിത്യമായ് സ്നേഹിച്ചഹോ!
ആകയാൽ തമ്മിൽത്തമ്മിൽ സ്നേഹിപ്പിൻ മനുജരെ
ദൈവത്തെസ്നേഹിക്കുവിൻ, മാനവനെയും തുല്ല്യം."
മാമകം പ്രവൃത്തി ഞാൻ തികച്ചു; വിരമിപ്പൂ;

തിരിച്ചെൻ ഗേഹത്തിലേയ്ക്കെന്നെയാനയിക്കുവിൻ
വീഥിയിൽ ജനമെന്നെയെന്തിതാവിളിക്കുന്നു?
"വിശുദ്ധയോഹന്നാ" നെന്നെന്നെയോ, ശാന്തം! പാപം!
തടസ്സപ്പെടുത്തുവിൻ നിങ്ങളാനാമം, ദ്രുതം,
"യേശുവിൻപ്രിയ'നെന്നു വിളിക്കട്ടെമേ ലോകം.
എന്നെയെൻ കിടക്കയിൽ ശയിപ്പിക്കുവിൻ വീണ്ടും
പൂർവ്വദിക്കിലേ ജനൽ തുറക്കിൻ വിസ്താരമായ്.
തേജസ്സൊന്നലൗകികം, പത്മോസിലെപ്പോലെ താൻ
ഓജസ്സോടെതിരേറ്റുവരുന്നു, നിത്യാനന്ദം!
മോദിപ്പൂ, മരുവിൽ വന്നന്നു ഗബ്രിയേലിന്റെ
അംസത്തെ സ്പർശിച്ചപ്പോൾ; അപ്പോലെ മനം പാരം.
കുഞ്ഞാടിന്നനന്തമാം മഹത്ത്വം വാഴ്ത്തിപ്പാടും
സംഗീതമാധുര്യത്തിൻ നിർത്ധരിശ്രവിക്കുന്നു.
ഞാനുമാസമൂഹത്തിലിപ്പോഴേ ലയിക്കുന്നു
ദിവ്യശോഭാകീർണ്ണമാം രഥ്യയിലെത്തീ ഞാനും
എന്തൊരാശ്ചര്യം, നിത്യസന്തോഷമീക്ഷിപ്പഹം,
അപ്പോസ്തലന്മാർ പതിനൊന്നു പേർ സുഹൃത്തുക്കൾ!
അന്ത്യമായ് ഞാനും ചേർന്നാപാവന സമൂഹത്തിൽ
ഗുരുവിൻ ചാരേ മേശയ്ക്കരികേവീണ്ടും വന്നു.
ഞാനെന്റെ കർത്താവിന്റെ തൊട്ടടുത്താണിപ്പോഴും
എന്താവാച്യമാം പ്രഭാപുരമെൻനാഥന്നാസ്യേ
ഹാ, ഇതെന്തൊരാനന്ദം, ഹാ, എന്തുദിവ്യപ്രഭ!
നിത്യമാം സൗഭാഗ്യത്തിന്നവകാശിയായ് ഞാനും.

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 6.30 AM |

# അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| ചൊവ്വ | SW 25 മീറ്റർ | : 7.45 PM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ്
കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM - 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30 PM - 5.00 PM | |
| മൂന്നാം ഞായറാഴ്ച | 12.30 PM - 5.00 PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00 PM - 8.00 PM | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.30 AM - 1.00 PM | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00 PM - 8.00 PM | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30 AM – 9.00 PM | |